വേദപ്രചാര

# മദ്ധ്യസ്ഥൻ

വാല്യം 94 ലക്കം 02 2021 ആഗസ്റ്റ്



The official organ of the Archeparchy of Changanacherry



ആഗസ്റ്റ് 14 ന് ജന്മദിനമാഘോഷിക്കുന്ന

## അഭിവന്ദ്യ പവ്വത്തിൽ പിതാവിന്

അതിരൂപതാ കുടുംബത്തിന്റെ ആശംസകൾ



"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉല്പത്തി 41:55)

ആത്മാവിലും സത്യത്തിലും
IN SPIRIT AND TRUTH

# വേദപ്രചാര മദ്ധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത

**സ്ഥാപിതം: മെയ് 20 1887**

**വാല്യം 94 • ലക്കം 02 • ആഗസ്റ്റ് 2021**

വേദപ്രചാര
മദ്ധ്യസ്ഥൻ
ചങ്ങനാശേരി അതിരൂപതാ മുഖപത്രം

## ഉള്ളടക്കം

സർക്കുലർ (സിനഡിന്റെ വിജയത്തിനായി പ്രാർഥനാമാസം) ............................ 05
കെ.സി.ബി.സി. സർക്കുലർ (Ref: 3540/K-5/KCBC/OL/DS) ............................ 07
കെ.സി.ബി.സി. സർക്കുലർ (തടവറ പ്രേഷിതദിനം) ............................ 12
കെ.സി.ബി.സി. സർക്കുലർ (ജസ്റ്റീസ് സൺഡേ) ............................ 17
പിതാവിന്റെ കത്ത് (C.21/GL 144) ............................ 21
കച്ചേരിക്കാര്യം ............................ 22
വെബിനാർ റിപ്പോർട്ട് ............................ 24
അൽമായ വചനപ്രഘോഷകരുടെ സംഗമം റിപ്പോർട്ട് ............................ 27
ഗായകസംഘത്തിന്റെ സമ്മേളന റിപ്പോർട്ട് ............................ 28
പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് ............................ 29
പബ്ലിക് റിലേഷൻസ് - ജാഗ്രതാസമിതി ............................ 31
സന്ദേശനിലയം ............................ 32
ചെറുപുഷ്പ മിഷൻലീഗ് ............................ 35
ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ ............................ 37
ഫാമിലി അപ്പോസ്റ്റലേറ്റ് ............................ 40
യുവദീപ്തി ............................ 42
കെ.സി.എസ്.എൽ ............................ 44
ചാസ് ............................ 45
കെ.എൽ.എം. ............................ 51
സെന്റ് തോമസ് ഹോസ്പിറ്റൽ ............................ 53
പ്രവാസി അപ്പോസ്തലേറ്റ് ............................ 55
ആത്മതാകേന്ദ്രം ............................ 56
കത്തോലിക്കാ കോൺഗ്രസ് ............................ 57
ഫ്രാൻസിസ്കൻ അല്മായസഭ ............................ 59
വിൻസെൻഷ്യൻ വേദി ............................ 61
കരിസ്മാറ്റിക് നവീകരണം ............................ 63
ദീപിക ഫ്രണ്ട്സ് ക്ലബ്ബ് ............................ 64
പൗരോഹിത്യ ആദ്ധ്യാത്മികത ............................ 66
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ............................ 72

Annual Subscription: Rs. 300/-

Archbishop's House, P.B. No. 20, Changanacherry - 686 101
Tel: 0481 - 2420040, 2420379, 2420614
Fax: 2422540 E-mail: bpjperumthottam@gmail.com
Website: www.archdiocesechanganacherry.org

Prot. No. 0793/2021 20 ജൂലൈ 2021

## സർക്കുലർ

# സിനഡിന്റെ വിജയത്തിനായി പ്രാർഥനാമാസം

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോ മലബാർ സഭയിലെ മെത്രാന്മാരുടെ 29-ാം സിനഡിന്റെ രണ്ടാം സമ്മേളനം 2021 ഓഗസ്റ്റ് 16 മുതൽ 27 വരെ തീയതികളിൽ ഓൺലൈനായി നടക്കുകയാണ്. കേരളത്തിലെ 13 രൂപതകളിലെയും കേരളത്തിനു പുറത്ത് ഇന്ത്യയിലുള്ള 18 രൂപതകളിലെയും ഇന്ത്യയ്ക്കു വെളിയിലുള്ള 4 രൂപതകളിലെയും യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേഷനിലെ 46 മെത്രാന്മാരും റിട്ടയർ ചെയ്ത 16 മെത്രാന്മാരും ഉൾപ്പെടെ 62 പേരാണ് സിനഡിൽ സംബന്ധിക്കുന്നത്.

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ 2020 ഓഗസ്റ്റിലും 2021 ജനുവരിയിലും ഓൺലൈനായിട്ടാണു സിനഡുസമ്മേളനങ്ങൾ നടന്നത്. കോവിഡ് പകർച്ചവ്യാധിമൂലമുള്ള യാത്രാനിയന്ത്രണങ്ങൾ കർശമായി തുടരുന്നതിനാലാണ് ഇത്തവണയും സിനഡ് ഓൺലൈനായി നടത്താൻ തീരുമാനമായിരിക്കുന്നത്.

നമ്മുടെ സഭയുടെ നവീകരിക്കപ്പെട്ട കുർബാനക്രമത്തിനു പരിശുദ്ധ സിംഹാസനം അംഗീകാരം നൽകിയിട്ടുണ്ട്. പുതുക്കിയ കുർബാനക്രമം നടപ്പിൽ വരുന്നതോടൊപ്പം നമ്മുടെ എല്ലാ രൂപതകളിലും സമർപ്പിത ഭവനങ്ങളിലും ഒരേ രീതിയിൽ വിശുദ്ധ കുർബാന അർപ്പിക്കണമെന്നു 2021 ജൂലൈ 3-ന് പുറപ്പെടുവിച്ച തിരുവെഴുത്തിലൂടെ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പാ പ്രത്യേകമായ ആഹ്വാനം നൽകിയിട്ടുണ്ടല്ലോ. പരിശുദ്ധ പിതാവിന്റെ ഈ ആഹ്വാനം നടപ്പിൽ വരുത്തുന്നതിനുള്ള തീയതി ആഗസ്റ്റു മാസത്തിലെ സിനഡിൽ തീരുമാനിക്കുന്നതാണ്. നമ്മുടെ സഭയിൽ എല്ലാ തലങ്ങളിലും പൂർണ്ണമായ ഐക്യം കൈവരുന്നതിനും സഭയുടെ പ്രേഷിത ചൈതന്യം പരിപോഷിപ്പിക്കുന്നതിനും ഉപയുക്തമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് എല്ലാവരുടെയും പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.

അതിനായി, 2021 ജൂലൈ മാസം 27 മുതൽ സിനഡു സമാപിക്കുന്ന ഓഗസ്റ്റ് 27 വരെ നീണ്ടുനില്ക്കുന്ന ഒരു മാസത്തെ പ്രാർഥനാചരണത്തിനായി ഏവരെയും ആഹ്വാനം ചെയ്യുന്നു. ഈ ഒരു മാസത്തിലെ വെള്ളിയാഴ്ചകളിൽ സാധിക്കുന്നവരെല്ലാം ഉപവാസമെടുക്കുന്നതും ഉചിതമായിരിക്കും.

സീറോ മലബാർ സഭയ്ക്കു പ്രത്യേകമായി എഴുതിയ കത്തിൽ തനിക്കുവേണ്ടി പ്രാർഥിക്കണമെന്നു പരിശുദ്ധ പിതാവ് അഭ്യർത്ഥിച്ചിരുന്നല്ലോ. അടുത്തകാലത്ത് ഒരു ശസ്ത്രക്രിയയ്ക്കു വിധേയനായ പരിശുദ്ധ പിതാവ് എത്രയും വേഗം ആരോഗ്യം പൂർണ്ണമായും വീണ്ടെടുക്കുന്നതിനും സാർവ്വത്രികസഭയിലെ നേതൃത്വ ശുശ്രൂഷ ഫലപ്രദമായി തുടർന്നും നിർവഹിക്കുന്നതിനും വേണ്ടി നമുക്കു പ്രത്യേകം പ്രാർത്ഥിക്കാം.

പരിശുദ്ധ കന്യകാമറിയത്തിന്റെയും വി. യൗസേപ്പിതാവിന്റെയും ഭാരതത്തിന്റെ അപ്പസ്തോലനായ മാർ തോമാശ്ലീഹായുടെയും നമ്മുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും പ്രാർത്ഥനയാൽ നമ്മുടെ സഭ മുഴുവനിലും പ്രത്യേകിച്ചു സിനഡുസമ്മേളനത്തിലും ദൈവത്തിന്റെ കാരുണ്യവും അനുഗ്രഹവും വർഷിക്കപ്പെടാൻ ഇടയാകട്ടെ.

ഈശോയിൽ സ്നേഹപൂർവ്വം,

**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്

---

***N:B:*** *2021 ജൂലൈ 25-ാം തീയതി ഞായറാഴ്ച പരിശുദ്ധ കുർബാനമദ്ധ്യേ വായിക്കാനായി നല്കിയിരുന്ന സർക്കുലർ*

Ref: 3540/K-5/KCBC/OL/DS 26.07.2021

**കേരള സർക്കാരിന്റെ 2019-ലെ കർഷക ക്ഷേമനിധി ആക്ടിനാൽ സ്ഥാപിതമായ കർഷക ക്ഷേമനിധി ബോർഡിൽ അർഹരായ ചെറുകിട - നാമമാത്ര കർഷകർക്ക് അംഗത്വം നേടുന്നതിന് സഹായകരമായ വിവരങ്ങൾ ജനങ്ങൾക്ക് നല്കുന്നതിനുവേണ്ടി കെസിബിസി ജസ്റ്റിസ് പീസ് ആൻഡ് ഡവലപ്മെന്റ് കമ്മീഷൻ, ലേബർ കമ്മീഷൻ, ഇൻഫാം എന്നിവയുടെ ചെയർമാന്മാർ ചേർന്ന് പുറപ്പെടുവിക്കുന്ന സർക്കുലർ**

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

കാർഷികവൃത്തിയെ വളരെ ഉത്കൃഷ്ടമായ ഒരു ഉപജീവനമാർഗ്ഗമായി പരിഗണിക്കുന്നതും അന്നം നല്കുന്ന കർഷകനെ ആദരിക്കുന്നതുമാണ് കേരളസംസ്കാരം. എന്നാൽ കർഷക ജനതയുടെ നിലനില്പും സുരക്ഷയും പലകാരണങ്ങളാൽ ഭീഷണിയിലാണ്. ആപത്കരമായ ഈ പ്രവണതയ്ക്ക് മാറ്റം ഉണ്ടാകണം. ലോകമാസകലം ചർച്ചയ്ക്ക് വിഷയീഭവിപ്പിച്ച ഫ്രാൻസിസ് മാർപാപ്പായുടെ അതിമനോഹരമായ ചാക്രികലേഖനം 'ലൗദാത്തോ സി'യുടെ അഞ്ചാം വർഷത്തിൽ കേരള സഭയും കാർഷിക ആഭിമുഖ്യത്തിൽ കൂടുതൽ ഊർജ്ജസ്വലതയോടെ മുന്നേറാൻ ആഗ്രഹിക്കുന്നു. കൃഷിയെ സഭയുടെ ഒരു പ്രേഷിത പ്രവർത്തനമായി കാണണം. കർഷകന് അർഹമായ അവകാശങ്ങളും ആനുകൂല്യങ്ങളും ക്ഷേമപദ്ധതികളും ലഭിക്കുന്നുവെന്ന് സർക്കാരും സമൂഹവും ഉറപ്പാക്കണം. അതിനുതകുന്ന ഒരു അവസരമായാണ് കേരളസർക്കാരിന്റെ പുതിയ കർഷക ക്ഷേമനിധി ബോർഡിനെ സഭ കാണുന്നത്.

കേരളസംസ്ഥാനത്ത് കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ ക്ഷേമത്തിനും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നല്കുന്നതിനായും കാർഷികവൃത്തിയിലേക്ക് യുവതലമുറയെ ആകർഷിക്കുന്നതിനായും വ്യവസ്ഥ ചെയ്യുന്ന ഒരു ആക്ടിന്റെ അടിസ്ഥാനത്തിൽ കർഷക ക്ഷേമനിധിബോർഡ് വഴി നടപ്പാക്കുന്ന കർഷക പെൻഷൻ പദ്ധതിയിൽ അപേക്ഷിക്കാവുന്നതാണ്. ക്ഷേമനിധിയിൽ അംഗങ്ങളാകുന്നവർക്ക് 60 വയസ്സിനുശേഷം പ്രതിമാസം ചുരുങ്ങിയത് 5000/- രൂപാ പെൻഷൻ നല്കുവാനാണ് ബോർഡ് ഉദ്ദേശിക്കുന്നത്. അഞ്ച് വർഷത്തിൽ കുറയാതെ അംശാദായം അടച്ചവർക്ക് 60 വയസ്സ് തികയുമ്പോൾ അംശാദായത്തിന്റെയും വർഷത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും പെൻഷൻ. ക്ഷേമനിധിബോർഡിൽ അംഗത്വ

പ്രക്രിയ പൂർണ്ണമായാൽ കർഷകർക്ക് സർക്കാർ ഇപ്പോൾ നല്കുന്ന പ്രതിമാസ കർഷക പെൻഷൻ ഈ ബോർഡ് വഴിയാകും വിതരണം ചെയ്യുക. തൃശ്ശൂർ ആസ്ഥാനമായി കർഷക ക്ഷേമനിധി ബോർഡ് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. (ഫോൺ നമ്പർ: 0487-2320500). കർഷകർക്കെല്ലാം വളരെ ആശ്വാസവും ആവേശവും പകരുന്ന പദ്ധതിയാകും ഇതെന്ന് കരുതുന്നു.

കേരള സർക്കാർ 2019 ഡിസംബർ 20-ന് പുറപ്പെടുവിച്ച ഗസറ്റ് വിജ്ഞാപനത്തിൽ പ്രതിപാദിച്ചിട്ടുള്ള ചില കാര്യങ്ങൾ നിങ്ങളുടെ അറിവിലേക്കായി ചുവടെ ചേർക്കുന്നു: കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കേണ്ടതാണ്. (www.kfwfb.kerala.gov.in)

### 1) ആരാണ് കർഷകൻ?

സ്വന്തമായോ വാക്കാൽ പാട്ടത്തിനോ സർക്കാർ പാട്ടഭൂമിയിലോ കൃഷി ചെയ്യുന്നവർ. അഞ്ച് സെന്റ് മുതൽ 15 ഏക്കർ വരെയുള്ള ഭൂമിയിൽ കൃഷി ചെയ്യുന്നവർ. എന്നാൽ റബർ, കാപ്പി, തേയില, ഏലം എന്നീ തോട്ടവിളകളുടെ കാര്യത്തിൽ പരിധി ഏഴര ഏക്കറാണ്. കൃഷി പ്രധാന ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളവർ. പ്രതിവർഷം അഞ്ച് ലക്ഷം രൂപയിൽ കവിയാത്ത വരുമാനമുള്ളവർ. മൂന്നു വർഷത്തിൽ കുറയാതെ കൃഷി ചെയ്യുന്നവർ. ഇവർക്ക് ക്ഷേമനിധിയിൽ അംഗങ്ങളാകാം.

### 2) ഏതെല്ലാം കൃഷികൾ?

നെൽകൃഷി, ഉദ്യാനകൃഷി, കന്നുകാലി വളർത്തൽ (ക്ഷീരകർഷകർ), ഫലവൃക്ഷങ്ങൾ, പച്ചക്കറി, വാഴ, ഇഞ്ചി, കപ്പ അടക്കമുള്ള കിഴങ്ങുവർഗങ്ങൾ, മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നവർ, തീറ്റപ്പുല്ല് കൃഷി ചെയ്യുന്നവർ വൃക്ഷങ്ങൾ നട്ടുവളർത്തൽ, മത്സ്യം, അലങ്കാര മത്സ്യം, ചിപ്പി, കക്ക, തേനീച്ച, പട്ടുനൂൽ പുഴു, കോഴി, താറാവ്, ആട് കൃഷി ഉൾപ്പെടെ എല്ലാം.

### 3) ആർക്കെല്ലാം അംഗത്വം?

18 മുതൽ 55 വരെ വയസ്സുള്ള ഏതൊരു കർഷകനും അംഗമായി രജിസ്റ്റർ ചെയ്യാം. ഓരോ കർഷകനും പ്രതിമാസം കുറഞ്ഞത് നൂറു രൂപ അടയ്ക്കണം. ഇതിലേക്ക് അടയ്ക്കുന്ന തുകയ്ക്ക് ആനുപാതികമായി പ്രതിമാസം പരമാവധി 250/- രൂപ സർക്കാർ വിഹിതമായി വരും. അർധവാർഷികമായോ വർഷത്തിൽ ഒരിക്കലോ സൗകര്യംപോലെ അടയ്ക്കാം. കൂടുതൽ തുകയും അടയ്ക്കാവുന്നതാണ്. കർഷകർക്ക് സ്മാർട്ട് ഫോണിലൂടേയോ കമ്പ്യൂട്ടർ വഴിയോ നേരിട്ട് ഓൺലൈനായി രജിസ്റ്റർ ചെയ്യുവാനും വിഹിതം അടയ്ക്കുവാനും വിവരങ്ങൾ അറി

യുവാനുമുള്ള പോർട്ടൽ സംവിധാനവും ഉണ്ടാകും. അക്ഷയകേന്ദ്രങ്ങളിലും സേവനം ലഭ്യമാകും.

**4) അംഗമാകുവാൻ ആവശ്യമായ രേഖകൾ എന്തെല്ലാം?**

(a) കർഷകരാണെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം:

* ക്ഷീരകർഷകരാണെങ്കിൽ ഡയറി എക്സ്റ്റൻഷൻ ഓഫീസറുടെ സർട്ടിഫിക്കറ്റ് വാങ്ങണം.
* ആട്, കോഴി, താറാവ് എന്നീ കർഷകർ വെറ്ററിനറി ഡോക്ടറുടെ സർട്ടിഫിക്കറ്റ് വാങ്ങണം.
* മത്സ്യകൃഷി നടത്തുന്നവർ ഫിഷറീസ് ഇൻസ്പെക്ടറുടെ സർട്ടിഫിക്കറ്റ് വാങ്ങണം.
* മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നവർ താലൂക്ക് ഇൻഡസ്ട്രീസ് ഓഫീസറുടെ സർട്ടിഫിക്കറ്റ് വാങ്ങണം.

(b) അഞ്ച് ലക്ഷത്തിൽ താഴെയുള്ള വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്

(c) ആധാർ പകർപ്പ്

(d) വയസ്സ് തെളിയിക്കുന്നതിന് രേഖയായി ഐഡന്റിറ്റി കാർഡ് / എസ്.എസ്.എൽ.സി ബുക്ക് കോപ്പി

(e) കരം അടച്ച രസീത്

(f) രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ

(g) രജിസ്ട്രേഷൻ ഫീസ് 100/- രൂപ

**(5) അംഗത്വ കാർഡ്:**

വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ എന്നിവർ ആവശ്യമായ പരിശോധനകൾ നടത്തി വിവരങ്ങൾ ശരിയാണെന്നു കണ്ടെത്തിക്കഴിഞ്ഞാൽ അംഗത്വം ലഭിക്കുന്നവർക്ക് അംഗത്വ കാർഡ് നൽകും.

**6) ആനുകൂല്യങ്ങൾ:**

(a) ക്ഷേമനിധിയിൽ കുടിശ്ശികയില്ലാതെ അംഗമായി തുടരുകയും 60 വയസ്സ് പൂർത്തിയാക്കുകയും ചെയ്ത കർഷകർക്ക് അടച്ച അംശാദായത്തിന് ആനുപാതികമായി പെൻഷൻ ലഭിക്കും; എങ്കിലും കുറഞ്ഞ പെൻഷൻ മാസം തോറും 5000 രൂപയെങ്കിലും ആയിരിക്കും (ഭാവിയിൽ അതു വർധിക്കും).

(b) അംഗമാകുന്ന കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ.

(c) മക്കളുടെ വിദ്യാഭ്യാസ സഹായം

(d) അംഗങ്ങളായ വനിതകളുടെയും അംഗങ്ങളുടെ പെൺമക്കളുടെയും വിവാഹസഹായം

(e) അംഗങ്ങളായ വനിതകളുടെ പ്രസവത്തിന് രണ്ട് തവണ ആനുകൂല്യം ലഭിക്കും.

(f) ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് അംഗീകൃത സർവ്വകലാശാലകളിലെ പഠനത്തിന് വിദ്യാഭ്യാസ ധനസഹായവും ഈ പദ്ധതി ഉറപ്പാക്കുന്നു.

(g) കുറഞ്ഞത് അഞ്ചുവർഷം അംശാദായം കുടിശ്ശികയില്ലാതെ അടച്ച ശേഷം മരണമടയുന്ന അംഗത്തിന്റെ കുടുംബത്തിന് കുടുംബ പെൻഷൻ ലഭിക്കുമെന്നത് കർഷകകുടുംബങ്ങൾക്ക് വളരെയേറെ ആശ്വാസം നൽകുന്നതാണ്.

(h) പെൻഷൻ തിയതിക്ക് മുമ്പ് അനാരോഗ്യം കാരണം കാർഷിക വൃത്തിയിൽ തുടരാൻ കഴിയാത്തവർക്ക് 60 വയസ്സുവരെ പ്രതിമാസം പെൻഷൻ ലഭിക്കും.

(i) രോഗം മൂലമോ അപകടം മൂലമോ ശാരീരിക അവശത ഉണ്ടാകുന്നവർക്ക് അവശത ആനുകൂല്യം ലഭിക്കും. ബോർഡ് തീരുമാനിക്കുന്ന ലൈഫ് ഇൻഷ്വറൻസ്, മെഡിക്കൽ ഇൻഷ്വറൻസ് പരിരക്ഷയിൽ ചേരുന്ന അംഗങ്ങൾക്ക് ചികിത്സാ സഹായവും ലഭിക്കും.

പ്രിയ സഹോദരങ്ങളെ,

കർഷക ക്ഷേമനിധി ബോർഡിൽ നാമമാത്ര – ചെറുകിട കർഷകർക്ക് അംഗത്വം ലഭിക്കുന്നതിനും ആനുകൂല്യങ്ങൾ വാങ്ങിയെടുക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ സഭാ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. സംസ്ഥാനതലത്തിൽ കേരള സോഷ്യൽ സർവ്വീസ് ഫോറം, കേരള ലേബർ മൂവ്മെന്റ്, ഇൻഫാം എന്നീ പ്രസ്ഥാനങ്ങൾ ചേർന്ന് പ്രവൃത്തിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എല്ലാ രൂപതകളിലും ചെറുകിട കർഷകരെ ഈ ക്ഷേമനിധി ബോർഡിൽ അംഗത്വം നേടുന്നതിന് ആവശ്യമായ രജിസ്ട്രേഷൻ നടപടികൾ ചെയ്തു കൊടുക്കുന്നതിന് രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റി, കെ.എൽ.എം., ഇൻഫാം എന്നിവയുടെ ആഭിമുഖ്യത്തിൽ ആവശ്യാനുസരണം ഹെൽപ്പ് ഡെസ്ക്കുകൾ രൂപീകരിച്ച് പ്രവൃത്തിക്കുക.

എത്ര പേർക്ക് ഈ ക്ഷേമനിധിയിൽ അംഗത്വം നേടിക്കൊടുത്തുവെന്ന് സംസ്ഥാനതലത്തിലേക്ക് റിപ്പോർട്ട് ചെയ്യുക.

പ്രതികൂലമായ കാലാവസ്ഥ, വന്യജീവി ശല്യം, വിലത്തകർച്ച എന്നിവ അതിജീവിച്ച് കാർഷികവൃത്തിയനുഷ്ഠിച്ച് സമൂഹത്തെ തീറ്റിപ്പോറ്റുന്ന കർഷകജനതയ്ക്ക് സാധ്യമായ സാമൂഹ്യസുരക്ഷ ഏർപ്പെടുത്തുന്നതിന് നമുക്ക് ഒത്തൊരുമിച്ച് പ്രവൃത്തിക്കാം.

ഈശോമിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ് മാർ ജോസ് പുളിക്കൽ,**
ചെയർമാൻ, ജെ.പി.ഡി. കമ്മീഷൻ

**ബിഷപ് ഡോ. അലക്സ് വടക്കുംതല,**
ലേബർ കമ്മീഷൻ

**ബിഷപ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ,**
എപ്പിസ്കോപ്പൽ അഡ്വൈസർ, ഇൻഫാം

പി.ഒ.സി., കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം,
കൊച്ചി - 682 025

Ref: 3543/K-5/KCBC/OL/ 26.07.2021

**8 ആഗസ്റ്റ് 2021 ഞായർ**

# തടവറ പ്രേഷിതദിനം

## തടവറ പ്രേഷിത ദിനത്തോടനുബന്ധിച്ച് കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

''കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു'' (ലൂക്കാ 4:18 –19). ഏശയ്യായുടെ പുസ്തകത്തിൽ കാണുന്ന ഈ വചനങ്ങൾ ഉദ്ധരിച്ചുകൊണ്ടാണ് ഈശോ തന്റെ പരസ്യദൗത്യം ആരംഭിക്കുന്നത്. തടവറയിൽ കഴിയുന്ന മക്കളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന ഈശോയെ സുവിശേഷത്തിൽ നാം കാണുന്നു. തന്റെ അവസാന 18 മണിക്കൂറുകൾ ഈശോ ചെലവഴിച്ചത് തടവറയിലായിരുന്നു. ഒരു കുറ്റവാളിയെന്ന വിധിയും കുരിശുമരണവുമാണ് അവിടുത്തെ കാത്തിരുന്നത്. 'മഹനീയനായ തടവുകാരൻ'ആണ് ഈശോ; പരിശുദ്ധനായ തടവുകാരൻ. അവിടുന്ന് കാരാഗൃഹത്തിലടയ്ക്കപ്പെട്ടപ്പോൾ പാപാന്ധകാരത്തിന്റെ തടവറയിൽ നിന്ന് മനുഷ്യവംശം മോചനം നേടി. കുറ്റവാളിയായി അവിടുന്ന് മരിച്ചതിനാൽ നമ്മൾ കുറ്റവിമുക്തരായി. നമ്മുടെ നീതീകരണത്തിനായി പാപമില്ലാത്തവനെ ദൈവം പാപമാക്കി (2 കോറി. 5:21).

''തടവുകാരോട് നിങ്ങളും അവരോടൊപ്പം തടവറയിലെന്നപോലെ പെരുമാറുവിൻ'' (ഹെബ്രാ. 13:3) എന്ന ദൈവവചനം എത്രയധികം അവരെ കരുതുകയും സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യണം എന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നു. തടവുകാരുടെ ദയനീയ അവസ്ഥ നാം തിരിച്ചറിയേണ്ടതാണ്. അവർ നേരിടുന്ന അപമാനം, പ്രതീക്ഷയില്ലായ്മ, നിസ്സഹായ മനോഭാവം, മനുഷ്യത്വത്തിന് യോജിക്കാത്ത അവസ്ഥകൾ, അവരുടെ കുടുംബത്തിന്റെ അവസ്ഥ എന്നിവ നമ്മെ അസ്വസ്ഥരാക്കണം. കർത്താവ് ചോദിക്കുന്നു: ഞാൻ കാരാഗൃഹത്തി

ലായിരുന്നു നിങ്ങൾ എന്നെ സന്ദർശിച്ചോ? (cf: മത്താ 25: 36). സാഹചര്യങ്ങളുടെ സമ്മർദം കൊണ്ടാണ് ഒട്ടുമിക്കവരും കുറ്റകൃത്യങ്ങൾക്ക് അടിമകളായിത്തീർന്നത്. അവർക്കുവേണ്ടിയും അവരുടെ കുടുംബങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കാനും അവരെ സഹായിക്കാനും നമുക്ക് കടമയുണ്ട്. സുപ്രധാനമായ ഈ ദൗത്യം നമ്മെ ഓർമ്മിപ്പിക്കുന്നതിനുവേണ്ടി ഭാരത കത്തോലിക്കാസഭ തടവറപ്രേഷിത പ്രവർത്തനങ്ങളുടെ മധ്യസ്ഥനായ വി. മാക്സ് മില്ല്യൻ മരിയ കോൾബെയുടെ തിരുനാൾ ദിനമായ ആഗസ്റ്റ് 14 നു മുൻപ് വരുന്ന ഞായറാഴ്ച തടവറ പ്രേക്ഷിത ദിനമായി ആഘോഷിക്കുകയാണ്.

കോവിഡ്-19ന്റെ പശ്ചാത്തലത്തിൽ നാമെല്ലാവരും ഒരർത്ഥത്തിൽ പരിമിതികളുടെയും ആശങ്കകളുടെയും രോഗങ്ങളുടെയും തടവറയിലാണ്. തടവറയിൽ കഴിയുന്ന സഹോദരങ്ങളെ കാരുണ്യപൂർവ്വം ഓർമ്മിക്കാൻ ഈ നാളുകളിലെ അനുഭവങ്ങൾ നമ്മെ സഹായിക്കുന്നു. 2019 ലെ സ്ഥിതിവിവരക്കണക്കുകൾ പ്രകാരം ഇന്ത്യയിലെ ജയിലുകളിലുള്ള തടവുകാരിൽ എഴുപതു ശതമാനം ആളുകളും വിചാരണ നേരിട്ട് കൊണ്ടിരിക്കുന്നവരും കുറ്റാരോപിതരുമാണ്. മുപ്പത് ശതമാനം പേർ മാത്രമാണ് നിയമത്തിന്റെ മുൻപിൽ കുറ്റക്കാരെന്ന് വിധിക്കപ്പെട്ടിട്ടുള്ളത്. നിരപരാധികളായ അനേകം മനുഷ്യർ ഇന്ന് ജയിലുകളിൽ വിചാരണ നേരിട്ടുകൊണ്ടിരിക്കുന്നു. കുറ്റാരോപിതർ എല്ലാവരും കുറ്റക്കാരാണ് എന്ന സമൂഹത്തിന്റെ മനോഭാവം അപലപനീയമാണ്. കുറ്റാരോപിതനായി മുംബൈയിലെ തലോജ ജയിലിൽ അടയ്ക്കപ്പെട്ട മനുഷ്യാവകാശ പ്രവർത്തകനും ഈശോസഭാംഗവുമായ ഫാ. സ്റ്റാൻ സ്വാമിയുടെ വിയോഗം നമ്മെ ഏറെ ദുഃഖത്തിലാഴ്ത്തി. തടവറയിൽ അടയ്ക്കപ്പെട്ട മനുഷ്യരുടെ ദയനീയാവസ്ഥയെക്കുറിച്ച് ഈ സംഭവം നമ്മെ ഓർമ്മപ്പെടുത്തുന്നു.

പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ 'എല്ലാവരും സോദരർ' എന്ന തന്റെ ചാക്രികലേഖനത്തിൽ വധശിക്ഷയെക്കുറിച്ച് ഇപ്രകാരം പറയുന്നു: ''എല്ലാ ക്രൈസ്തവവിശ്വാസികളും നന്മ ആഗ്രഹിക്കുന്നവരും നിയമപരവും അല്ലാതെയുമുള്ള എല്ലാത്തരം വധശിക്ഷയും നിരോധിക്കാനുള്ള പ്രവർത്തനങ്ങളിൽ ഇന്ന് സജീവമായി ഏർപ്പെടുകയും, മാത്രമല്ല ജയിൽ സാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ശബ്ദമുയർത്തുകയും ചെയ്യുന്നവരാകണം. കാരണം സ്വാതന്ത്ര്യം ഹനിക്കപ്പെട്ട് ജയിൽവാസം അനുഭവിക്കുന്നവർക്ക് മനുഷ്യാന്തസ്സ് നിലനിർത്തുവാനുള്ള അവകാശമുണ്ട്. ഒരു കൊലപാതകിപോലും അവന്റെ മനുഷ്യാന്തസ്സ് നഷ്ടപ്പെടുത്തുന്നില്ല. ഏറ്റവും കൊടിയ കുറ്റവാളിക്കുള്ള അന്തസ്സ് ഞാൻ നിഷേധിക്കാതിരുന്നാൽ ഏതൊരു മനുഷ്യന്റെയും അന്തസ്സിനെ മാനിക്കാൻ എനിക്കും

സാധിക്കും. എല്ലാ വ്യത്യാസങ്ങൾക്കും അപ്പുറം എല്ലാ മനുഷ്യർക്കും ഈ ഭൂമിയിൽ സഹവസിക്കാനുള്ള സാധ്യത ഞാൻ അംഗീകരിക്കുകയും ചെയ്യും'' (Fratelli Tutti : 268-269). കുറ്റവാളികൾക്ക് കൊടുക്കുന്ന ശിക്ഷകൾ മനുഷ്യാന്തസ്സിനെ മാനിക്കുന്നതും അവരെ മനഃപരിവർത്തനത്തിലേക്കും നന്മയിലേക്കും നയിക്കുന്നതുമാകണമെന്നാണ് പരിശുദ്ധ പിതാവ് ഇവിടെ അർത്ഥമാക്കുന്നത്.

നമ്മുടെ പാപാവസ്ഥയിലേക്ക് ദൈവം ഇറങ്ങി വന്നു! നമ്മൾ നഷ്ടപ്പെട്ടവരായപ്പോൾ ദൈവം താഴേക്കു വന്നു! ദൈവത്തിന്റെ കണ്ണുകളിൽ നമുക്ക് ഒരിക്കലും മൂല്യം നഷ്ടപ്പെടുന്നില്ല, നാം എപ്പോഴും അവിടുത്തെ കാഴ്ചയിൽ വിലപ്പെട്ടവരായി നിലകൊള്ളുന്നു. എന്തെന്നാൽ, ദൈവം അനന്തസ്നേഹമാണ്. അഗ്നിക്ക് ചൂടില്ലാതിരിക്കാൻ കഴിയാത്തതുപോലെ ദൈവത്തിന് സ്നേഹിക്കാതിരിക്കാനും കഴിയില്ല. ഒരുവനും മാനസാന്തരത്തിന് അതീതനല്ല എന്ന ദർശനമാണ് തടവറ പ്രേഷിതത്വം ഉൾക്കൊള്ളുന്നത്. നമ്മുടെ കർത്താവ് 'നല്ലകള്ളന്' പറുദീസ ഉറപ്പുവരുത്തിക്കൊണ്ട് ഒരുവനും രക്ഷയ്ക്ക് അപ്പുറത്തല്ല എന്ന് നമ്മെ പഠിപ്പിക്കുകയും ചെയ്തു. അങ്ങേയറ്റം സുരക്ഷിതത്വമുള്ള തടവറകളുടെ ഭിത്തികൾക്കു പിന്നിൽ കഠിനഹൃദയരായ കുറ്റവാളികൾ പ്രത്യാശയുടെ സന്ദേശവാഹകരായി രൂപാന്തരപ്പെടുന്ന അനുഭവങ്ങളാണ് തടവറപ്രേഷിതപ്രവർത്തനങ്ങൾ പങ്കുവയ്ക്കുന്നത്. ''ആരോഗ്യമുള്ളവർക്കല്ല രോഗികൾക്കാണ് വൈദ്യനെക്കൊണ്ടാവശ്യം. നീതിമാൻമാരെയല്ല, പാപികളെ വിളിക്കാനാണ് ഞാൻ വന്നത്'' (മർക്കോ 2:17) എന്ന ക്രിസ്തുവചനത്തിന്റെ അർത്ഥം നമുക്ക് ആഴമായി ഗ്രഹിക്കാൻ കഴിയണം. ഈശോ ഈ ഭൂമിയിലേക്ക് വന്നതിന്റെ ലക്ഷ്യം പാപികളെ വിളിക്കുകയും നഷ്ടപ്പെട്ടവരെ രക്ഷിക്കുകയും ചെയ്യുക എന്നതായിരുന്നു. കുരിശിൽ കിടന്ന് ''എനിക്ക് ദാഹിക്കുന്നു'' എന്ന് വിലപിച്ച ഈശോ ഇന്ന് തടവറകളുടെ ഇരുണ്ടമുറികളിൽ കഴിയുന്ന ആത്മാക്കളുടെ രക്ഷയ്ക്കായി ദാഹിക്കുന്നുണ്ട്.

തടവറകളുടെ പുനരധിവാസത്തിനും രക്ഷയ്ക്കുംവേണ്ടി നാം എന്താണ് ചെയ്യേണ്ടത്? ദൈവത്തിന്റെ രക്ഷാകര ദൗത്യത്തിന്റെ ശ്രേഷ്ഠമായ ഈ ജോലിയിൽ ഒരു ഭാഗമായിത്തീരാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ മൂന്നുവിധത്തിൽ ശുശ്രൂഷാധർമ്മം നിർവഹിച്ച് നിങ്ങൾക്കത് സാധ്യമാക്കാവുന്നതാണ്.

ഒന്നാമതായി, ഈശോ സാഹോദര്യ കൂട്ടായ്മ അഥവാ തടവറ പ്രേഷിത ശുശ്രൂഷയുടെ ഉത്ഭവം ദിവ്യകാരുണ്യത്തിൽ നിന്നാണ്. ദിവ്യകാരുണ്യത്തിന്റെ മുന്നിൽ ചെലവഴിച്ച മണിക്കൂറുകൾ ഈ ശുശ്രൂഷയുടെ വളർച്ചയ്ക്കുള്ള അനുഗൃഹീതമായ നിമിഷങ്ങളാണ്. ഓരോ സന്ദർശനത്തിനും മുൻപ് അംഗങ്ങൾ പ്രാർത്ഥനയിൽ അഭയം

പ്രാപിക്കുകയും മധ്യസ്ഥ പ്രാർത്ഥന നടത്തുകയും ഉപവസിക്കുകയും ചെയ്യുന്നു. അടിസ്ഥാനപരമായി തടവറപ്രേഷിതകൂട്ടായ്മ എന്നത് ഒരു പ്രാർത്ഥനാ സമൂഹമാണ്. ഈ പ്രാർത്ഥനാ കൂട്ടായ്മയിൽ പങ്കുചേർന്ന് നിങ്ങൾക്കും തടവറ പ്രേഷിതരാകാം.

രണ്ടാമതായി, നിങ്ങൾക്ക് ജയിലുകളും തടവറ പ്രേഷിത കൂട്ടായ്മയുടെ പുനരധിവാസ കേന്ദ്രങ്ങളും തടവറമക്കളുടെ കുട്ടികൾക്കുവേണ്ടിയുള്ള ഭവനങ്ങളും സന്ദർശിക്കാം.''എന്റെ കുടുംബം എന്നെ ഉപേക്ഷിച്ചു; സമൂഹം എന്നെ ഒരു കുറ്റവാളിയായി മാത്രം പരിഗണിക്കുന്നു; നിങ്ങൾ എന്നെ സഹായിച്ചില്ലെങ്കിൽ വേറെ ആരെന്നെ സഹായിക്കും? ഞാൻ ജയിൽ വിമുക്തനാകുമ്പോൾ എനിക്ക് ഒരു ജോലിതരാൻ ആരും ധൈര്യപ്പെടുകയില്ല; ദയവായി എനിക്ക് ഒരു ജോലി സംഘടിപ്പിച്ചു തരാമോ?'' തടവറക്കാർ നടത്തുന്ന ഹൃദയഭേദകമായ ഈ വിലാപം യേശു സാഹോദര്യ കൂട്ടായ്മ ശുശ്രൂഷകരുടെ ഹൃദയങ്ങളെ ചലിപ്പിച്ചു. അതിന്റെ ഫലമാണ് 1991- ൽ സ്ഥാപിച്ച സ്നേഹാശ്രമം എന്ന പുനരധിവാസകേന്ദ്രം. ഇന്ന് കേരളത്തിൽ തടവറ പ്രേഷിത കൂട്ടായ്മ ജയിൽ വിമുക്തരായ വ്യക്തികൾക്കും അവരുടെ മക്കൾക്കുംവേണ്ടി 10 പുനരധിവാസ കേന്ദ്രങ്ങൾ നടത്തുന്നുണ്ട്.

മൂന്നാമതായി, തടവറമക്കളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി തടവറ പ്രേഷിത കൂട്ടായ്മയെ സാമ്പത്തികമായി സഹായിക്കാൻ നിങ്ങൾക്ക് കഴിയും. ഈ പ്രേഷിത കൂട്ടായ്മയുടെ ഒരു അടിസ്ഥാന തത്വം ''പങ്കുവയ്ക്കലാണ്''. തടവറയിൽ കഴിയുന്നവർക്ക് നല്ല ഭാവി സൃഷ്ടിക്കാനും അവരുടെ കുടുംബങ്ങളെ സമുദ്ധരിക്കാനും നമുക്കൊരുമിച്ച് കൈകോർക്കാം. ആളുകളെ വ്യക്തിപരമായി കണ്ടുമുട്ടി സുമനസ്സുകളുടെ സഹായത്തോടെ പദ്ധതികളും ദർശനങ്ങളും യാഥാർത്ഥ്യമാക്കുന്ന ശൈലിയാണ് യേശുസാഹോദര്യത്തിനുള്ളത്. കർത്താവിന്റെ ഈ ചെറിയവർക്കുവേണ്ടി ആത്മാർത്ഥമായി ഉള്ളതിൽ നിന്ന് പങ്കുവയ്ക്കുമ്പോൾ നാം കർത്താവിനുതന്നെയാണ് നൽകുന്നതെന്ന കാര്യം മറക്കാതിരിക്കാം.

കേരളത്തിലെ തടവറകളിൽ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്ന പ്രവർത്തനങ്ങൾക്ക് അംഗീകാരമെന്നവിധം ജയിൽവകുപ്പ് എല്ലാ ജയിലുകളും സന്ദർശിക്കാൻ ഈ കൂട്ടായ്മയ്ക്ക് മാത്രമായി ഒരു പൊതു അനുവാദം നൽകിയിട്ടുണ്ട്. കേരളത്തിലെ 32 രൂപതകളിലും ഡയറക്ടർ അച്ചന്മാരുടെ നേതൃത്വത്തിൽ 50-ഓളം യൂണിറ്റുകളിലായി 1000 ത്തിൽ പരം വോളണ്ടിയർമാർ പ്രത്യക്ഷമായും പരോക്ഷമായും ഈ ശുശ്രൂഷയിൽ പങ്കുചേരുന്നു. നമ്മുടെ എല്ലാ രൂപതകളിൽ നിന്ന് കൂടുതൽ ആളുകൾ ഈ രംഗത്തേക്ക് കടന്നുവരണമെന്ന് അഭ്യർത്ഥിക്കുന്നു. കേരളത്തിലെ ഒൻമ്പത് മേജർ സെമിനാരികളിലും ജീസസ്സ്

ഫ്രട്ടേണിറ്റിയുടെ യൂണിറ്റുകൾ നന്നായി പ്രവർത്തിക്കുന്നുണ്ട്. വൈദിക വിദ്യാർത്ഥികൾ ഈ രംഗത്ത് ചെയ്യുന്ന ശുശ്രൂഷകൾ സ്തുത്യർഹ മാണ്. അനേകം അൽമായരും സമർപ്പിതരും വൈദികരും ഈ പ്രവർത്തനത്തിൽ പങ്കുചേരുന്നു. അവർക്കെല്ലാം ഹൃദയപൂർവ്വകമായ അനുമോദനവും നന്ദിയും അർപ്പിക്കട്ടെ. തടവറ പ്രേഷിത ദിനത്തിൽ ഇടവകകളിൽ നിന്ന് ശേഖരിക്കുന്ന പിരിവുകൊണ്ടാണ് ജീസസ്സ് ഫ്രട്ടേണിറ്റിയുടെ ബഹുമുഖ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നത്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഈ വർഷവും പല പരിമിതികളുമുണ്ട് എന്നത് വസ്തുതയാണ്. എങ്കിലും സാധിക്കുന്ന വിധമുള്ള സംഭാവനകൾ ഓരോ രൂപതയും പി.ഒ.സി യിൽ പ്രവൃത്തിക്കുന്ന ജീസസ്സ് ഫ്രട്ടേണിറ്റിയുടെ സംസ്ഥാന ഓഫീസിലേക്ക് അയച്ചുകൊടുക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. എല്ലാവരുടെയും ഔദാര്യപൂർണ്ണമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുമല്ലോ.

ആഗതമാകുന്ന ഭാരത സ്വാതന്ത്ര്യദിനവും സ്വർഗ്ഗാരോപണത്തിരുന്നാളും നമ്മെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കും നന്മയിലേക്കും നയിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ഏവർക്കും ദൈവാനുഗ്രഹങ്ങൾ സമൃദ്ധമായി ലഭിക്കട്ടെ.

ജീസസ്സ് ഫ്രട്ടേണിറ്റിക്കുവേണ്ടി,

**ബിഷപ് മാർ ജോസ് പുളിക്കൽ**
(ചെയർമാൻ, കെ.സി.ബി.സി ജസ്റ്റിസ്,
പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ആർച്ച്ബിഷപ് ജോസഫ് കളത്തിപ്പറമ്പിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി ജസ്റ്റിസ്,
പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി ജസ്റ്റിസ്,
പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

***N:B:*** *2021 ആഗസ്റ്റ് 8-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.*

# ജസ്റ്റീസ് സൺഡേ (നീതി ഞായർ)

**2021 ആഗസ്റ്റ് 22 ഞായർ**

## കെസിബിസി SC/ST/BC കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോമിശിഹായിൽ ഏറ്റവും പ്രിയ ബഹു. വൈദികരെ, സിസ്റ്റേഴ്സ്, സഹോദരീ സഹോദരന്മാരേ,

ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചിട്ട് 74 വർഷം തികയുകയാണ്. മതേതര ജനാധിപത്യ രാജ്യമായ നമ്മുടെ മാതൃരാജ്യത്ത് ജാതിയുടേയും മതത്തിന്റേയും പേരിൽ വിവേചനം അനുഭവിക്കുന്ന ക്രിസ്തുമത വിശ്വാസികളായ ദലിതരുടെ അവസ്ഥ മുൻകാലത്തേക്കാൾ വളരെ ദയനീയമാണ്. ജാതിയുടേയോ മതത്തിന്റേയോ വർഗ്ഗത്തിന്റേയോ വർണ്ണത്തിന്റേയോ പേരിൽ ഒരു പൗരനോടും വിവേചനം പാടില്ല എന്നു ഭരണഘടന അനുശാസിക്കുന്നു. ക്രിസ്തുമതം സ്വീകരിച്ചതിന്റെ പേരിൽ ദലിത് ക്രൈസ്തവർക്ക് ഒരു ഇന്ത്യൻ പൗരന് ഭരണഘടനാപരമായി ന്യായമായി ലഭിക്കേണ്ട അവകാശങ്ങൾ നിഷേധിച്ചിരിക്കുകയാണ്. കഴിഞ്ഞ ഏഴ് പതിറ്റാണ്ടായി ഈ വിവേചനം തുടരുകയാണ്. 1950 ആഗസ്റ്റ് 10-ൽ ഇന്ത്യൻ പ്രസിഡന്റ് ഡോ. രാജേന്ദ്ര പ്രസാദ് പുറപ്പെടുവിച്ച പ്രസിഡൻഷ്യൽ ഓർഡറിലൂടെ ക്രിസ്തുമതവിശ്വാസികളായ ദലിതരെ ഒഴിവാക്കി ഹിന്ദുമത വിശ്വാസികളായ ദലിതരെ മാത്രം ഉൾപ്പെടുത്തി പട്ടുകജാതി സംവരണം നൽകി. ഈ ദിനം ദലിത് ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ഒരു ''കറുത്ത ദിവസമാണ്''. ഇതിൽ പ്രതിഷേധിച്ചുകൊണ്ട് ദലിത് ക്രൈസ്തവർ ആഗസ്റ്റ് 10 പ്രധിഷേധദിനമായിട്ടാണ് ആചരിക്കുന്നത്. 1956-ൽ സിക്കുമതവിശ്വാസികളായ ദലിതർക്കും 1990-ൽ ബുദ്ധമത വിശ്വാസികളായ ദലിതർക്കും പട്ടികജാതി ലിസ്റ്റ് പ്രകാരം സംവരണം നൽകി. എന്നാൽ, ക്രിസ്ത്യൻ/മുസ്ലീം മതവിശ്വാസികളായ ദലിതർക്ക് മാത്രം ഇതുവരെയും പട്ടികജാതി ലിസ്റ്റ് പ്രകാരമുള്ള സംവരണം നൽകിയിട്ടില്ല. ഇത് ഭരണഘടനാവിരുദ്ധവും മനുഷ്യാവകാശലംഘനവുമാണ്.

''നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ (മത്തായി 5:6)''എന്നാണല്ലോ ഈശോ അരുൾ ചെയ്തിട്ടുള്ളത്. അന്യായമായി നീതി നിഷേധിക്കപ്പെട്ട ദലിത് ക്രൈസ്തവസമൂഹത്തോട് ഐക്യദാർഢ്യപ്പെട്ട് അവർക്ക് അർഹമായ നീതി ലഭിക്കുന്നതിനുവേണ്ടി സഭ വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നു. സ്വാതന്ത്ര്യ ദിനം

കഴിഞ്ഞു വരുന്ന ഞായർ ജസ്റ്റീസ് സൺഡേ (നീതി ഞായർ)ആയി ആചരിച്ചുകൊണ്ട് ദൈവതിരുസന്നിധിയിൽ പ്രാർത്ഥിക്കുകയും ഒപ്പം ദലിത് ക്രൈസ്തവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കാനുള്ള പരിശ്രമങ്ങളിൽ പങ്കുചേരുകയും ചെയ്യാം.

മതം മാറിയതുകൊണ്ടു മാത്രം ഒരു വ്യക്തിയുടെയോ സമുദായത്തിന്റെയോ സാമൂഹികാവസ്ഥ മാറുന്നില്ല. ക്രിസ്തുമതം സ്വീകരിച്ച ദലിത് സഹോദരങ്ങൾ അഭിമുഖീകരിക്കേണ്ടിവരുന്ന സാമൂഹിക സാഹചര്യങ്ങൾ ഇതര പട്ടികജാതിക്കാരുടേതിൽനിന്നു വിഭിന്നമല്ല. ഭാരതമൊട്ടുക്ക് ദലിത് പീഡനങ്ങളും വിവേചനപരമായ നടപടികളും തുടർക്കഥയായിരിക്കുമ്പോൾ ദലിത് ക്രൈസ്തവർക്ക് ഇരട്ട പ്രഹരമാണേൽക്കുന്നത്. ഭരണഘടനയനുസരിച്ചുള്ള സംവരണമില്ല. നിയമസംവിധാനങ്ങളുടെ പരിരക്ഷയുമില്ല. കേരളത്തിൽ പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ വഴി ലഭിക്കുന്ന സഹായങ്ങൾ പോലും നിഷേധിക്കപ്പെടുന്നു. ഈ സാഹചര്യങ്ങൾ നമ്മുടെ പ്രത്യേക ശ്രദ്ധ അർഹിക്കുകയും കൂട്ടായ ഇടപെടലുകൾ ആവശ്യപ്പെടുകയും ചെയ്യുന്നു.

ദലിത് സഹോദരങ്ങൾക്ക് സഭയ്ക്കുള്ളിൽ അവസരസമത്വവും പ്രത്യേക പരിഗണനയും ആവശ്യമാണ്. 2020 ജൂലൈ 20-ന് റോമിൽ നിന്ന് കോൺഗ്രിഗേഷൻ ഫോർ ക്ലർജി പുറപ്പെടുവിച്ച രേഖ (നമ്പർ 32) നിഷ്കർഷിക്കുന്നത് ''ദരിദ്രരും ഒഴിവാക്കപ്പെട്ടവരും പാർശ്വവൽക്കരിക്കപ്പെട്ടവരും ആയവർക്ക് സഭയുടെ ഹൃദയത്തിൽ സവിശേഷമായ ഒരു സ്ഥാനം ഉണ്ടായിരിക്കണം'' എന്നാണ്. ഭാരതത്തിലെ സഭാ സംവിധാനങ്ങളിലുള്ള സ്ഥാനങ്ങൾ, നിയമനങ്ങളിലുള്ള പരിഗണന, സാമൂഹിക രാഷ്ട്രീയ രംഗങ്ങളിലുള്ള പങ്കാളിത്തം തുടങ്ങി എല്ലാ മേഖലകളിലും സഭ ദലിത് ക്രൈസ്തവരെ പ്രത്യേകം പരിഗണിച്ച് അവരെ സഹായിക്കുന്നതിന് ഓരോ ഇടവകയും ശ്രദ്ധിക്കണം.

എല്ലാ പൗരന്മാർക്കും സ്ഥിതിസമത്വവും തുല്യനീതിയും ഉറപ്പുവരുത്തുന്ന മഹത്തായ ഭരണഘടനയുള്ള മതേതര ജനാധിപത്യ രാഷ്ട്രമാണല്ലോ ഭാരതം. എങ്കിലും ജാതിവ്യവസ്ഥയുടെ കടുത്ത വിവേചനവും കൊടിയ അനീതിയും ഇന്നും ഇവിടെ നിലനിൽക്കുന്നു. ഇതു പരിഹരിക്കുന്നതിനുവേണ്ടി ഭരണഘടന തന്നെ ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനമാണ് സംവരണം. പട്ടിക വിഭാഗക്കാർക്കെല്ലാം ഒരുപോലെ സംവരണത്തിന്റെ പരിരക്ഷ നൽകപ്പെട്ടിരിക്കുന്നു. എന്നാൽ ക്രിസ്ത്യാനികളായ ദലിതർക്ക് ഇന്നു തുല്യനീതി നിഷേധിക്കപ്പെട്ടിരിക്കുന്നു. ഇതിനെതിരെ മുറവിളി തുടങ്ങിയിട്ട് വർഷങ്ങൾ ഏറെയായി. വിഷയം പഠിക്കാനായി നിയമിക്കപ്പെട്ട കമ്മീഷനുകൾ ദലിത്ക്രൈസ്തവർക്ക് അനുകൂലമായ

റിപ്പോർട്ടുകളാണ് നൽകിയിട്ടുള്ളത്. എങ്കിലും അർഹമായ പരിഗണന നൽകാൻ മാറി മാറി വന്ന സർക്കാരുകളൊന്നും തയ്യാറായിട്ടില്ല. ഈ കടുത്ത അനീതിക്കെതിരെ സുപ്രീം കോടതിയിൽ കേസ് 2004 മുതൽ നടന്നുവരുന്നു. ഈ കേസിന്റെ അനുകൂല വിധിക്കായി എല്ലാവരും പ്രാർത്ഥിക്കണം.

ദലിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് (OEC) പ്ലസ്സ് വൺ മുതലുള്ള ഉന്നത വിദ്യാഭ്യാസ പ്രവേശനത്തിന് യാതൊരു സംവരണവും ഇതുവരെ ഏർപ്പെടുത്തിയിട്ടില്ല. കമ്മ്യൂണിറ്റി കോട്ടായിലും, മാനേജ്മെന്റ് കോട്ടായിലും, അഡ്മിഷൻ കിട്ടി എയിഡഡ് സ്ഥാപനങ്ങളിലും സ്വാശ്രയ സ്ഥാപനങ്ങളിലും പഠിക്കുന്ന ദലിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് സ്റ്റൈഫന്റും ലംപ്സം ഗ്രാന്റും കൊടുക്കാൻ പാടില്ല എന്ന ഉത്തരവും സർക്കാർ ഇറക്കിയിരിക്കുന്നു. കേന്ദ്ര ഗവൺമെന്റ് ന്യൂനപക്ഷ വിഭാഗങ്ങൾക്കായി ഏർപ്പെടുത്തിയിരിക്കുന്ന പ്രീമെട്രിക്, പോസ്റ്റുമെട്രിക് സ്കോളർഷിപ്പുകൾ 2011-ലെ ഓർഡർ പ്രകാരം ലത്തീൻ കത്തോലിക്കർക്കും പരിവർത്തിത ക്രൈസ്തവർക്കും കൊടുക്കുവാനുള്ള നിർദ്ദേശം ഉണ്ടെങ്കിലും കഴിഞ്ഞ പത്തുവർഷമായി ഒഇസി വിഭാഗത്തിൽപ്പെട്ട ദലിത്ക്രൈസ്തവ കുട്ടികൾക്ക് (പരിവർത്തിത ക്രൈസ്തവ), സർക്കാരിൽ നിന്നും സ്റ്റൈഫന്റ്, ലംപ്സം ഗ്രാന്റ് ലഭിക്കുന്നു എന്ന കാരണത്താൽ ന്യൂനപക്ഷ സ്കോളർഷിപ്പ് ഇതുവരെയും ലഭിച്ചിട്ടില്ല. ഈ നടപടികൾക്കെതിരെ പ്രതികരിക്കാൻ ദളിത് ക്രൈസ്തവർ മുന്നോട്ടുവരേണ്ട സമയമാണിത്. വിദ്യാഭ്യാസത്തിനും തൊഴിലിനും രാഷ്ട്രീയ അധികാരപങ്കാളിത്തത്തിനും ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന മറ്റൊരു ജനവിഭാഗം ഭാരതത്തിലില്ല. ഇതിനെതിരെ പ്രതികരിക്കാൻ ആഗസ്റ്റ് 10 പ്രതിഷേധദിനമായും ആഗസ്റ്റ് 22 ജസ്റ്റീസ് സൺഡേ പ്രാർത്ഥനാദിനമായും ആചരിക്കാം.നീതിയും സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവുമുള്ള ഒരു രാജ്യത്തിനായി ആശിക്കാം. അതാകട്ടെ നമ്മുടെ ലക്ഷ്യം.

ദലിത് കത്തോലിക്കാ മഹാജന സഭ (DCMS) വഴിയാണ് കേരള കത്തോലിക്കാ സഭയുടെ ദലിത് ശാക്തീകരണ പ്രവർത്തനങ്ങൾ പ്രധാനമായും നടക്കുന്നത്. ഈ സംഘടനയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടക്കുന്നതിന് ഏവരുടെയും സഹകരണം ആവശ്യമാണ്. ദളിത് കത്തോലിക്കാ കുട്ടികൾക്കുവേണ്ടിയുള്ള ടാലന്റ് ആൻഡ് സ്കിൽ ട്രെയിനിങ് പ്രോഗ്രാം (TSDTP) കലാപരമായ കഴിവുകൾ കണ്ടെത്തി വളർത്തുന്നതിനുള്ള പരിശീലനം (സിംഫണി ആർട്സ്) എസ്.എസ്.എൽ.സി, +2, ഡിഗ്രി ക്ലാസ്സ് കഴിഞ്ഞവർക്കുള്ള പി.എസ്.സി. കോച്ചിങ്, എസ്.എസ്.എൽ.സി. കഴിഞ്ഞവർക്കുള്ള എൻട്രൻസ് കോച്ചിങ് ക്ലാസ്സുകൾ ആഗസ്റ്റ് മാസത്തിൽ ആരംഭിക്കുന്നതാണ്.

കഴിഞ്ഞ അധ്യയനവർഷം (2020-2021) എസ്.എസ്.എൽ.സി, പ്ലസ് ടു, ഡിഗ്രി, പിജി തുടങ്ങിയ പരീക്ഷകളിൽ ഉയർന്ന വിജയം കൈവരിച്ചവർക്കുള്ള സ്കോളർഷിപ്പും നൽകുന്നതാണ്. ദലിത് കത്തോലിക്കാ ക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ടി ജസ്റ്റീസ് സൺഡേയോടനുബന്ധിച്ച് നടത്താറുള്ള സംഭാവന ഇടവകകളിൽ നിന്നും ശേഖരിച്ച് രൂപതാ കേന്ദ്രങ്ങൾ വഴി കെസിബിസി SC/ST/BC കമ്മീഷന്റെ പേർക്ക് അയച്ചു തരേണ്ടതാണ്. ഇക്കാര്യങ്ങളിലെല്ലാം എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ബിഷപ് ജേക്കബ് മുരിക്കൻ**
ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് യൂഹനോൻ മാർ തിയഡോഷ്യസ്**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

***NB :*** *ഈ സർക്കുലർ ആഗസ്റ്റ് 22-ാം തീയതി ഞായറാഴ്ച വി.കുർബാന മദ്ധ്യേ പള്ളിയിൽ വായിക്കേണ്ടതാണ്.*

പി.ഒ.സി, കേരള കത്തോലിക്കാ സഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682025

# പിതാവിന്റെ കത്ത്

പ്രിയപ്പെട്ട അച്ചന്മാരേ,

അതിരൂപതാ കോവിഡ് സഹായപദ്ധതിയിൽ നിന്ന് ധനസഹായം ലഭിക്കാൻ അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. അതിരൂപതാഭവനത്തിൽ നിന്നും അപേക്ഷാഫോം ലഭ്യമാണ്. ഓഗസ്റ്റ് 30-ാം തീയതിക്കു മുൻപായി ബഹു. വികാരിയച്ചന്റെ ശുപാർശ കത്തുകളോടുകൂടി അപേക്ഷകൾ അതിരൂപതാഭവനത്തിൽ ഏൽപ്പിക്കേണ്ടതാണ്.

***അപേക്ഷ നൽകുമ്പോൾ ശ്രദ്ധിക്കേണ്ടത്***


നമ്മുടെ അതിരൂപതയിൽപ്പെട്ട സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന കുടുംബങ്ങളിൽ കോവിഡ്രോഗം മൂലം മാതാപിതാക്കളോ രക്ഷകർത്താക്കളോ മരണപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസചിലവിനും കോവിഡ്രോഗത്താൽ കുടുംബത്തിലെ സ്ഥിരവരുമാനമുള്ള ഏക വ്യക്തി മരണപ്പെടുകയാണെങ്കിൽ ആ ഭവനത്തിലുള്ളവരെ സഹായിക്കുവാനുമാണ് അതിരൂപതാകോവിഡ്സഹായ പദ്ധതി. ഇതിലേയ്ക്കു മാത്രമേ അപേക്ഷ സ്വീകരിക്കുകയുള്ളൂ. ബഹു. വികാരിയച്ചന്മാർ അപേക്ഷകർക്ക് ശുപാർശചെയ്യുമ്പോൾ ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കണം.

അതിരൂപതാ കോവിഡ്സഹായപദ്ധതിയിലേയ്ക്ക് ഇതുവരെ പതിനാറുലക്ഷത്തിഅയ്യായിരത്തിഎണ്ണൂറ്റിനാൽപ്പത്തിയേഴ് (Rs. 16,05,847/-) രൂപാ ലഭിച്ചു. പൂർണ്ണമായ വിവരം ഓഗസ്റ്റ് മാസത്തെ മദ്ധ്യസ്ഥനിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സഹകരിച്ചവർക്ക് പ്രത്യേകം നന്ദിനേരുന്നു. ഈ പദ്ധതിയിലേയ്ക്ക് ഇനിയും സംഭാവന നൽകിയിട്ടില്ലാത്ത വ്യക്തികൾ, ഇടവകകൾ, സംഘടനകൾ, സ്ഥാപനങ്ങൾ സാമ്പത്തികസഹായം നൽകി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

യുക്തമായ മാർഗ്ഗങ്ങളിലൂടെ സഹായം സ്വീകരിച്ച് അതിരൂപതാ കേന്ദ്രത്തിൽ ഏൽപ്പിക്കുവാൻ ബഹു. അച്ചന്മാരുടെ നേതൃത്വം ആവശ്യമാണ്. ആവശ്യമായ സഹായം ചെയ്തുതന്ന് ഈ പദ്ധതിയെ വിജയിപ്പിക്കണമെന്ന് എല്ലാ അച്ചന്മാരോട് അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത




## I
## ജസ്റ്റീസ് സൺഡേ

ഈ വർഷം ആഗസ്റ്റ് 22-ാം തീയതി ജസ്റ്റീസ് സൺഡേ (നീതി ഞായർ) ആയി ആചരിക്കുകയാണ്. അന്നേ ദിവസത്തെ സ്തോത്രകാഴ്ച നമ്മുടെ അതിരൂപതയിലെ ദലിത് കത്തോലിക്കരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി നീക്കിവച്ചിരിക്കുന്നു. ഇത് ആഗസ്റ്റ് 31-നകം അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്.

## II
## ഗ്രാന്റ് പേരന്റ്സ് ഡേ

വിശുദ്ധ യോവാക്കീം-വിശുദ്ധ അന്ന ദമ്പതികളുടെ തിരുനാൾ ദിവസമായ ജൂലൈ 25 എല്ലാ വർഷവും ഗ്രാന്റ് പേരന്റ്സ് ഡേ ആയി ആചരിക്കാൻ പരിശുദ്ധ പിതാവ് ആഹ്വാനം ചെയ്തിരിക്കുന്നു.

## COVID RELIEF FUND

| | | |
|---|---|---|
| 1. | Adv. Dennis Joseph | 2500 |
| 2. | Mr John P Devasia | 100000 |
| 3. | Mr Jose Joseph | 50000 |
| 4. | Mr Patros | 500 |
| 5. | Mr Sijo | 847 |
| 6. | Rev. Fr Kalacherry Sebastian | 20000 |
| 7. | Rev. Fr Kalayil Joseph | 1000 |
| 8. | Rev. Fr Kottaram Joseph | 2000 |
| 9. | Rev. Fr Naduvilezham Joseph | 5000 |
| 10. | Rev. Fr Padiyath Thomas | 10000 |
| 11. | Rev. Fr Pulickal Joseph | 2500 |
| 12. | Rev. Fr Vayalil Thomas | 100000 |
| 13. | Rev. Fr Alencherry Issac Sr. | 30000 |
| 14. | Rev. Fr Alumparambil Thomas | 50000 |
| 15. | Rev. Fr Chirakadavil Joseph | 2500 |
| 16. | Rev. Fr Kodickal Varghese | 5000 |
| 17. | Rev. Fr Kunnakattuthara Zacharias | 10000 |
| 18. | Rev. Fr Kurinjparambil Joseph | 1000 |
| 19. | Rev. Fr Lanithottam Jacob | 2000 |
| 20. | Rev. Fr Madathil Joseph | 1000 |
| 21. | Rev. Fr Nuzhaithadom George | 50000 |
| 22. | Rev. Fr Palathunkal Dominic | 5000 |
| 23. | Rev. Fr Thekkekottaram Thomas | 10000 |
| | Total | 460847 |

| | | |
|---|---|---|
| 1. | AKCC | 50000 |
| 2. | Corperate Management | 50000 |
| 3. | Family Apostolate | 20000 |
| 4. | Holy Queens Provincial House | 10000 |
| 5. | Kudumbakkoottayma | 35000 |
| 6. | Lourdes Forane Church Thiruvanan-thapuram | 150000 |
| 7. | St George Forane Church Edathua | 100000 |
| 8. | Mar Gregorious College | 50000 |
| 9. | Pastoral Council | 130000 |
| 10. | Public Relations & Jagratha Samithi | 50000 |
| 11. | Sahrudaya Hospital | 75000 |
| 12. | Assumption College | 20000 |
| 13. | Sandesanilayam | 300000 |
| 14. | SH Higher Secondary School | 25000 |
| 15. | SH Public School | 25000 |
| 16. | St John the Baptist College Nedukun-nam | 10000 |
| 17. | St Joseph Press & Bookstall | 50000 |
| 18. | St Mary's Metropolitan Church | 10000 |
| | Total | 1160000 |

**Total = 465847+1160000**
**=16,25,847**

# ബെനഡിക്ട് പതിനാറാമന്റെ ദൈവശാസ്ത്രം: അന്താരാഷ്ട്ര വെബിനാർ റിപ്പോർട്ട്

അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിലിന്റെ മെത്രാഭിഷേക സുവർണ്ണജൂബിലിക്ക് ആദരവുകളർപ്പിച്ച് ജൂലൈ മാസം 12 മുതൽ 20 വരെയുള്ള ദിവസങ്ങളിൽ ചങ്ങനാശേരി അതിരൂപത അന്താരാഷ്ട്ര വെബിനാർ സംഘടിപ്പിച്ചു. ഈ വർഷം തൊണ്ണൂറ്റഞ്ചിന്റെ നിറവിലെത്തിയ ബെനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ ദൈവശാസ്ത്രവീക്ഷണങ്ങളെ അധികരിച്ച് നടത്തിയ വെബ്ബിനാർ പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള കാര്യാലയത്തിന്റെ തലവൻ കർദ്ദിനാൾ ലിയനാർഡോ സാന്ദ്രി ഉദ്ഘാടനം ചെയ്തു. ബെനഡിക്ട് പതിനാറാമന്റെ പ്രബോധനത്തിന്റെ സുപ്രധാന വീക്ഷണങ്ങൾ മാർ പവ്വത്തിൽ ഭാരതത്തിൽ പ്രയോഗതലത്തിലെത്തിച്ചെന്ന് കർദ്ദിനാൾ അനുസ്മരിച്ചു. ദൈവശാസ്ത്രജ്ഞന്റെ മനസ്സും അജപാലകന്റെ ഹൃദയവുമുള്ളവരാണ് ഇരുപിതാക്കന്മാരും. കേവലം സാമൂഹ്യപുരോഗതിയെക്കാൾ മാനവരാശിയെ മുഴുവൻ ചേർത്തുനിർത്തുന്ന ദൈവാരാധനയിൽ കേന്ദ്രീകരിച്ചാണ് ഇരുവരും സഭയെയും സമൂഹത്തെയും പടുത്തുയർത്തിയത്. സാമൂഹ്യവികസനം സുവിശേഷത്തിലധിഷ്ഠിതമായിരിക്കണമെന്നും മാർ പവ്വത്തിലിന്റെ ചിന്തയെ അനുസ്മരിച്ചു കർദ്ദിനാൾ പറഞ്ഞു. ഫ്രാൻസിസ് മാർപാപ്പ സീറോ മലബാർ സഭയ്ക്ക് ഇന്ത്യ മുഴുവൻ സുവിശേഷവൽക്കരണത്തിനുള്ള അനുമതി നൽകിയത് മാർ പവ്വത്തിലിനെ സംബന്ധിച്ചിടത്തോളം ഏറെ സന്തോഷവും അഭിമാനവും നല്കുന്ന കാര്യമായിരിക്കുമെന്നും കർദ്ദിനാൾ സാന്ദ്രി കൂട്ടിച്ചേർത്തു. ഉദ്ഘാടന ദിനത്തിൽ ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം അദ്ധ്യക്ഷനായിരുന്നു. മിഷനും ദൈവശാസ്ത്രവും അഭേദ്യമാണെന്ന ബെനഡിക്ട് പതിനാറാമന്റെ വീക്ഷണം മാർ പവ്വത്തിലിന്റെ പ്രവർത്തനങ്ങളിലുടനീളം കാണാനാകുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ആദ്യദിനത്തിൽ ലുവൈൻ സർവകലാശാലയിലെ അധ്യാപകനായ ലീവെൻ ബുവേ 'A Theological Biography of Joseph Ratzinger' എന്ന പ്രബന്ധം അവതരിപ്പിച്ചു. സത്യാനന്തരമെന്നുപോലും വിശേഷിപ്പിക്കപ്പെടുന്ന ഇക്കാലത്ത് കേവല സംവാദങ്ങളിലേർപ്പെടുന്നതിനേക്കാൾ ലോകത്തിന്റെ മാനസാന്തരത്തിനുതകുന്ന കർമ്മപദ്ധതികൾ രൂപീകരിക്കുകയാണ് വേണ്ടതെന്നും ഈ പ്രക്രിയയിൽ ബെനഡിക്ട് പതിനാറാമന്റെ ഗ്രന്ഥങ്ങൾ സുപ്രധാന സ്രോതസ്സുകളാണെന്നും പ്രൊഫസർ ബുവേ പറഞ്ഞു. രണ്ടാം ദിനത്തിൽ സ്പെയിനിലെ നവാരാ സർവകലാശാലയിൽനിന്നുള്ള ഫാ. പാബ്ലോ ബ്ലാൻകോ ക്രൈസ്തവവിശ്വാസത്തിന്റെ യുക്തിഭദ്രതയെ ആസ്പദമാക്കി 'The Rationality and the Truthfulness of Christian Faith' എന്ന പ്രഭാഷണം നടത്തി. വിശ്വാസവും യുക്തിയും, സത്യവും സ്നേഹവും തമ്മിൽ ആധുനികതയിൽ സന്തുലിതാവസ്ഥയിൽ എത്തിച്ചേരാൻ ലോഗോസ് ദൈവശാസ്ത്രത്തിലൂടെ സാധിക്കുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. മൂന്നാം ദിനത്തിൽ റോമിലെ ഹോളി ക്രോസ് സർവകലാശാലയിലെ ഫാ. പോൾ ഒ'ക്കലഗൻ യുഗാന്ത്യോന്മുഖതയെ ആസ്പ

ദമാക്കി 'Eschatology as the Culmination of Salvation' എന്ന പ്രബന്ധം അവതരിപ്പിച്ചു.. മാനവപ്രത്യാശയുടെ സാമൂഹ്യമാനത്തെപ്പറ്റിയും ക്രൈസ്തവജാഗ്രതയെയുംപറ്റി വി. ബെനെവെഞ്ചറിന്റെ പഠനങ്ങളെക്കൂടി ആസ്പദമാക്കി അദ്ദേഹം സംസാരിച്ചു.

നാലാം ദിനത്തിൽ പൗരസ്ത്യ വിദ്യാപീഠത്തിലെ പ്രൊഫസറായ ഫാ. ഡൊമിനിക് മുരിയൻകാവുങ്കൽ 'Pope Benedict XVI and the Hermeneutics of Vatican II' എന്ന പ്രബന്ധം അവതരിപ്പിച്ചു. കൗൺസിൽ പ്രമാണരേഖകളുടെ സദ്ഫലങ്ങൾ ഇനിയും കൂടുതലായി സ്വാംശീകരിക്കാനുണ്ടെന്നും അതിനാവശ്യമായ ദിശാബോധത്തിന് ശരിയായ വ്യാഖ്യാനങ്ങൾ അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു. അഞ്ചാം ദിനത്തിൽ തലശേരി അതിരൂപതയുടെ സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി 'Pope Benedict XVI and the Interpretation of Sacred Scripture' എന്ന വിഷയം അവതരിപ്പിച്ചു. ചരിത്രവിമർശനരീതിശാസ്ത്രത്തിന്റെ ഏകപക്ഷീയതയുടെ ന്യൂനതകളെപ്പറ്റി ചൂണ്ടിക്കാണിച്ച അദ്ദേഹം വിശുദ്ധഗ്രന്ഥ വ്യാഖ്യാനത്തിന്റെ സഭാത്മകതയും ആരാധനക്രമപശ്ചാത്തലവും പാരമ്പര്യാടിസ്ഥാനങ്ങളും വിശദീകരിച്ചു. ആറാം ദിവസം പൗരസ്ത്യ വിദ്യാപീഠത്തിന്റെ ഉപാദ്ധ്യക്ഷൻ ഫാ. പോളി മണിയാട്ട് 'Post Vatican II Liturgical Movement and Joseph Ratzinger' എന്ന വിഷയം ചർച്ചാ വിഷയമാക്കി. ബെനഡിക്ട് പതിനാറാമന്റെ ലിറ്റർജിക്കൽ വീക്ഷണങ്ങളുടെ അടിസ്ഥാനങ്ങളെയും പ്രസക്തിയെയും അദ്ദേഹം വിശകലനം ചെയ്തു.

ഏഴാംദിവസം റോമിലെ റെജീന അപ്പസ്തോലോരും പൊന്തിഫിക്കൽ സർവകലാശാലയിലെ ഫാ. ഏമൻ ഓ'ഹിഗ്ഗിൻസ് 'Dictatorship of Relativism and Contemporary Ideological Challenges' എന്ന വിഷയത്തെ അധികരിച്ച് സംസാരിച്ചു. സമകാലീന പ്രത്യയശാസ്ത്രങ്ങളുടെ തള്ളിക്കയറ്റത്തിൽ രാഷ്ട്രീയപ്രക്രിയയുടെ ലക്ഷ്യങ്ങളെയും പരിധികളെയും ആസ്പദമാക്കി അദ്ദേഹം ബെനഡിക്ട് പതിനാറാമന്റെ രാഷ്ട്രീയദർശനം അവതരിപ്പിച്ചു. എട്ടാം ദിനത്തിൽ ആർച്ചുബിഷപ്പ് ജോസഫ് പവ്വത്തിൽ ലിറ്റർജിക്കൽ ഗവേഷണ കേന്ദ്രത്തിന്റെ ഡയറക്ടർ ഫാ. ജോസ് കൊച്ചുപറമ്പിൽ 'The Legacy of Joseph Ratzinger and Theologizing in the East' എന്ന പഠനാവതരണം നടത്തി. പൗരസ്ത്യ ആരാധനക്രമത്തിലും പാരമ്പര്യങ്ങളിലും ദൈവശാസ്ത്രത്തിലും നിന്ന് ബെനഡിക്ട് മാർപ്പാപ്പ സാർവത്രിക സഭയ്ക്കു മുഴുവനുമായി സ്വാംശീകരിച്ച ഘടകങ്ങളെ ആസ്പദമാക്കി അദ്ദേഹം സംസാരിച്ചു. സമാപനദിനത്തിൽ പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് 'Ecclesia: The Locus of Theology and Kerygma: Ratzinger and Powathil in Dialogue' എന്ന പ്രഭാഷണം നടത്തി. റാറ്സിംഗറുടെയും മാർ പവ്വത്തിലിന്റെയും വീക്ഷണങ്ങളെ സ്വാധീനിച്ച സ്രോതസ്സുകളെപ്പറ്റിയും ഇരുവരുടെയും പൊതുരീതിശാസ്ത്രം സഭയിലും സമൂഹത്തിലും സൃഷ്ടിച്ച ചലനങ്ങളെപ്പറ്റിയുമുള്ള സൂക്ഷ്മനിരീക്ഷണങ്ങളാണ് അദ്ദേഹം ഈ പഠനത്തിൽ നടത്തിയത്.

സീറോ മലബാർ സഭാദ്ധ്യക്ഷൻ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. സഭാഗാത്രത്തിന്റെ സർവോന്മുഖമായ വളർച്ചയ്ക്ക് മാർ പവ്വത്തിൽ നൽകിയ സംഭവനകളെപ്പറ്റി അദ്ദേഹം വിശദമായി സംസാരിച്ചു. ബെനഡിക്ട് പാപ്പയുടെ ദൈവശാസ്ത്രശൈലികളും ഫ്രാൻസിസ് പാപ്പയുടെ

കാരുണ്യശൈലികളും മാർ പവ്വത്തിലിൽ സമ്മേളിക്കുന്ന രീതികളെപ്പറ്റിയും അദ്ദേഹം പ്രസ്താവിച്ചു. വെബിനാറിൽ പങ്കെടുത്തവർക്കെല്ലാം ശ്ലൈഹികാശീർവാദവും തദവസരത്തിൽ അദ്ദേഹം നൽകി. സമ്മേളനത്തിൽ മാർ തോമസ് തറയിൽ അദ്ധ്യക്ഷനായിരുന്നു. ആരാധനക്രമത്തോടൊപ്പം തന്നെ സഭാവിജ്ഞാനീയത്തിന്റെ വളർച്ചയിൽകൂടി മാർ പവ്വത്തിൽ നൽകിയ നേതൃത്വത്തെപ്പറ്റി അദ്ദേഹം സംസാരിച്ചു.

കേരളത്തിനകത്തും പുറത്തുമുള്ള വിവിധ ദൈവശാസ്ത്രപീഠങ്ങളുടെ സഹകരണത്തോടെ സംഘടിപ്പിച്ച ഈ വെബിനാറിൽ നിരവധി രൂപതകളിൽ നിന്നുള്ള പിതാക്കന്മാരും വൈദികരും സന്യസ്തരും അല്മായരുമുൾപ്പെടെ മുന്നൂറിലധികമാളുകൾ എല്ലാ ദിവസവും പങ്കെടുത്തു. മുപ്പതോളം രാജ്യങ്ങളിൽ നിന്നായി വെബിനാറിൽ പങ്കെടുത്തവർ ക്രിയാത്മകമായ നിരവധി ചോദ്യങ്ങൾകൊണ്ട് ഓരോ ദിനത്തിലെയും ചർച്ചാവേളകൾ സജീവമാക്കി. വികാരി ജനറൽ ഫാ. തോമസ് പാടിയത്ത് കൺവീനറായുള്ള സമിതിയാണ് വെബിനാർ സംഘടിപ്പിച്ചത്. ഫാ. ക്രിസ്റ്റോ നേര്യംപറമ്പിൽ, ഫാ.ജെന്നി കായംകുളത്തുശ്ശേരി, ശ്രീ. ജോർജ് ജോസഫ് വെള്ളാങ്കൽ എന്നിവർ നേതൃത്വം നല്കി. Zoom പ്ലാറ്റ്ഫോമിൽ സംഘടിപ്പിക്കപ്പെട്ട വെബിനാറിന്റെ തല്സമയ സംപ്രേഷണം അതിരൂപതയുടെ യു ട്യൂബ് ചാനലായ മാക് ടി.വിയിലും നല്കിയിരുന്നു.

## ഹയർസെക്കണ്ടറി ഇന്റർവ്യൂ

ചങ്ങനാശേരി കോർപറേറ്റ് മാനേജ്മെന്റ് ഹയർസെക്കണ്ടറി വിഭാഗത്തിൽ ഗാന്ധിയൻ സ്റ്റഡീസ് റെഗുലർ തസ്തികയിലേക്ക് (ഡയറക്ട് നിയമനം) അദ്ധ്യാപകരാകാൻ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽനിന്നും അപേക്ഷ ക്ഷണിക്കുന്നു.

നിർദ്ദിഷ്ട വിഷയത്തിൽ യോഗ്യത നേടിയിട്ടുള്ളവർ ഓഗസ്റ്റ് 12 നകം കോർപറേറ്റ് ഓഫീസിൽ അപേക്ഷ സമർപ്പിക്കുക. ഇന്റർവ്യൂ തീയതി നേരിട്ട് അറിയിക്കുന്നതാണ്.

## ഗസ്റ്റ് അധ്യാപക ഒഴിവുകൾ

ചങ്ങനാശേരി അതിരൂപതാ കോർപറേറ്റ് മാനേജ്മെന്റ് ഹയർസെക്കൻഡറി വിഭാഗത്തിൽ ഇംഗ്ലീഷ്, മലയാളം, ഹിന്ദി, ഫിസിക്സ്, കെമിസ്ട്രി, കണക്ക്, ബോട്ടണി, സുവോളജി, കൊമേഴ്സ്, കമ്പ്യൂട്ടർ സയൻസ്, ഇക്കണോമിക്സ്, ഗാന്ധിയൻ സ്റ്റഡീസ്, സോഷ്യോളജി വിഭാഗങ്ങളിൽ ഗസ്റ്റ് അധ്യാപകരെ നിയമിക്കുന്നു. നിർദ്ദിഷ്ടയോഗ്യതയുള്ളവർ ഓഗസ്റ്റ് ആറിനകം കോർപറേറ്റ് ഓഫീസിൽ അപേക്ഷ സമർപ്പിക്കണം. ഇന്റർവ്യൂ തീയതി നേരിട്ടറിയിക്കും.

**കോർപറേറ്റ് മാനേജർ**
ചങ്ങനാശേരി അതിരൂപത

# അൽമായ വചനപ്രഘോഷകരുടെ സംഗമം റിപ്പോർട്ട്

ചങ്ങനാശേരി അതിരൂപതയിലെ അല്മായ വചനപ്രഘോഷകരെ ഒന്നിച്ചു ചേർക്കുവാനും അവർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനുമായി ലക്ഷ്യം വച്ചു നടത്തപ്പെട്ട അൽമായ വചനപ്രഘോഷകരുടെ സംഗമം 2021 ജൂലൈ 17 ശനിയാഴ്ച വൈകുന്നേരം 4 മണി മുതൽ 5 മണി വരെ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്തായുടെയും, വികാരി ജനറാൾ പാടിയത്ത് ബഹു. തോമസ് അച്ചന്റെയും സാന്നിധ്യത്തിൽ ഓൺലൈനായി സൂം പ്ലാറ്റ്ഫോമിൽ നടത്തപ്പെട്ടു. സിജു ആലഞ്ചേരിയുടെ ഗാനശുശ്രൂഷയോടെ ആരംഭിച്ച സമ്മേളനത്തിന് കുടുംബക്കൂട്ടായ്മ-ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർ കായംകുളത്തുശ്ശേരി ബഹു. ജെന്നി അച്ചൻ സ്വാഗതം ആശംസിച്ചു. തുടർന്ന് ചങ്ങനാശേരി അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം അനുഗ്രഹപ്രഭാഷണം നടത്തുകയും അൽമായ സഹോദരങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. വചനപ്രഘോഷണം ഒറ്റപ്പെട്ട ശുശ്രൂഷ അല്ലെന്നും അത് സഭയോടു ചേർന്നുനിന്നുകൊണ്ടു നിർവഹിക്കേണ്ട ദൈവികശുശ്രൂഷ ആണെന്നും അഭിവന്ദ്യ പിതാവ് അനുസ്മരിപ്പിച്ചു. സഭയാണ് വചനപ്രഘോഷണത്തിന് അടിസ്ഥാനപരമായി നിയോഗിക്കപ്പെട്ടിരിക്കുന്നത്. സഭയുടെ കൂദാശകളിലേക്ക് അത് നമ്മെ നയിക്കുകയും ചെയ്യുന്നു. അതിനാൽ പരിശുദ്ധ കുർബാനയുമായുള്ള സൗഹൃദം ആവശ്യമാണ്. ചങ്ങനാശേരി അതിരൂപത അൽമായ വചനപ്രഘോഷകരാൽ സമ്പന്നമാണ് എന്ന് ഓർമ്മിപ്പിച്ച മെത്രാപ്പോലീത്ത, അത് വർദ്ധിപ്പിക്കുന്നതിനും നിലനിർത്തുന്നതിനുമായി ഒന്നിച്ചുചേരലുകളും വിലയിരുത്തലുകളും ഇടയ്ക്കിടയ്ക്ക് ആവശ്യമാണ് എന്ന നിർദ്ദേശവും നൽകി. തുടർന്ന് പാടിയത്ത് ബഹു. തോമസ് അച്ചൻ മാർഗനിർദേശങ്ങൾ നൽകി. മാമ്മോദീസ സ്വീകരിച്ചവർ എല്ലാവരും സഭയുടെ പ്രേഷിതദൗത്യത്തിൽ പങ്കുകാരാണെന്നും, വചനപ്രഘോഷകർ സഭയിൽ വിശ്വാസത്തിന്റെ അധ്യാപകരും ദൈവികരഹസ്യ കൈമാറ്റക്കാരും ആണെന്ന് ഓർമ്മപ്പെടുത്തി. ചങ്ങനാശേരി അതിരൂപതയിൽ അർഹരായ എല്ലാ അല്മായ വചനപ്രഘോഷകരെയും ഈ കൂട്ടായ്മയിലെ അംഗങ്ങൾ ആക്കണമെന്ന നിർദ്ദേശവും നൽകി. അതിനുശേഷം നടത്തപ്പെട്ട ചർച്ചയിൽ അല്മായ സഹോദരങ്ങൾ സ്വയം പരിചയപ്പെടുത്തുകയും അവരുടെ വചനപ്രഘോഷണ അനുഭവങ്ങൾ പങ്കുവയ്ക്കുകയും കൂട്ടായ്മയെ വളർത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യണമെന്ന നിർദേശം മുന്നോട്ടുവെയ്ക്കുകയും ചെയ്തു. ബ്രദർ മാർട്ടിൻ പെരുമാലിൽ സമ്മേളനത്തിൽ സംബന്ധിച്ച എല്ലാവർക്കും നന്ദി അർപ്പിച്ചു.

## ചങ്ങനാശേരി അതിരൂപതാ
# ഗായകസംഘത്തിന്റെ സമ്മേളന റിപ്പോർട്ട്

ചങ്ങനാശേരി അതിരൂപതയിലെ എല്ലാ ഇടവകകളിലേയും ഗായക സംഘത്തെ ഒരുമിച്ചുകൂട്ടുകയും നിർദ്ദേശങ്ങൾ പങ്കുവയ്ക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ നടത്തപ്പെട്ട അതിരൂപതാ ഗായകസംഘസമ്മേളനം 2021 ജൂലൈ 18 ഉച്ച കഴിഞ്ഞ് 2.00 ന് നടത്തപ്പെട്ടു. പ്രസ്തുത സമ്മേളനത്തിന് ലിറ്റർജിക്കൽ മ്യൂസിക് ഡിപ്പാർട്ടുമെന്റ് ഡയറക്ടർ കായംകുളത്തുശ്ശേരി ബഹു. ജസ്റ്റിൻ അച്ചൻ സ്വാഗതം ആശംസിച്ചു. തുടർന്ന് ബഹുമാനപ്പെട്ട മൽപ്പാൻ മാത്യു വെള്ളാനിക്കലച്ചൻ ആദ്യ പ്രഭാഷണം നടത്തി. സഭയുടെ നെടുംതൂണാണ് ആരാധനാക്രമമെന്നും ദൈവവും ദൈവജനവും കണ്ടുമുട്ടുന്നത് ആരാധനാക്രമത്തിലൂടെയാണെന്നും ഓർമ്മിപ്പിച്ച അച്ചൻ, ദൈവവും ദൈവജനവും തമ്മിലുള്ള സംഭാഷണമാണ് ആരാധനയുടെ ശൈലി എന്നും വ്യക്തമാക്കി. ഈ സംഭാഷണം ആസ്വാദ്യകരമാക്കിത്തീർക്കുക എന്നതാണ് ഗായകസംഘത്തിന്റെ കടമ എന്നും അച്ചൻ പരാമർശിച്ചു. ആരാധനാക്രമത്തിന്റെ പൂർണതയിൽ ലിറ്റർജിക്കൽ ചാന്റിന്റെ പ്രാധാന്യം ഓർമ്മപ്പെടുത്തുകയും, ലിറ്റർജിക്കൽ ചാന്റിന്റെ ഉപയോഗം നമ്മുടെ ആരാധനാക്രമത്തിന്റെ ഭാഗമാക്കി മാറ്റാൻ സഹായിക്കണമെന്നും സഭയെയും ആരാധനാക്രമത്തെയും സ്നേഹിക്കുന്നവരായി മാറണമെന്നും വ്യക്തമാക്കി. സഭയുടെ അടിസ്ഥാനസ്വഭാവം കൂട്ടായ്മയാണെന്നും ആരാധനാക്രമത്തിൽ അത് പ്രതിഫലിക്കുന്നുണ്ടെന്ന സത്യം ഹൃദയത്തിൽ സൂക്ഷിക്കണമെന്നും അച്ചൻ കൂട്ടിച്ചേർത്തു. തുടർന്ന് ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം ഗായകസംഘാംഗങ്ങളോട് സംസാരിച്ചു. ആരാധനാക്രമത്തിൽ ഗായകസംഘത്തിന് വ്യക്തമായ പങ്കുണ്ട് എന്ന് ഓർമ്മിപ്പിച്ച പിതാവ് ദൈവജനത്തെ സഹായിക്കുന്നവരാണ് ഗായകസംഘം എന്ന വസ്തുത മറന്നുപോകരുത് എന്ന് കൂട്ടിച്ചേർത്തു. ലിറ്റർജിക്കൽ ചാന്റിനെ പ്രോത്സാഹിപ്പിക്കണം എന്ന് സ്നേഹപൂർവ്വം വ്യക്തമാക്കുകയും ചെയ്തു. തുടർന്ന് കായംകുളത്തുശ്ശേരി ബഹു. ജസ്റ്റിൻ അച്ചന്റെ നേതൃത്വത്തിൽ ചർച്ച ആരംഭിച്ചു. ലിറ്റർജിക്കൽ ചാന്റുമായി ബന്ധപ്പെട്ട നിരവധി ചോദ്യങ്ങൾ ഉണ്ടാവുകയും അവയ്ക്കെല്ലാം ബഹു. മൽപ്പാനച്ചനും, കായംകുളത്തുശ്ശേരി ബഹു. ജസ്റ്റിൻ അച്ചനും ചേർന്ന് വ്യക്തത നൽകുകയും ചെയ്തു. ചാന്റിന്റെ പഠനത്തിനാവശ്യമായ വീഡിയോകൾ ചങ്ങനാശേരി അതിരൂപതയുടെ യുട്യൂബ് ചാനലായ MAAC TV വഴി ലഭ്യമാക്കാം എന്ന തീരുമാനം യോഗത്തിൽ എടുക്കുകയുണ്ടായി. കായംകുളത്തുശ്ശേരി ബഹു. ജസ്റ്റിൻ അച്ചൻ യോഗത്തിന് കൃതജ്ഞതയർപ്പിച്ചു. അഭിവന്ദ്യ പിതാവിന്റെ ആശീർവാദത്തോടെ യോഗം അവസാനിച്ചു.

# പാസ്റ്ററൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഫൊറോനകൗൺസിൽ സെക്രട്ടറിമാർക്കായി നടത്തിയ സമ്മേളനത്തിന്റെ റിപ്പോർട്ട്

**വിഷയം :** **ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ – ക്രൈസ്തവ പിന്നാക്കാവസ്ഥാ പഠനം – നിവേദനസമർപ്പണം; ഫൊറോന കൗൺസിലുകളുടെ പങ്ക്**

**തീയതി :** 01 ജൂലൈ 2021

**സമയം :** 6:00 pm (Google meet)

ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ മുമ്പാകെ നമ്മുടെ സമുദായത്തിന്റെ പിന്നാക്കാവസ്ഥ ബോദ്ധ്യപ്പെടുത്താൻ വിവിധ സംഘടനകൾ, സമൂഹങ്ങൾ, വ്യക്തികൾ തുടങ്ങി നാനാതുറകളിൽ നിന്നും സമർപ്പിക്കപ്പെടേണ്ട നിവേദനങ്ങൾ തയ്യാറാക്കി അയയ്ക്കുന്നതിൽ ഫൊറോനകൗൺസിൽ സെക്രട്ടറിമാർ വഹിക്കേണ്ട വലിയ പങ്കിനെക്കുറിച്ച് ഓർമ്മപ്പെടുത്താനാണ് പ്രസ്തുത യോഗം അഭിവന്ദ്യ ജോസഫ് പെരുന്തോട്ടം പിതാവിന്റെ നിർദ്ദേശാനുസരണം സംഘടിപ്പിച്ചത്. അഭി. പിതാവ് ഉദ്ഘാടനം നിർവ്വഹിച്ച യോഗത്തിൽ 12 ഫൊറോന കൗൺസിൽ സെക്രട്ടറിമാർ പങ്കെടുത്തു. ഓരോരുത്തരും താന്താങ്ങൾ പ്രതിനിധീകരിക്കുന്ന ഫൊറോനകളിൽ ഇതുവരെ നടത്തിയ ഒരുക്കങ്ങളെക്കുറിച്ചും ആസൂത്രണം ചെയ്തിരിക്കുന്ന തുടർനടപടികളെക്കുറിച്ചും വിശദമായി സംസാരിച്ചു. അഭിവന്ദ്യ പിതാവ് തന്റെ ഉദ്ഘാടനപ്രസംഗത്തിൽ ഫൊറോന കൗൺസിലുകളിൽ നിക്ഷിപ്തമായിരിക്കുന്ന ഉത്തരവാദിത്വത്തെ 'ഒരു ഇന്റർമീഡിയറി റോൾ' എന്നു വിശേഷിപ്പിച്ചു. രൂപതാകേന്ദ്രവും ഇടവകയും തമ്മിലുള്ള ബന്ധത്തിൽ ചാലകശക്തിയായി വർത്തിക്കേണ്ടത് ഫൊറോന കൗൺസിലാണെന്ന് പിതാവ് പറഞ്ഞു. ഇടവകകളിലാണ് സഭയുടെ സ്വപ്നങ്ങൾ ഫലം ചൂടേണ്ടത്; എല്ലാ പ്രവർത്തനങ്ങൾക്കും ഉത്തേജനം പകരുക എന്നതാണ് ഈ കൗൺസിലിന്റെ പരമമായ ദൗത്യം. വരാനിരിക്കുന്ന അതിരൂപതാ അസംബ്ലിയുടെ വിജയത്തിന് ഫൊറോനകൗൺസിലുകൾ നൽകുന്ന നിർലോപമായ സഹകരണത്തിൽ പിതാവ് സന്തോഷവും സംതൃപ്തിയും അറിയിച്ചു. ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷനു മുമ്പാകെ വയ്ക്കുന്ന നിർദ്ദേശങ്ങൾ ന്യൂനപക്ഷസമുദായമായ നമ്മുടെ പിന്നോക്കാവസ്ഥയെ സമഗ്രമായി അവതരിപ്പിക്കുന്ന തരത്തിലാകണം. നാളിതുവരെ അവഗണിക്കപ്പെട്ടതും, ശ്രദ്ധിക്കപ്പെടാതെ പോയതുമായ പ്രശ്നങ്ങൾ ഉയർത്തിക്കാണിക്കാനാവണം. ന്യൂനപക്ഷ സമുദായമായ സുറിയാനി ക്രൈസ്തവരുടെ സംസ്കാരവും ഭാഷയും വളർത്തപ്പെടണം. ഭാരതസംസ്കാരം സ്വാംശീകരിച്ചവരാണ് നമ്മൾ, പക്ഷെ നമ്മുടെ തനതു പൈതൃകവും ഭാഷയും എന്നും നിലനിൽക്കണം, വളരണം, പ്രോത്സാഹിപ്പിക്കപ്പെടണം. ഓരോ ഫൊറോനകൗൺസിലും തങ്ങളുടെ പ്രാദേശിക പ്രശ്നങ്ങളും പിന്നാക്കാവസ്ഥയും അവധാനതയോടെ

മനസ്സിലാക്കി അവതരിപ്പിക്കണം. കുട്ടനാടും തെക്കൻ മേഖലയും, നഗര-ഗ്രാമ മേഖലകളും, താഴ്ന്ന പ്രദേശവും മലയോരപ്രദേശവും തുടങ്ങി ഓരോ പ്രദേശവും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ വ്യത്യസ്തങ്ങളാണ്. സാമ്പത്തിക-സാമൂഹിക -സാംസ്കാരിക-പാരിസ്ഥിതിക-വിദ്യാഭ്യാസ പിന്നാക്കാവസ്ഥകൾ ചർച്ചാവിഷയമാകണം. വ്യക്തമായും കൃത്യമായും ഇതൊക്കെ നിവേദനങ്ങളിൽ പ്രതിഫലിക്കണം. ക്രിയാത്മകമായ ചർച്ചാവേദിയൊരുക്കിയ പാസ്റ്ററൽ കൗൺസിൽ ഭാരവാഹികളെ പിതാവ് അഭിനന്ദിച്ചു.

തുടർന്നു സംസാരിച്ച ഫൊറോനകൗൺസിൽ സെക്രട്ടറിമാർ പൊതുവായി ഉയർത്തിയ ആശങ്കകളും അഭിപ്രായങ്ങളും ഇവയാണ്: കോവിഡ് മഹാമാരി സഭാപ്രവർത്തനങ്ങളെയാകെ ബാധിച്ചതുപോലെ ഫൊറോനകൗൺസിൽ പ്രവർത്തനങ്ങളെയും ബാധിച്ചു. മന്ദഗതിയിലായിപ്പോയെങ്കിലും നിഷ്ക്രിയരാകാതെ കഴിയുംവിധം സജീവമായി എല്ലാ പ്രവർത്തനങ്ങളിലും, രൂപതയിലും ഇടവകയിലും, പങ്കാളികളായി. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളും സഹായപദ്ധതികളും മാതൃകാപരമായി എല്ലാ ഫൊറോനകളിലും നടക്കുന്നു. ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷനിൽ നിവേദനങ്ങൾ ഫലപ്രദമായി തയ്യാറാക്കി സമർപ്പിക്കേണ്ടതിന് ഫൊറോനകളിൽ എക്സ്പേർട്ട് കമ്മറ്റിയും ഇടവകകളിൽ വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ കോർ കമ്മറ്റിയും എല്ലായിടത്തും തന്നെ പ്രവൃത്തിച്ചുവരുന്നു. സമയബന്ധിതമായി പൂർത്തിയാകുംവിധം കൃത്യമായ ആസൂത്രണത്തോടെയാണ് നിവേദനങ്ങൾ തയ്യാറാക്കപ്പെട്ടത്. പ്രാദേശിക പിന്നോക്കാവസ്ഥ വ്യക്തമാകുംവിധം തന്നെയാണ് രേഖകൾ സഹിതം ഇവ തയ്യാറാക്കുന്നതെന്ന് എല്ലാവരും ഒരേ സ്വരത്തിൽ അഭിപ്രായപ്പെട്ടു. കുടുംബക്കൂട്ടായ്മകളിൽ സന്ദർശനം നടത്തിയും, എല്ലാ സംഘടനകളുടെയും കൂട്ടായപങ്കാളിത്തം ഉറപ്പുവരുത്തിയുമാണ് ഈ പ്രവർത്തനങ്ങൾ മുന്നോട്ടു പോകുന്നതെന്നും സംസാരിച്ച ഏവരും പറഞ്ഞു. ഒന്നര മണിക്കൂർ ദീർഘിച്ച ഓൺലൈൻ യോഗം ആശയരൂപീകരണത്തിനും തുടർനടപടികൾ ത്വരിതപ്പെടുത്തുന്നതിനും സഹായകമാകുമെന്ന് എല്ലാവരും അഭിപ്രായപ്പെട്ടു.

ശ്രീ. ആന്റണി തോമസ് മലയിൽ സാറിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ ഡോ. ഡോമിനിക് ജോസഫ് സ്വാഗതം ആശംസിച്ച് വിഷയാവതരണം നടത്തി. ഡോ. രേഖാ മാത്യൂസ് നന്ദി പ്രകാശിപ്പിച്ചു. ഇത്തരം കൂടിച്ചേരലുകളും തുറന്ന ചർച്ചകളും സഭാപ്രവർത്തനങ്ങൾക്ക് ദിശാബോധവും ഊർജ്ജവും കരുത്തും പകരുമെന്ന് അഭിവന്ദ്യ പിതാവ് അഭിപ്രായപ്പെട്ടു. പിതാവിന്റെ സമാപനാശീർവാദത്തോടെ യോഗം അവസാനിച്ചു.

**ഡോ. ഡൊമിനിക് ജോസഫ്**
സെക്രട്ടറി

**ഡോ. രേഖാ മാത്യൂസ്**
**ശ്രീ. ആന്റണി തോമസ് മലയിൽ**
ജോ. സെക്രട്ടറി

## ഷെവലിയർ ഐ.സി. ചാക്കോ അവാർഡ് ജോൺ കച്ചിറമറ്റത്തിന്

ബഹുഭാഷാ പണ്ഡിതൻ, ഭൂഗർഭ ശാസ്ത്രജ്ഞൻ, സാഹിത്യകാരൻ, നിരൂപകൻ, ചരിത്രകാരൻ, ഭരണകർത്താവ് തുടങ്ങിയ നിരവധി മേഖലകളിൽ അതുല്യ പ്രതിഭയും ഉത്തമ സഭാസ്നേഹിയുമായിരുന്ന ചങ്ങനാശേരി അതിരൂപതാംഗം പുളിംകുന്ന് സ്വദേശി ഷെവ. ഐ.സി. ചാക്കോയുടെ സ്മരണാർത്ഥം അതിരൂപത ഏർപ്പെടുത്തിയിരിക്കുന്ന അവാർഡിന് ശ്രീ. ജോൺ കച്ചിറമറ്റം തെരഞ്ഞെടുക്കപ്പെട്ടു. നാല് വർഷത്തിൽ ഒരിക്കൽ നൽകുന്ന ഈ പുരസ്ക്കാരം 25,001 രൂപയും പ്രശസ്തി പത്രവും അടങ്ങിയതാണ്.

സാമൂഹിക-സാംസ്ക്കാരിക-സഭാ-സാമുദായിക മേഖലകളിൽ നൽകിയ സംഭാവനകളാണ് ശ്രീ. ജോൺ കച്ചിറമറ്റത്തെ ഈ പുരസ്ക്കാരത്തിന് അർഹനാക്കിയത്. അഭി. മാർ തോമസ് തറയിൽ, റവ. ഫാ. ജോസഫ് പനക്കേഴം, പ്രൊ. ഡോ. റൂബിൾ രാജ് എന്നിവരടങ്ങിയ ജഡ്ജിങ്ങ് കമ്മിറ്റി നിർദ്ദേശിച്ച വ്യക്തികളിൽനിന്നും അതിരൂപതാ കൂരിയാ ആണ് അവാർഡ് ജേതാവിനെ തെരഞ്ഞെടുത്തത്.

## ഡൽഹിയിൽ തകർക്കപ്പെട്ട ദേവാലയം ഗവൺമെന്റ് പുനർനിർമ്മിക്കണം

ഡൽഹി ഫരീദാബാദ് രൂപതയിലെ അന്ധേരിമോഡ് ലിറ്റിൽ ഫ്ളവർ ദേവാലയം തകർന്ന സംഭവം മതസ്വാതന്ത്ര്യത്തിനു നേരെയുള്ള കടന്നുകയറ്റവും ഇന്ത്യൻ മതേതരത്ത്വത്തിനേറ്റ കളങ്കവുമാണെന്ന് ചങ്ങനാശേരി അതിരൂപതാ പബ്ളിക് റിലേഷൻസ്-ജാഗ്രതാ സമിതി.

നൂറുകണക്കിന് കുടുംബങ്ങളുടെയും ആയിരക്കണക്കിന് വിശ്വാസികളുടെയും ആരാധനാകേന്ദ്രവും അഭയസ്ഥാനവുമായിരുന്ന ദേവാലയവും അനുബന്ധസംവിധാനങ്ങളും തകർത്തത് ക്രൈസ്തവ വിശ്വാസത്തോടുള്ള വെല്ലുവിളിയാണെന്നും ഇത് വിശ്വാസീസമൂഹത്തിന് ഏൽപിച്ച ആഘാതവും വേദനയും വളരെ വലുതാണെന്നും സമിതി വിലയിരുത്തി. ഈ സംഭവത്തെപ്പറ്റി ഗവൺമെന്റ് ഉന്നതതല അന്വേഷണം നടത്തണമെന്നും സർക്കാർ ചെലവിൽ അവിടെ ദേവാലയവും അനുബന്ധസംവിധാനങ്ങളും നിർമ്മിച്ച് നൽകണമെന്നും സമിതി കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെട്ടു.

**അഡ്വ. ജോജി ചിറയിൽ**
പി ആർ ഒ

**ഫാ. ജയിംസ് കൊക്കാവയലിൽ**
ഡയറക്ടർ

# സന്ദേശനിലയം
## SANDESANILAYAM

മിശിഹായിൽ സ്നേഹം നിറഞ്ഞവരേ,

കോവിഡ് തീർക്കുന്ന അനിശ്ചിതത്വങ്ങൾക്കിടയിലും നാം വിശ്വാസപരിശീലന പ്രവർത്തനങ്ങളുമായി മുന്നോട്ട് പോവുകയാണല്ലോ. നവമാധ്യമങ്ങളുടെ സഹായത്തോടെ വിശ്വാസപരിശീലന ക്ലാസ്സുകൾ അനേകം അധ്യാപകർ ആകർഷകമായി കൈകാര്യം ചെയ്യുന്നു എന്നത് ഏറെ സന്തോഷപ്രദമായ ഒന്നാണ്. സന്ദേശനിലയം - മിഷൻലീഗ് അതിരൂപതാ അസി. ഡയറക്ടറായി നിയമിതനായിരിക്കുന്ന (തെക്കൻ മേഖലയുടെ പ്രത്യേക ഉത്തരവാദിത്വത്തോടെ) ബഹു.നിബിൻ പഴയമഠം അച്ചനെ ഹൃദ്യമായി സ്വാഗതം ചെയ്യുന്നു. സന്ദേശനിലയം മുൻ ഡയറക്ടറായിരുന്ന ബഹു. ആന്റണി നിരപ്പേൽ അച്ചന്റെ നിര്യാണത്തിൽ അനുശോചിക്കുകയും അച്ചന്റെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. അച്ചന്റെ സേവനത്തെ നന്ദിയോടെ ഓർക്കുന്നു. പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാളിന്റെയും ഇന്ത്യൻ സ്വാതന്ത്ര്യദിനത്തിന്റെയും ആശംസകൾ നേർന്നുകൊണ്ട്

ഈശോയിൽ സ്നേഹപൂർവ്വം

**ഫാ. അനീഷ് കുടിലിൽ**
*(അസി. ഡയറക്ടർ)*

**ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി**
*(ഡയറക്ടർ)*

**ഫാ. ജോഷി പാണംപറമ്പിൽ**
*(ജോ. ഡയറക്ടർ)*

## അറിയിപ്പുകൾ

**2021 ആഗസ്റ്റ്**

| | | |
|---|---|---|
| 1 ഞായർ | : | ക്ലാസ്സ് 10, പതിനഞ്ച് നോമ്പാരംഭം |
| 4 ബുധൻ | : | **വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ,** ഇടവക വൈദികരുടെ ദിനം |
| 6 വെള്ളി | : | നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം |
| 7 ശനി | : | **33-ാമത് അൽഫോൻസാ തീർത്ഥാടനം (ആത്മീയ തീർത്ഥാടനം)** |
| 8 ഞായർ | : | ക്ലാസ്സ് 11 |
| 15 ഞായർ | : | ക്ലാസ് 12, **പരി.കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം** |
| 22 ഞായർ | : | ക്ലാസ് 13 |

**ഏലിയാസ്ലീവാ മൂശാക്കാലം**

| | | |
|---|---|---|
| 29 ഞായർ | : | ക്ലാസ് 14 |

**2021 സെപ്റ്റംബർ**

1 ബുധൻ : എട്ടുനോമ്പാരംഭം

5 ഞായർ : ക്ലാസ്സ് 15

8 ബുധൻ : പരി.കന്യകാമറിയത്തിന്റെ പിറവിത്തിരുനാൾ

## BCT ഓൺലൈൻക്ലാസ്സ്

ഓൺലൈനായി നടത്തപ്പെട്ട BCT കോഴ്സിൽ പങ്കെടുത്ത എല്ലാവരും സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി താഴെ നല്കിയിരിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കുക.

1. ഓൺലൈൻ ക്ലാസ്സുകളെ അടിസ്ഥാനമാക്കി പ്രധാന ആശയങ്ങൾ ക്രോഡീകരിച്ച് 5 പേജിൽ കുറയാത്ത ഒരു പ്രബന്ധം എഴുതി ആഗസ്റ്റ് 15ന് മുമ്പായി സന്ദേശനിലയത്തിൽ ഏല്പിക്കുക.
2. പ്രബന്ധത്തോടൊപ്പം നേരത്തെ നിർദ്ദേശിച്ചിരുന്നതുപോലെ ക്ലാസ്സ് നോട്ടുകളും സന്ദേശനിലയത്തിൽ സമർപ്പിക്കേണ്ടതാണ്.
3. ഇടവകയിലെ സൺഡേസ്കൂൾ ടീച്ചേഴ്സ് അറ്റൻഡൻസ് രജിസ്റ്ററിൽ പേരുള്ളവർക്ക് മാത്രമേ ഈ കോഴ്സിൽ നിന്നും സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂ.
4. സർട്ടിഫിക്കറ്റ് issue ചെയ്യുന്നത് ഓരോ സൺഡേസ്കൂളിൽ നിന്നും സന്ദേശനിലയത്തിൽ ഈ വർഷം ഏല്പിക്കുന്ന സൺഡേസ്കൂൾ ടീച്ചേഴ്സ് സ്റ്റാറ്റിസ്റ്റിക്സിന്റെ അടിസ്ഥാനത്തിലായിരിക്കും.

## സ്വാഗതം

അതിരൂപതയുടെ തെക്കൻ മേഖലയുടെ പ്രത്യേക ചുമതലയോടുകൂടി സന്ദേശനിലയം - മിഷൻലീഗിന്റെ പുതിയ അസി. ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹു. വർഗ്ഗീസ് (നിബിൻ) പഴയമഠം അച്ചന് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു. തെക്കൻ മേഖലയിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്ക് എല്ലാവിധ ദൈവാനുഗ്രഹങ്ങളും നേരുന്നു.

## പ്രത്യേക ശ്രദ്ധയ്ക്ക്

✶ മതബോധനഫണ്ടും പാഠപ്പുസ്തകങ്ങളുടെ തുകയും കുടിശിഖയുള്ളവർ ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

✶ 2019-20ലെ അതിരൂപതാ ബൈബിൾ കലോത്സവത്തിൽ നല്കപ്പെട്ട എവർറോളിംഗ് ട്രോഫികൾ ആഗസ്റ്റ് 31ന് മുമ്പായി സന്ദേശനിലയത്തിൽ ഏല്പിക്കുവാൻ ഹെഡ്മാസ്റ്റേഴ്സ് ശ്രദ്ധിക്കുക.

## റവ. ഫാ. ആന്റണി നിരപ്പേൽ അനുസ്മരണം

അതിരൂപതാ മതബോധന കേന്ദ്രമായ സന്ദേശനിലയത്തിന്റെ പ്രഥമ ഡയറക്ടറായിരുന്ന ബഹു. മാത്യു നടയ്ക്കലച്ചനോടും ജോർജ്ജ് വാവാനിക്കുന്നേലച്ചനോടും ചേർന്ന് മതബോധന ഡയറക്ടറായി വളരെ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച ബഹു. ആന്റണി നിരപ്പേൽ അച്ചന്റെ നിര്യാണത്തിൽ സന്ദേശനിലയം കുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. അതിരൂപതയുടെ

വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്ക് ഊടും പാവും നല്കി വ്യക്തമായ അടിത്തറ പാകിയ അച്ചന്റെ വലിയ സംഭാവനകളെ നന്ദിയോടെ ഓർക്കുന്നു. അച്ചന്റെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുന്നു.

## ആദരാഞ്ജലികൾ

തൃക്കൊടിത്താനം സൺഡേസ്കൂൾ മുൻ ഹെഡ്മാസ്റ്ററും അതിരൂപതാ CRT അംഗവുമായ ശ്രീ. ജോസഫ് കടന്തോടിന്റെയും, ചെറിയവെളിനെല്ലൂർ സൺഡേസ്കൂൾ അധ്യാപകനും അതിരൂപതാ ACC, CRT അംഗവുമായ ശ്രീ. പി. ജെ. ചെറിയാൻ പ്ലാവനാക്കുഴിയുടെ മാതാവിന്റെയും, തത്തംപള്ളി സൺഡേസ്കൂൾ ഹെഡ്മിസ്ട്രസ് സി. സോഫി തെരേസ് കൊടിയന്തറ എസ്.എ.ബി.എസ്, പുന്നക്കുന്നത്തുശ്ശേരി സൺഡേസ്കൂൾ അധ്യാപിക സി. റോസ് മരിയ കൊടിയന്തറ എസ്.എ.ബി.എസ് എന്നിവരുടെ മാതാവിന്റെയും, ആർപ്പൂക്കര (ലിറ്റിൽ ഫ്ളവർ) സൺഡേസ്കൂൾ മുൻ ഹെഡ്മാസ്റ്റർ ശ്രീ. സി. കെ. ചാക്കോ കുളങ്ങോട്ടിലിന്റെ ഭാര്യയുടെയും, വടക്കേഅമിച്ചകരി സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ജോൺ ഗ്രിഗരിയുടെ മാതാവിന്റെയും, അധ്യാപിക ശ്രീമതി. ജാൻസി സേവ്യർ വേങ്ങാട്ടുശ്ശേരിയുടെ പിതാവിന്റെയും മെത്രാപ്പോലീത്തൻ സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. ജിജി ഡൊമിനിക് മുളയ്ക്കലിന്റെ മാതാവിന്റെയും കുടമാളൂർ സൺഡേസ്കൂൾ അധ്യാപിക ശ്രീമതി റ്റെസി റോയ് പെരുമ്പടപ്പിന്റെ പിതാവിന്റെയും, കിളിരൂർ സൺഡേസ്കൂൾ അധ്യാപകരായ ശ്രീ. സാലിച്ചൻ തുമ്പേക്കളം, ശ്രീ. ടോമി തുമ്പേക്കളം എന്നിവരുടെ മാതാവിന്റെയും, ഫാത്തിമാപുരം സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. ജോൺ കളപ്പുരയ്ക്കലിന്റെ പിതാവിന്റെയും, മാമ്പുഴക്കരി സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. പ്രകാശ് ജേക്കബിന്റെ പിതാവിന്റെയും, ഇത്തിത്താനം സൺഡേസ്കൂൾ മുൻ ഹെഡ്മാസ്റ്റർ ശ്രീ. ജോസ് പി. പ്രകാശ് പുളിംപറമ്പിലിന്റെ പിതാവിന്റെയും, ചെത്തിപ്പുഴ സൺഡേസ്കൂൾ അദ്ധ്യാപിക ശ്രീമതി ഷൈനി ജോസഫ് ചന്ദ്രത്തിലിന്റെ പിതാവിന്റെയും നിര്യാണത്തിൽ സന്ദേശനിലയത്തിന്റെ അനുശോചനം അറിയിക്കുകയും പരേതരുടെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# ചെറുപുഷ്പ മിഷൻലീഗ്
## CHERUPUSHPA MISSION LEAGUE

മിശിഹായിൽ സ്നേഹം നിറഞ്ഞവരേ,

ആരാധനക്രമവത്സരത്തിലെ കൈത്താക്കാലത്തിൽ പ്രാർത്ഥനയുടെയും പങ്കുവയ്ക്കലിന്റെയും അനുസരണത്തിന്റെയും ഫലങ്ങൾ നമുക്ക് പുറപ്പെടുവിക്കാം. ആഗസ്റ്റ് 7ന് നടത്തപ്പെടുന്ന അൽഫോൻസാ തീർത്ഥാടനത്തിനായി (ആത്മീയ തീർത്ഥാടനം) നമുക്ക് പ്രാർത്ഥിച്ച് ഒരുങ്ങാം. സന്ദേശനിലയം - മിഷൻലീഗ് പുതിയ അസി. ഡയറക്ടറായി നിയമിതനായിരിക്കുന്ന (തെക്കൻ മേഖലയുടെ പ്രത്യേക ഉത്തരവാദിത്വത്തോടെ) ബഹു. നിബിൻ പഴയമഠം അച്ചനെ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുനാളിന്റെയും ഇന്ത്യൻ സ്വാതന്ത്ര്യദിനത്തിന്റെയും മംഗളങ്ങൾ നേർന്നുകൊണ്ട്

ഈശോയിൽ സ്നേഹപൂർവ്വം

**ഫാ. അനീഷ് കുടിലിൽ**
*(അസി. ഡയറക്ടർ)*

**ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി**
*(ഡയറക്ടർ)*

**ഫാ. ജോഷി പാണംപറമ്പിൽ**
*(ജോ. ഡയറക്ടർ)*

## അറിയിപ്പുകൾ

**2021 ആഗസ്റ്റ്**

1 ഞായർ : 15 നോമ്പാരംഭം

4 ബുധൻ : **വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ**, ഇടവക വൈദിക ദിനം, ഇടവക വൈദികർക്കുവേണ്ടി പ്രാർത്ഥിക്കാം. ആശംസകൾ നേരാം.

6 വെള്ളി : നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം

7 ശനി : **33-ാമത് അൽഫോൻസാ തീർത്ഥാടനം**
(ആത്മീയ തീർത്ഥാടനം)

11 ബുധൻ : കുഞ്ഞേട്ടൻ ചരമദിനം (13-ാം ചരമവാർഷികം)

15 ഞായർ : **പരി.കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുനാൾ**, ഇന്ത്യൻ സ്വാതന്ത്ര്യദിനം

**2021 സെപ്റ്റംബർ**

**ഏലിയാ - സ്ലീവാ- മൂശക്കാലങ്ങൾ**

1 ബുധൻ : എട്ടുനോമ്പാരംഭം

8 ബുധൻ : പരി.കന്യകാമറിയത്തിന്റെ പിറവിത്തിരുനാൾ

9 വ്യാഴം : റവ. ജോസഫ് മാലിപ്പറമ്പിലച്ചന്റെ 23-ാം ചരമദിനം

## ഇടയനോടൊപ്പം

ഇടവക വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനമായ ആഗസ്റ്റ് 4ന് നമ്മുടെ ഇടവകയിൽ ശുശ്രൂഷ ചെയ്യുന്ന വൈദി

കരെ ആദരിക്കുന്നതും അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതും ഉചിതമാണ്. അന്നേ ദിവസം അച്ചന്റെ ദൈവവിളിയെയും പൗരോഹിത്യ ജീവിതത്തെയും കുറിച്ച് കുട്ടികളുടെ ചോദ്യങ്ങൾക്ക് അനുഭവങ്ങൾ പങ്കുവയ്ക്കുന്ന രീതിയിൽ കുട്ടികളുമായി ഓൺലൈൻ മീറ്റിംഗ് സംഘടിപ്പിക്കാവുന്നതാണ്. മിഷൻ പ്രദേശങ്ങളിൽ സേവനം ചെയ്യുന്ന ഇടവകാംഗങ്ങളായ വൈദികരെയും മീറ്റിംഗിൽ പങ്കെടുപ്പിക്കാവുന്നതാണ്. അതോടൊപ്പം ഇടവകാംഗങ്ങളായ മറ്റു വൈദികരെ ഫോണിൽ വിളിച്ച് ആശംസ അറിയിക്കുവാനും ശ്രദ്ധിക്കുമല്ലോ. മേഖലാ ഭാരവാഹികൾ അവരുടെ മേഖലയിൽ ശുശ്രൂഷ ചെയ്യുന്ന എല്ലാവൈദികരെയും ആശംസ അറിയിക്കുന്നത് ഉചിതമായിരിക്കും. കുഞ്ഞു മിഷനറിമാരുടെ ദൈവവിളി പ്രോത്സാഹനത്തിനായി ഈ ദിവസം പരമാവധി പ്രയോജനപ്പെടുത്തുക.

## അൽഫോൻസാ തീർത്ഥാടനം

ആഗസ്റ്റ് 7ന് 33-ാമത് അൽഫോൻസാ തീർത്ഥാടനം നടത്തപ്പെടുന്നു. കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ചായിരിക്കും തീർത്ഥാടനത്തിന്റെ ക്രമീകരണങ്ങൾ. ജൂലൈ 29 മുതൽ തീർത്ഥാടനത്തിനൊരുക്കമായി മധ്യസ്ഥപ്രാർത്ഥനകൾ പോസ്റ്റർ രൂപത്തിൽ അതിരൂപതാ ഓഫീസിൽ നിന്നും നല്കുന്നതാണ്. ഭവനങ്ങളിൽ വി. അൽഫോൻസാമ്മയുടെ ഫോട്ടോയോ രൂപമോ അലങ്കരിച്ച് കുടുംബപ്രാർത്ഥനയ്ക്കുശേഷം ഈ മദ്ധ്യസ്ഥ പ്രാർത്ഥനകൾ ചൊല്ലേണ്ടതാണ്. അൽഫോൻസാമ്മയുടെ സൂക്തങ്ങൾ മന:പാഠമാക്കിയും അൽഫോൻസാമ്മ ചൊല്ലിയിരുന്ന പ്രാർത്ഥന ഏറ്റുചൊല്ലിയുമൊക്കെ അൽഫോൻസാ തീർത്ഥാടനം ഒരു ആത്മീയ തീർത്ഥാടനമാക്കി മാറ്റാൻ ശ്രദ്ധിക്കുക. തീർത്ഥാടനത്തെ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

## സ്വർഗ്ഗാരോപണതിരുനാളും സ്വാതന്ത്ര്യദിനവും

**ം മരിയൻ ക്വിസ്**

മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിനോടനുബന്ധിച്ച് ശാഖാ തലത്തിൽ ക്വിസ് പ്രോഗ്രാം സംഘടിപ്പിക്കുന്നത് നന്നായിരിക്കും. ക്വിസിനു വിഷയമായി 'മാതാവിനെ സംബന്ധിക്കുന്ന വിശ്വാസസത്യങ്ങൾ' എന്ന പേരിലുള്ള വീഡിയോസ് സന്ദേശനിലയം ഫേസ്ബുക്ക് പേജിൽ നിന്നും ലഭിക്കുന്നതാണ്.

**ം പോസ്റ്റർ മത്സരം**

ഭാരതത്തിന്റെ സ്വാതന്ത്ര്യദിനാഘോഷത്തോടനുബന്ധിച്ച് പോസ്റ്റർ രചന മത്സരം ശാഖാതലത്തിൽ നടത്താവുന്നതാണ്.

**ം കരുതലിനു നന്ദിയോടെ**

കോവിഡ് കാലത്ത് സ്വന്തം ആരോഗ്യവും സുഖവും മറന്ന് നമുക്കുവേണ്ടി ജോലി ചെയ്യുന്ന ആരോഗ്യപ്രവർത്തകർ, നിയമപാലകർ, മറ്റ് സന്നദ്ധ പ്രവർത്തകർ എന്നിവരെ അനുമോദിച്ച് ശാഖാ - മേഖലാ തലങ്ങളിൽ ഓൺലൈനായി പ്രോഗ്രാമുകൾ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് നടത്തുന്നത് ഉചിതമാണ്.

## ആദരാഞ്ജലികൾ

മിഷൻലീഗ് അതിരൂപതാ എക്സിക്യൂട്ടീവ് അംഗമായ ശ്രീ. സാലിച്ചൻ തുമ്പേക്കളത്തിന്റെ മാതാവിന്റെ നിര്യാണത്തിൽ അതിരൂപതാ മിഷൻലീഗ് കുടുംബത്തിന്റെ അനുശോചനം അറിയിക്കുകയും പരേതയുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഈശോയിൽ ഏറ്റം സ്നേഹം നിറഞ്ഞവരെ,

പരി. അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളിന്റെയും ഭാരതസ്വാതന്ത്ര്യത്തിന്റെയും മംഗളങ്ങൾ ഏവർക്കും നേരുന്നു.

ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെ നിരവധിയായ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം കാണുന്നതിനായി നിയമിതമായ ജെ.ബി.കോശി കമ്മീഷൻ മുമ്പാകെ നമ്മുടെ എല്ലാ ഇടവകകളിൽ നിന്നും, കൂട്ടായ്മ തലത്തിലും നിവേദനങ്ങൾ നൽകിയിട്ടുണ്ടെന്നു കരുതുന്നു. നമ്മുടെ കുട്ടികൾ ഉന്നത പഠനത്തിനായി പരിശ്രമിക്കുന്ന സമയമാണല്ലാ. ഇതിലേയ്ക്കായി EWS സർട്ടിഫിക്കറ്റുകൾ അർഹരായ എല്ലാവർക്കും വാങ്ങിക്കൊടുക്കുന്നതിന് കൂട്ടായ്മാതലത്തിൽ ശ്രമങ്ങൾ ഉണ്ടാകണം. കൂടുതൽ പ്രവർത്തനനിരതരാകേണ്ട സമയമാണിത്.

നമ്മുടെ അനുദിന കുടുംബപ്രാർത്ഥനയിൽ കോവിഡ് മഹാമാരിയുടെ ഉന്മൂലനത്തിനായി പ്രത്യേക നിയോഗംവച്ച് പ്രാർത്ഥിക്കേണ്ടതാണ്. ഏവർക്കും ദൈവാനുഗ്രഹങ്ങൾ നേരുന്നു.

പ്രാർത്ഥനയോടെ,

**ഫാ. ജെന്നി കായംകുളത്തുശ്ശേരി**

*(ഡയറക്ടർ)*

## വാർത്തകൾ – പ്രവർത്തനങ്ങൾ

## KLT കോഴ്സ്

KLT രണ്ടാം ബാച്ചിന്റെ ഓൺലൈൻ ക്ലാസ് വിജയകരമായി നടന്നു വരുന്നു. കഴിഞ്ഞ അഞ്ചു ക്ലാസുകൾ ദൈവാരാധനയെക്കുറിച്ചുള്ളതായിരുന്നു. ആരാധനയുടെ ആഴങ്ങളിലേയ്ക്കു കടന്ന് ദൈവാരാധനയെക്കുറിച്ച് പുതിയ ഉൾക്കാഴ്ചകൾ നൽകിയ റവ. ഡോ. കിഴക്കേവീട് ജേക്കബച്ചനും മാധ്യമജാഗ്രത എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് നല്കിയ ബഹു. ഇലഞ്ഞിമറ്റം ജോസഫച്ചനും കുടുംബകൂട്ടായ്മ വിഭാഗത്തിന്റെ പേരിലുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു.

### ജെ.ബി കോശി കമ്മീഷൻ ഓൺലൈൻ സെമിനാർ

ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ വിവിധ മേഖലകളിലെ പിന്നാക്കാവസ്ഥ പഠിപ്പ് റിപ്പോർട്ടു സമർപ്പിക്കുവാൻ നിയമിതമായ ജെ.ബി. കോശി കമ്മീഷൻ മുമ്പാകെ സമർപ്പിക്കുന്നതിനുള്ള നിവേദനങ്ങളുടെ രൂപരേഖ ഇതിനോടകം എല്ലാ ഇടവകകൾക്കും നൽകുകയുണ്ടായി. അതിരൂപത കുടുംബകൂട്ടായ്മയിൽ നിന്നും നിവേദനം സമർപ്പിക്കുന്നതിനുള്ള ശ്രദ്ധ ക്ഷണിക്കലിനായി കൂട്ടായ്മ സെൻട്രൽ കമ്മറ്റി സമ്മേളനം 21/7/21 ബുധനാഴ്ച 3 pm-ന് ഓൺലൈനായി സംഘടിപ്പിച്ചു. പലരും തങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങൾ പങ്കുവയ്ക്കുകയുണ്ടായി. പങ്കെടുത്ത എല്ലാവർക്കും നന്ദി അറിയിക്കുന്നു.

### അൽമായ പ്രഘോഷക സംഗമം

2021 ജൂലൈ 17-ാം തീയതി അൽമായ വചനപ്രഘോഷകർക്കായി ഓൺലൈനായി സംഗമം നടത്തുകയുണ്ടായി. 28 പേർ പങ്കെടുത്തു. അഭി. മാർ

ജോസഫ് പെരുന്തോട്ടം അദ്ധ്യക്ഷത വഹിച്ചു. വികാരി ജനറാൾ വെരി റവ. ഡോ. തോമസ് പാടിയത്ത് മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. പ്രസ്തുത സംഗമത്തിന്റെ ക്രമീകരണങ്ങൾക്ക് കുടുംബക്കൂട്ടായ്മ ഡയറക്ടർ റവ. ഫാ. ജെന്നി കായംകുളത്തുശേരി നേതൃത്വം വഹിച്ചു.

### ആത്മീയ സംഗമം

ജൂലൈ മാസത്തെ ആത്മീയസംഗമം പ്രാർത്ഥനാകൂട്ടായ്മ 29-ാം തീയതി 3 pmന് നടന്നു. ഡയറക്ടർ വചന സന്ദേശം നൽകി. അതിരൂപതയിലെ എല്ലാ പ്രവർത്തനങ്ങളുടെയും വിജയത്തിനായി പ്രാർത്ഥിച്ചു.

### കോവിഡ് സഹായഫണ്ട് .

കോവിഡ് ദുരന്തത്താൽ വേദനയനുഭവിക്കുന്നവരെ സഹായിക്കുന്നതിനായി അഭിവന്ദ്യ പിതാവ് ഏർപ്പെടുത്തിയ കോവിഡ് സഹായ ഫണ്ടിലേയ്ക്ക് സുമനസുകളുടെ സഹായം ലഭിക്കുകയുണ്ടായി. ഈ പദ്ധതിയോടു സഹകരിച്ച കുടുംബകൂട്ടായ്മ പ്രവർത്തകർക്ക് ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

***സംഭാവന നൽകിയവർ***

1. എ.എം.തോമസ് ആയല്ലൂർ, മോർക്കുളങ്ങര, ചങ്ങനാശേരി
2. സിബിച്ചൻ മുക്കാട്ട്, തൃക്കൊടിത്താനം
3. ലൗലി ജോസഫ് ചെക്കാത്തടത്തിൽ, കോട്ടയ്ക്കപ്പുറം
4. ഏലിക്കുട്ടി തോമസ് താനക്കണ്ടത്തിൽ, പാറേൽ, ചങ്ങനാശേരി
5. ജോർജ് ജോസഫ് ഓരത്തേൽ, മാമ്മൂട്
6. ജോർജ് ജോസഫ്
7. ത്രേസ്യാമ്മ, അതിരമ്പുഴ
8. തോമസ് ജോസഫ്, കുമരകം നവനസ്രത്ത്
9. വർഗ്ഗീസ് എ.സി.

### ആദരാഞ്ജലികൾ

കുടുംബകൂട്ടായ്മയുടെ മുൻ സെൻട്രൽ കമ്മറ്റി അംഗവും, ടീച്ചിംഗ് ടീം മെമ്പറുമായി സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ. കെ.എസ്. ജോസഫ് കടന്തോടിന്റെ നിര്യാണത്തിൽ അനുശോചനം അറിയിക്കുകയും പരേതന്റെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## അറിയിപ്പുകൾ

## KLT ക്ലാസുകൾ

ആഗസ്റ്റ് 7, 14 – ക്രൈസ്തവധാർമ്മികത

### കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബൈബിൾ സാഹിത്യമത്സരങ്ങൾ – 2021

ലേഖനം, കവിത, കഥ, ഏകാങ്കനാടകം എന്നീ ഇനങ്ങളിലാണ് മത്സരം. ആനുകാലികാവിഷ്കരണങ്ങൾ അനുവദനീയമാണ്.

**പൊതുവിഷയം: *കൊറോണകാലത്തെ അതിജീവനവും വിശുദ്ധ ഗ്രന്ഥവും*** (ഉപകാരപ്രദമായ വചനഭാഗങ്ങൾ: ഹെബ്രായ. 13,8; ഫിലി. 4:6-7; 2 കോറി. 4:16-18; നിയമാ. 31,6; ഏശയ്യ 43,19; ജറെമി. 29,11; ജോബ് 19,26; ഏശ. 61, 3, ദാനി. 3,27-28; ഹബക്കുക്ക് 3,17).

ലേഖനമത്സരം അല്മായർ, സെമിനാരി വിദ്യാർത്ഥികൾ, സന്ന്യാസിനികൾ എന്നീ ഗ്രൂപ്പുകൾക്ക് വെവ്വേറെയായിരിക്കും. ലേഖനം 10 പേജിലും (പ്രിന്റ്: 6 പേജ്) ചെറുകഥ 6 പേജിലും (പ്രിന്റ്: 3 പേജ്) കവിത 60 വരികളിലും കവിയരുത്. ഏകാങ്കം 30 മിനിട്ടുകൊണ്ട് അവതരിപ്പിക്കാവുന്നതായിരിക്കണം. കൃതി അനുകരണമോ വിവർത്തനമോ മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏൽപിച്ചിട്ടുള്ളതോ ആയിരിക്കരുത്. രചനകളിൽ പേരോ വിലാസമോ എഴുതരുത്. പേരും വിലാസവും രൂപതയുടെ പേരും മറ്റൊരു കടലാസ്സിലെഴുതി പിൻചെയ്തിരിക്കണം. മത്സരത്തിനയയ്ക്കുന്ന കൃതികളോടൊപ്പം വികാരിയുടെയോ സുപ്പീരിയറിന്റെയോ സാക്ഷ്യപത്രവും 50 രൂപ വീതം രജിസ്ട്രേഷൻ ഫീസും (MO/ DD / Bank transfer to KCBC Bible Commission A/c No. 0423053000006271, IFSC: SIBL0000423, SWIFT: SOININSS, South Indian Bank, Vennala branch) അയയ്ക്കേണ്ടതാണ്. ഇവ രണ്ടും ലഭിക്കാത്ത രചനകൾ സ്വീകരിക്കുന്നതല്ല. ഒന്നും രണ്ടും മൂന്നും സ്ഥാനത്തെത്തുന്ന സമ്മാനാർഹർക്ക് യഥാക്രമം 2000 രൂപ, 1500 രൂപ, 1000 രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ബൈബിളും നൽകുന്നതാണ്. കൃതികൾ ലഭിക്കേണ്ട അവസാന തീയതി 2021 ഒക്ടോബർ 1 ആണ്.

*കൃതികൾ അയയ്ക്കേണ്ട വിലാസം:*
സെക്രട്ടറി, കെ. സി.ബി.സി. ബൈബിൾ കമ്മീഷൻ, പി.ഒ.സി., പാലാരിവട്ടം, വെണ്ണല പി.ഒ., കൊച്ചി - 682 028

## വചനസർഗപ്രതിഭാ പുരസ്കാരത്തിന് കൃതികൾ ക്ഷണിക്കുന്നു

ദീർഘകാലം കെസിബിസി ബൈബിൾ കമ്മീഷനെയും ബൈബിൾ സൊസൈറ്റിയെയും നയിച്ച ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിലിന്റെ ബഹുമാനാർത്ഥം ഏർപ്പെടുത്തിയിരിക്കുന്ന വചനസർഗപ്രതിഭാ പുരസ്കാരത്തിന് 2021-ലേക്കുള്ള എൻട്രികൾ ക്ഷണിക്കുന്നു. ബൈബിൾ മേഖലയിലെ ക്രിയാത്മകസംഭാവനകൾ പ്രോത്സാഹിപ്പിക്കുന്നതിന് കേരളാകാത്തലിക് ബൈബിൾ സൊസൈറ്റിയാണു പുരസ്കാരം ഏർപ്പെടുത്തിയിരിക്കുന്നത്. 25000 രൂപ ക്യാഷ് അവാർഡും പ്രശംസാഫലകവുമാണ് പുരസ്കാരം.

ബൈബിൾ വിജ്ഞാനീയത്തിൽ മലയാളഭാഷയിൽ പുസ്തകരൂപത്തിൽ പ്രസിദ്ധീകൃതമായ രചനകളാണ് 2021-ലെ പുരസ്കാരത്തിന് പരിഗണിക്കപ്പെടുന്നത്. ബൈബിൾ പഠനമേഖലയിൽ വ്യക്തിയോ സംരംഭമോ പ്രസ്ഥാനമോ 2016 മുതൽ പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങൾ സമർപ്പിക്കാവുന്നതാണ്. പുസ്തകത്തിന്റെ 3 കോപ്പികൾ വീതം സമർപ്പിക്കേണ്ടതാണ്. വിശുദ്ധഗ്രന്ഥത്തോടു പുലർത്തുന്ന നീതി, സൃഷ്ടിയുടെ മൗലികത, ക്രിയാത്മകത എന്നിവയായിരിക്കും അവാർഡിനുള്ള മാനദണ്ഡങ്ങൾ. ജാതിമതഭേദമന്യേ ആരും അവാർഡിനു പരിഗണിക്കപ്പെടും.

2021 സെപ്റ്റംബർ 30 ന് മുമ്പ് സെക്രട്ടറി, കേരളാകാത്തലിക് ബൈബിൾ സൊസൈറ്റി, പി.ഒ.സി., പാലാരിവട്ടം, വെണ്ണല പി.ഒ., കൊച്ചി - 682 028 എന്ന വിലാസത്തിലാണ് എൻട്രികൾ സമർപ്പിക്കേണ്ടത്. ഫോൺ നമ്പർ: 0484-2805897.

വിശദവിവരങ്ങളും അപേക്ഷാഫോറവും ബൈബിൾ സൊസൈറ്റി വെബ്സൈറ്റിൽ (www.keralabiblesociety.com) ലഭ്യമാണ്.

ഈശോയിൽ പ്രിയ കുടുംബപ്രേഷിതരെ,

കുടുംബപ്രേഷിത ശുശ്രൂഷകൾ ഭംഗിയായി നടക്കുന്നുവെന്ന് വിചാരിക്കുന്നു. കോവിഡ് ഭീഷണിയിൽ മനസ്സും ശരീരവും തളരാതെ കുടുംബപ്രേഷിത പ്രവർത്തനങ്ങളിൽ വ്യാപൃതരാകാം. കാരണം ഇന്ന് ജീവിതത്തിന്റെ ഭൂരിഭാഗവും ചില വഴിക്കപ്പെടുന്നത് കുടുംബത്തിലായി മാറിയിരിക്കുന്നു. കുടുംബം വി. കുർബാന ആഘോഷിക്കപ്പെടുന്ന ദൈവാലയമായി... കുടുംബം മതബോധനം നല്കുന്ന സൺഡേസ്കൂളായി... കുടുംബം അറിവു പകരുന്ന വിദ്യാലയമായി... കുടുംബം ജോലി ചെയ്യുന്ന തൊഴിൽ സ്ഥാപനമായി... മാതാപിതാക്കൾ അദ്ധ്യാപകരും ആത്മീയാചാര്യരും സ്ഥാപന മേധാവികളുമായി... അങ്ങനെ കുടുംബം എല്ലാമെല്ലാമായി... അതിനാൽ കുടുംബത്തിന്റെ പവിത്രത തിരിച്ചറിഞ്ഞ് നമുക്ക് ജീവിക്കാം. ഇക്കാരണത്താൽ തന്നെ കുടുംബപ്രേഷിതശുശ്രൂഷ ഏറെ വിലപ്പെട്ടതാണ്. നമ്മുടെ ശുശ്രൂഷവഴി കുടുംബബന്ധങ്ങളിലെ ഇഴയടുപ്പം വർദ്ധിക്കട്ടെയെന്നാശംസിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. റ്റിജോ പുത്തൻപറമ്പിൽ**
**ഫാ. സോണി പള്ളിച്ചിറ**
*(അസി. ഡയറക്ടർമാർ)*

**ഫാ. ജോസ് മുകളേൽ**
*(ഡയറക്ടർ)*

## റിപ്പോർട്ട്

### 1. എയ്ഞ്ചൽസ് മീറ്റ്

ജൂലൈ 1 ഡോക്ടേഴ്സ് ഡേയോടനുബന്ധിച്ച് ആരോഗ്യമേഖലയിൽ പ്രവൃത്തിക്കുന്ന ഡോക്ടേഴ്സ്, നേഴ്സസ്, പാരാമെഡിക്കൽ സ്റ്റാഫ്സ്, മറ്റ് ആരോഗ്യ പ്രവർത്തകർ എന്നിവരെ കണ്ടെത്തി അവർക്ക് എയ്ഞ്ചൽസ് മീറ്റിന്റെ ഭാഗമായി യൂണിറ്റ്, ഫൊറോന തലത്തിൽ ആദരം അർപ്പിച്ചു.

### 2. മെഡിക്കൽ കിറ്റ്

അതിരൂപത ഫാമിലി അപ്പസ്തോലേറ്റ് മാതൃ-പിതൃവേദി സംഘടനകളുടെ നേതൃത്വത്തിൽ 'നല്ല സമറായൻ' പദ്ധതിയുടെ ഭാഗമായി അതിരൂപതയിലെ 1500 കുടുംബങ്ങൾക്ക് കോവിഡ് പ്രതിരോധ മെഡിക്കൽ കിറ്റുകൾ സൗജന്യമായി വിതരണം ചെയ്തു. മെഡിക്കൽ കിറ്റുകളുടെ അതിരൂപതാതല ഉദ്ഘാടനം അഡ്വ. ജോബ് മൈക്കിൾ MLA ഉദ്ഘാടനം ചെയ്തു. ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം അധ്യക്ഷതവഹിച്ചു. പ്രസ്തുത പദ്ധതിയുടെ വിജയത്തിനായി അക്ഷീണം പ്രവൃത്തിച്ച ഏവർക്കും നന്ദിയർപ്പിക്കുന്നു.

### 3. ഫെയ്സ് 2 ഫെയ്സ് ഫൊറോന സംഗമം

മാതൃവേദി പിതൃവേദി അതിരൂപതാസമിതിയും ഫൊറോനാ സമിതികളും മുഖാമുഖമിരുന്ന് പ്രവർത്തനങ്ങളെ വിലയിരുത്താനും മാർഗ്ഗരേഖ വിശദീകരിക്കാനും അവസരം ഒരുക്കുന്ന Face 2 Face (മുഖാമുഖം) എന്ന ഓൺലൈൻ സന്ദർശനപ്രോഗ്രാം അതിരൂപതയിലെ 16 ഫൊറോനകളുമായി ചേർന്ന് വിജയകരമായി നടത്തി.

**4. ജൂലൈ 25 ഗ്രാന്റ് പേരന്റ്സ് ഡേ (വി. യോവാക്കീം, വി. അന്ന)**

മാതൃ-പിതൃവേദി അതിരൂപത, ഫൊറോന, ഇടവക തലത്തിൽ ഗ്രാന്റ് പേരന്റ്സിനെ ആദരിച്ചു. *'വാർദ്ധക്യം ക്രിയാത്മകമാക്കാൻ'* എന്ന വിഷയത്തിൽ ഫൊറോനാതലത്തിൽ വെബിനാറുകൾ സംഘടിപ്പിച്ചു.

**5. ജൂലൈ 28 - വി. അൽഫോൻസാമ്മ തിരുനാൾ ആശംസകൾ**

വി. അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തോടനുബന്ധിച്ച് ദീപിക പത്രത്തിലൂടെ ആശംസകൾ പ്രസിദ്ധീകരിക്കുന്ന പദ്ധതിക്ക് മാതൃ-പിതൃ അതിരൂപതാ സമിതി നേതൃത്വം നൽകി.

**6. സേവ് കുട്ടനാട് - നിവേദനം തയ്യാറാക്കി**

കുട്ടനാടിന്റെ നിലവിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച്, റിപ്പോർട്ട് (നിവേദനം) അധികാരികൾക്ക് സമർപ്പിക്കുന്നതിനായി തയ്യാറാക്കി.

**7. ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ**

ക്രൈസ്തവ ന്യൂനപക്ഷത്തിന്റെ വിദ്യാഭ്യാസം, സാമ്പത്തിക പിന്നാക്കാവസ്ഥ, സാമൂഹിക ക്ഷേമം എന്നിവയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി രൂപീകരിച്ച ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ മുമ്പാകെ സമർപ്പിക്കുന്നതിനായി അതിരൂപതാസമിതി മുൻകൈയ്യെടുത്ത് നിവേദനങ്ങൾ തയ്യാറാക്കി. വ്യക്തിപരമായും ഇടവകതലത്തിലും വിവിധ വിഷയങ്ങളിൽ നിവേദനങ്ങൾ തയ്യാറാക്കി നൽകുന്നതിന് യൂണിറ്റ് ഭാരവാഹികൾക്ക് പരിശീലനവും നിർദ്ദേശവും നൽകി.

**8. അംഗത്വമാസാചരണം (മെമ്പർഷിപ്പ് കാമ്പയിൻ)**

2021- ജൂൺ, ജൂലൈ മാസത്തിൽ എല്ലാ ഇടവകകളും കേന്ദ്രീകരിച്ച് അംഗത്വമാസാചരണം സംഘടിപ്പിച്ചു. നൂറുകണക്കിന് യുവദമ്പതികളെ മാതൃവേദി, പിതൃവേദി അംഗങ്ങളായി സംഘടനയിലേക്ക് പുതുതായി ചേർക്കുകയും ചെയ്തു.

## അറിയിപ്പുകൾ

**പ്രോലൈഫ് ആരാധനയും വചനപ്രഘോഷണവും**

ജൂലൈ 23-ാം തീയതി വെള്ളിയാഴ്ച രാവിലെ 11 മുതൽ 1 മണിവരെ ആരാധനയും വചനപ്രഘോഷണവും പാറേൽ സെന്റ് മേരീസ് പള്ളിയിൽ നടന്നു. അഭിവന്ദ്യ മാർ തോമസ് തറയിൽ സന്ദേശം നല്കി. ബഹു. ഷാജി തുമ്പേച്ചിറയിലച്ചൻ ആരാധന നയിച്ചു.

**ആഗസ്റ്റ് 15 മാതൃവേദിയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥയുടെ തിരുനാൾ**

***(Digital free Family hour - മാധ്യമ വിമുക്ത മണിക്കൂർ)***

✶സായാഹ്നങ്ങളിൽ ഒരു മണിക്കൂർ കുടുംബത്തോടൊപ്പം✶

മാധ്യമങ്ങളെ അകറ്റിനിർത്തി ഒരുമിച്ചു പ്രാർത്ഥിക്കാനും സ്നേഹസംഭാഷണങ്ങളിൽ ഏർപ്പെടാനും അത്താഴമുണ്ണാനും കുടുംബാംഗങ്ങൾ ഒരുമിച്ചു ചെലവിടുന്ന ഊഷ്മളനിമിഷങ്ങൾ (ഈ സമയത്ത് വീട്ടിലെ ടിവി, മൊബൈൽ, കമ്പ്യൂട്ടർ തുടങ്ങിയവയെല്ലാം ഓഫ് ചെയ്യേണ്ടതാണ്)

## ONLINE PRE MARRIAGE COURSE

| ആഗസ്റ്റ് | സെപ്റ്റംബർ |
|---|---|
| 6, 7, 8 (Booking Date: Jul. 26) | 3, 4, 5 (Booking Date: Aug. 23) |
| 13, 14, 15 ( " Aug. 02) | 10, 11, 12 ( " Aug. 30) |
| 20, 21, 22 ( " Aug. 05) | 17, 18, 19 ( " Sep. 06) |
| 27, 28, 29 ( " Aug. 16) | 24, 25, 26 ( " Sep. 13) |

**For Booking:**
www. familyapostolatechry.com
Mob: 9447030814, 9447016240
*Booking Starts at 11.00 am*

## നിരണം തീർത്ഥാടനം

ജൂലൈ 3 മാർ തോമാ ശ്ലീഹായുടെ ദുക്റാന തുരുനാളിനോട് അനുബന്ധിച്ചു ചങ്ങനാശേരി അതിരൂപതാ യുവദീപ്തി - എസ്.എം.വൈ.എം നടത്തിവന്നിരുന്ന നിരണം തീർത്ഥാടനം ഇപ്രാവശ്യം കോവിഡ് പ്രതിസന്ധി മൂലം ആത്മീയ ശുശ്രൂഷയായി നടത്തപ്പെട്ടു. അന്നേ ദിവസം രാവിലെ 6:30 ന് നിരണം തീർത്ഥാടന കേന്ദ്രത്തിൽനിന്നും അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത അർപ്പിച്ച വി. കുർബാന live telecast ആയി നടത്തപ്പെട്ടു.

### പരിസ്ഥിതിദിന പോസ്റ്റർ രചന മത്സരം

പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ചു നടത്തപ്പെട്ട പോസ്റ്റർ രചനയുടെ ഫലം ജൂലൈ 6-ന് പ്രഖ്യാപിച്ചു. KCYM സംസ്ഥാന സമിതി വൈസ് പ്രസിഡന്റ് റോഷ്ന മറിയം ഈപ്പൻ ഫേസ്ബുക് ലൈവിലൂടെ മത്സരത്തിന്റെ ഫലം പ്രഖ്യാപിച്ചു.

***വിജയികൾ -***

1st - Baicy Antony, Kodinattumkunnu Unit, Thrikodithanam Forane

2nd - Ann Theresa Sinoy, Mannarkunnu Unit, Athirampuzha Forane

3rd - Charles Alex, Chemkulam Unit, Kollam-Ayoor Forane

### ഫാ. സ്റ്റാൻ സ്വാമിയുടെ മരണത്തിൽ പ്രതിഷേധിച്ചു

ഭരണകൂട ഭീകരതയുടെ രക്തസാക്ഷിയായി മാറിയ ഫാ. സ്റ്റാൻ സ്വാമിയുടെ മരണത്തിൽ അതിരൂപത സമിതിയുടെ നേതൃത്വത്തിൽ യുവജനങ്ങൾ അനുശോചിക്കുകയും വിവിധ പ്രതിഷേധങ്ങൾ നടത്തുകയും ചെയ്തു.

### YTP പുതിയ ബാച്ച് ആരംഭിക്കുന്നു

യൂത്ത് ട്രെയിനിംഗ് പ്രോഗ്രാമിന്റെ (YTP)പുതിയ ബാച്ചിലേയ്ക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. 2021 പ്രവർത്തന വർഷത്തെ YTP യിൽ ഏകദേശം100 ഓളം പേർ രജിസ്റ്റർ ചെയ്തു. ക്ലാസുകൾ ജൂലൈ അവസാനവാരം ആരംഭിക്കുന്നതാണ്.

### SMYM സോണൽ മീറ്റിംഗ്

സീറോമലബാർ യൂത്ത് മൂവ്മെന്റിന്റെ (SMYM) സോണൽ മീറ്റിംഗ് കാഞ്ഞിരപ്പള്ളി രൂപതയിൽ നടത്തപ്പെട്ടു. ചങ്ങനാശേരി, കാഞ്ഞിരപ്പള്ളി, പാലാ രൂപതകളുടെ യുവജന നേതൃസംഗമത്തിൽ ചങ്ങനാശേരി അതിരൂപതയിൽ നിന്നും 8 പേർ പങ്കെടുത്തു. സംഘടനയ്ക്കുനേരെ ഉണ്ടാവുന്ന സൈബർ ആക്രമണങ്ങളെക്കുറിച്ചും, ആനുകാലിക വിഷയങ്ങളെക്കുറിച്ചും സോണൽ മീറ്റിംഗിൽ ചർച്ച ചെയ്തു.

### കൊയ്നോസ് (KOINOS) 2021

ചങ്ങനാശേരി അതിരൂപത യുവദീപ്തി-എസ്.എം.വൈ.എം. ന്റെ നേതൃത്വത്തിൽ ഈ വർഷത്തെ യുവജനദിനാചരണം KOINOS 2021 എന്ന പേരിൽ

നടത്തപ്പെടുകയുണ്ടായി. 'നാം സോദരർ' എന്ന വിഷയത്തെ ആസ്പദമാക്കി ജൂലൈ 18–ന് ഞായറാഴ്ച ഉച്ചകഴിഞ്ഞു 3 മണി മുതൽ ഓൺലൈനായി യുവജന ദിനാചരണം നടത്തി. 250 ൽ പരം യുവജനങ്ങൾ പങ്കെടുത്തു. അതിരൂപത പ്രസിഡന്റ് ശ്രീ. ജോബിൻ ജോസഫ് ഇടത്താഴെയുടെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് യുവജനദിനാചരണപരിപാടികൾ ഉദ്ഘാടനം ചെയ്തു. അതിരൂപത ജോയിന്റ് ഡയറക്ടർ ഫാ. ജോബിൻ ആനക്കല്ലുങ്കൽ ആമുഖ പ്രഭാഷണം നടത്തി. KCYM സംസ്ഥാന ഡയറക്ടർ ഫാ. സ്റ്റീഫൻ ചാലക്കര മുഖ്യപ്രഭാഷണം നടത്തി. സിനി ആർട്ടിസ്റ്റ് ബൈജു എഴുപുന്ന മുഖ്യാതിഥി ആയിരുന്നു. വെരി റവ.ഫാ. ജോസഫ് വാണിയപ്പുര അനുഗ്രഹപ്രഭാഷണം നടത്തി. കെ.സി.വൈ.എം. സംസ്ഥാന ജന.സെക്രട്ടറി ഷിജോ മാത്യു ഇടയാടി ആശംസ അർപ്പിച്ചു സംസാരിച്ചു. തുരുത്തി, കൊല്ലം–ആയൂർ, അതിരമ്പുഴ ഫൊറോനകളിൽ നിന്നുള്ള യുവജനങ്ങൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

**കൗൺസിലിംഗ് സെൽ ഉദ്ഘാടനം**

യുവദീപ്തി എസ്.എം.വൈ.എം. ന്റെ നേതൃത്വത്തിൽ നടത്തുന്ന കൗൺസിലിങ് സെല്ലിന്റെ ഉദ്ഘാടനം അതിരൂപത വികാരി ജനറാൾ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ നിർവഹിച്ചു. ഇതിലൂടെ യുവജനങ്ങൾക്ക് മാനസിക സമ്മർദ്ദം ലഘൂകരിക്കുവാനായി വിദഗ്ദ്ധ കൗൺസിലർമാരുടെ സേവനം ലഭ്യമാകുന്നതാണ്.

**അഭിനന്ദനങ്ങൾ**

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ചു കെ.സി.വൈ.എം. സംസ്ഥാന സമിതി സംഘടിപ്പിച്ച ചിത്രരചനാ മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ കുറിച്ചി സെന്റ് ജോസഫ് യൂണിറ്റിലെ (തുരുത്തി ഫൊറോന) ജോയൽ ചെറിയാന് അഭിനന്ദനങ്ങൾ.

**അംഗത്വ മാസാചരണം**

യുവദീപ്തി എസ്. എം. വൈ. എം. പ്രസ്ഥാനത്തിന്റെ ഭാഗമാകാനുള്ള അഫിലിയേഷൻ ഓഗസ്റ്റ് 1 ന് അവസാനിക്കുകയാണ്. എല്ലാ യൂണിറ്റിലെയും മുഴുവൻ യുവജനങ്ങളും അഫിലിയേഷൻ പൂർത്തിയാക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**ജെ. ബി. കോശി കമ്മീഷൻ; നിവേദനം**

ന്യൂനപക്ഷ അവകാശങ്ങളെപറ്റി പഠിച്ചു റിപ്പോർട്ട് സമർപ്പിക്കാനായി സർക്കാർ നിയമിച്ച ജെ. ബി. കോശി കമ്മീഷന് മുൻപാകെ നിവേദനങ്ങൾ സമർപ്പിക്കേണ്ട അവസാന തീയതി ജൂലൈ 30 ആണല്ലോ. ആയതിനാൽ എല്ലാ യൂണിറ്റുകളിൽ നിന്നും പരമാവധി നിവേദനങ്ങൾ തയ്യാറാക്കി അയയ്ക്കുവാൻ ശ്രദ്ധിക്കുക. ഇതിന്റെ ഓരോ കോപ്പി അതിരൂപത സമിതിയെ ഏല്പിക്കുവാനും ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോബിൻ ആനകല്ലുങ്കൽ**
(ജോയിന്റ് ഡയറക്ടർ)

**ഫാ. ജേക്കബ് ചക്കാത്ര**
(ഡയറക്ടർ)

# കെ.സി.എസ്.എൽ.
## KERALA CATHOLIC STUDENT'S LEAGUE

ഈശോമിശിഹായിൽ സ്നേഹമുള്ളവരെ,

കെ.സി.എസ്.എൽ. ന്റെ ഈ വർഷത്തെ പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുകയാണല്ലോ. ഔപചാരികമായ ഉദ്ഘാടനത്തോടെ എല്ലാ യൂണിറ്റുകളിലും കെ.സി.എസ്.എൽ. ന്റെ പ്രവർത്തനങ്ങൾ സജീവമായി നടക്കുകയാണല്ലോ.

അതിരൂപതാതല ആനിമേറ്റ്ഴ്സ് കോൺഫറൻസ് വിജയപ്രദമായി നടത്താൻ നമുക്ക് സാധിച്ചു. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പൊലീത്തയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഈ കോൺഫറൻസിന് നാനൂറിലധികം അദ്ധ്യാപകർ പങ്കെടുക്കുകയും വിശ്വാസസംബന്ധമായ കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. അതിരൂപതയിലെ അറുനൂറിലധികം വിദ്യാർത്ഥികൾ പങ്കെടുത്ത ലീഡേഴ്സ് മീറ്റിൽ ഈ അദ്ധ്യയന വർഷത്തിലെ സ്റ്റുഡൻസ് എക്സിക്യൂട്ടീവ് അംഗങ്ങളെ തിരഞ്ഞെടുത്തു. അതിരൂപതാ ചെയർപേഴ്സണായി ജസ്റ്റ് തെരേസയും ജനറൽ സെക്രട്ടറിയായി നോയൽ പ്രേംസണും തിരഞ്ഞെടുക്കപ്പെട്ടു. ഹയർ സെക്കൻഡറി സെക്രട്ടറിമാരായി ലിയ മരിയ സോബി, ജയിക്ക് ജേക്കബ്, അൻസു ആന്റണി എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. ഹൈസ്കൂൾ സെക്രട്ടറിമാരായി നേഹ മരിയ, എയ്ഞ്ചൽ ജെ. പടനിലം, അശ്വതി സി. ജോൺ എന്നിവരും യു.പി സെക്രട്ടറിമാരായി അലീന അലക്സ്, അജിൻ ഗ്രിഗറി, നേഹ ബിനു എന്നിവരും തിരഞ്ഞെടുക്കപ്പെട്ടു. ജീസസ് കിഡ്സ് വിഭാഗത്തിൽ ആൻ തെരേസ സുബിൻ, ജനിഫർ ജോസി, സിയാ റോസ് ആന്റണി എന്നിവർ സെക്രട്ടറിമാരായി തെരഞ്ഞെടുക്കപ്പെട്ടു. എല്ലാ കുട്ടികൾക്കും അഭിനന്ദനങ്ങളും വിജയാശംസകളും നേരുന്നു.

സഭ നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയത്തിൽ ബോധവൽക്കരണ ക്ലാസ്സും വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് എല്ലാ വർഷവും നടത്താറുള്ള അൽഫോൻസാ ക്വിസ്സും അടുത്തമാസം ഉണ്ടായിരിക്കുന്നതാണ്. സിസ്റ്റർ അൽഫോൻസാ യു.പി സ്കൂൾ ചേന്നാമറ്റത്ത് വച്ച് കെ.സി.എസ്.എൽ. ന്റെ പ്രവർത്തനവർഷ ഉത്ഘാടനം ഓഫ്ലൈനിൽ നടത്തപ്പെട്ടു. ശക്തവും ഊർജ്ജസ്വലവുമായ പ്രവർത്തനങ്ങൾ ഈ വർഷം കാഴ്ചവയ്ക്കുവാൻ എല്ലാ കൂട്ടുകാർക്കും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേളങ്ങാട്ടുശ്ശേരി**
(ഡയറക്ടർ)

പ്രിയ ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽ നിന്നും ആശംസകൾ !!!**

കേരള സമൂഹത്തിന്റെ അടുത്തനാളുകളിലെ പ്രവർത്തനങ്ങൾ ഒരു സാക്ഷര സമൂഹത്തിന് ഉചിതമാണോയെന്ന് നാം വിലയിരുത്തേണ്ടിയിരിക്കുന്നു. എല്ലാ കോവിഡ് പ്രതിരോധനിയന്ത്രണങ്ങളും കാറ്റിൽ പറത്തി ജനങ്ങൾ യഥേഷ്ടം വിഹരിക്കുന്ന ഒരു കാഴ്ചയാണ് എവിടെയും നമുക്ക് കാണുവാൻ സാധിക്കുന്നത്. ഫലമോ ഇന്ന് ലോകത്തിൽ തന്നെ കേരളം ഏറ്റവുമധികം പ്രതിദിന കോവിഡ് രോഗികളുള്ള സംസ്ഥാനമായി മാറിയിരിക്കുന്നു. ഇതിന് നാം ആരെയാണ് പഴിക്കുക. നാമെല്ലാം ഇതിന് ഉത്തരവാദികളാണെന്ന് സമ്മതിച്ചേതീരൂ. കോവിഡ് രണ്ടാം തരംഗം ജൂലൈ പകുതിയോടെ ശമിക്കുമെന്നും ഓണക്കാലം സന്തോഷകരമായി ആഘോഷിക്കാമെന്നും നാം കരുതിയിരുന്നു. എന്നാൽ കോവിഡ് വ്യാപനം നിയന്ത്രണവിധേയമാകുവാൻ ഇനിയും സമയമെടുക്കും എന്ന അവസ്ഥാവിശേഷമാണിന്നുള്ളത്. ജാഗ്രത കൈവിട്ട ഒരു ജനസമൂഹത്തിൽ ഭരണകൂടത്തിനും, നിയമവ്യവസ്ഥിതികൾക്കും നടപ്പിലാക്കാൻ കഴിയുന്ന നിയന്ത്രണങ്ങൾക്ക് പരിമിതികളുണ്ടെന്നു നാം തിരിച്ചറിയണം. ഇത്തരം സാഹചര്യങ്ങളിൽ ജനങ്ങൾ സ്വയം നിയന്ത്രണങ്ങൾ പാലിച്ച് ജീവിക്കുവാൻ തയ്യാറാകണം. അനാവശ്യമായ യാത്രകളും, ഒത്തുചേരലുകളും, ആഘോഷങ്ങളും ഒഴിവാക്കിയേതീരൂ. ലാഘവബുദ്ധിയോടെയുള്ള സമീപനം ഒരിക്കലും നമുക്ക് ഭൂഷണമല്ല. സാമൂഹിക അകലം പാലിച്ചും, ശരിയായി മാസ്ക് ധരിച്ചും, വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവ പാലിച്ചും നമുക്ക് കോവിഡിനെ ദൂരെനിർത്താം. എല്ലാവരും കഴിവതും വേഗം വാക്സിൻ എടുക്കാൻ തയ്യായറാകണം. ചാസിന്റെ പ്രാദേശിക യൂണിറ്റുകളും, സ്വാശ്രയസംഘങ്ങളും, കർഷക സമിതികളും, മഹിളാസമാജങ്ങളും, മൈക്രോ ക്രെഡിറ്റ് യൂണിറ്റുകൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളും, സന്നദ്ധപ്രവർത്തകരും ഉണർന്നു പ്രവർത്തിക്കേണ്ട സമയമാണിതെന്ന് ഓർമ്മിപ്പിക്കുന്നു. 'ഭയമല്ല ജാഗ്രതയാണ്' നമുക്കാവശ്യം.

വിശ്വസ്തതയോടെ,

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
**ഫാ. ജോർജ്ജ് പനക്കേഴം**
**ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. തോമസ് കുളത്തുങ്കൽ**
ഡയറക്ടർ

## കുട്ടനാട് പുനർനിർമ്മാണ പദ്ധതി

### (1) ചാസ് ഭവനനിർമ്മാണ പദ്ധതി (2021 ജൂലൈ)

| *ഇടവക* | *ഗുണഭോക്താക്കൾ* | *ഗഡു* | *തുക* |
|---|---|---|---|
| വടക്കേഅമിച്ചകരി | 1 | 2 | 30,000 |
| കൈനകരി | 1 | 2 | 20,000 |
| തായങ്കരി | 1 | 3 | 25,000 |
| **ആകെ** | | **7** | **75,000** |

## അറിയിപ്പുകൾ

### ചാസ് കമ്മ്യൂണിറ്റി ഓർഗ്ഗനൈസർമാരുടെ ആരോഗ്യ ഇൻഷുറൻസ് പുതുക്കൽ

ചാസ് യൂണിറ്റുകളിലെ കമ്മ്യൂണിറ്റി ഓർഗ്ഗനൈസർമാരുടെ ആരോഗ്യസുരക്ഷ ലക്ഷ്യം വച്ചുകൊണ്ട് മുൻവർഷങ്ങളിൽ നടത്തിവന്നിരുന്ന ആരോഗ്യസുരക്ഷാ പദ്ധതിയിൽ അംഗങ്ങളായിരിക്കുന്നവരുടെ പ്രീമിയം കാലാവധി 2021 ഓഗസ്റ്റ് 20 ന് അവസാനിക്കുകയാണ്. തുടർന്ന് അവർക്ക് പരിരക്ഷ ലഭിക്കണമെങ്കിൽ ഒരു കമ്മ്യൂണിറ്റി ഓർഗ്ഗനൈസർക്ക് Rs. 500/- (50%) പ്രകാരം യൂണിറ്റ് വിഹിതം അടച്ച് ആഗസ്റ്റ് 15 ന് മുൻപ് പുതുക്കേണ്ടതാണ്. ബാക്കി തുക ചാസിൽ നിന്ന് ക്രമീകരിക്കുന്നതാണ്.

### ഓണം ഖാദി ഫെസ്റ്റ്

ചാസിന്റെ ചങ്ങനാശേരി, കോട്ടയം, പള്ളം, പള്ളിക്കൂട്ടുമ്മ, മാമ്മൂട്, മല്ലപ്പള്ളി ഷോറുമുകളിൽ ഫർണിച്ചർ മെഗാ പ്രദർശനവും ഡിസ്കൗണ്ട് മേളയും ആഗസ്റ്റ് 31 വരെ. ഖാദിക്ക് 30 % ഗവ. റിബേറ്റും കരകൗശലവസ്തുക്കൾ, ഫർണീച്ചർ മറ്റു ഖാദി ഗ്രാമവ്യവസായ ഉല്പ്പന്നങ്ങൾ എന്നിവയ്ക്ക് ആകർഷകമായ ഡിസ്കൗണ്ടും സ്വർണ്ണസമ്മാന പദ്ധതികളും ഉണ്ടായിരിക്കും.

## കേന്ദ്രവാർത്തകൾ

### ചാസ് അസി. ഡയറക്ടറായി ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ സ്ഥാനമേറ്റു

അതിരൂപതയുടെ സാമൂഹ്യസേവന വിഭാഗമായ ചാസിന്റെ അസി. ഡയറക്ടറായി ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ ജൂലൈ 8 ന് ചുമതലയേറ്റു. ചാസ് കുടുംബം നിയുക്ത അസി. ഡയറക്ടറിന് ആശംസകൾ നേർന്നു.

### ചാസ് പ്രാദേശിക യൂണിറ്റ് സന്ദർശനം

ചാസ് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേന്ദ്ര ഓഫീസിൽ നിന്നും ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ, പ്രോജക്ട് ഡയറക്ടർ ശ്രീ. ജോബി മാത്യു എന്നിവർ ചാസ് യൂണിറ്റ് സന്ദർശനം നടത്തി. യൂണിറ്റ് ഡയറക്ടർമാരും, ഭാരവാഹികളുമായി നടത്തിയ ചർച്ചയിൽ യൂണിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും, ചാസ് നടപ്പിലാക്കിവരുന്ന വിവിധ വികസന പദ്ധതികൾ അവലോകനം ചെയ്യുകയും യൂണിറ്റ് കൂടുതൽ സജീവമാക്കുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. ആദ്യഘട്ടത്തിൽ 2021 ജൂലൈ മാസം ആലപ്പുഴ, ചമ്പക്കുളം, കുടമാളൂർ ഫൊറോനകളിലെ 10 യൂണിറ്റുകളാണ് സന്ദർശിച്ചത്. മേഖലാ കോ–ഓർഡിനേറ്റർമാരായ ശ്രീ. ബിനു ജോസഫ്, ശ്രീ. ഡി. ജോസഫ്, ശ്രീമതി ലിസി സിവി എന്നിവർ നേതൃത്വം നൽകി.

| *തീയതി* | *മേഖല* | *യൂണിറ്റ്* |
|---|---|---|
| 10.7.2021 | ആലപ്പുഴ | പള്ളാത്തുരുത്തി, കൈനകരി, അറുന്നൂറ്റിൻപാടം, |
| 18.07.2021 | ചമ്പക്കുളം | ചേന്നങ്കരി, നർബോനപുരം, പൊങ്ങ, വൈശ്യംഭാഗം |
| 19.07.2021 | കുടമാളൂർ | കുമരനല്ലൂർ, കുടമാളൂർ, ആർപ്പൂക്കര |

### 'നഗരവഴിയോര കാർഷിക വിപണി' ആരംഭിച്ചു

കേരളസംസ്ഥാന കാർഷികവികസന കർഷകക്ഷേമവകുപ്പിന്റെ സഹായ സഹകരണങ്ങളോടെ ചാസ് നടപ്പിലാക്കുന്ന 'നഗരവഴിയോര കാർഷിക വിപ

ണിക്ക്' ജൂലൈ 16 ന് തുടക്കം കുറിച്ചു. ചാസ് അങ്കണത്തിൽ ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ചങ്ങനാശേരി MLA അഡ്വ. ശ്രീ ജോബ് മൈക്കിൾ ഉദ്ഘാടനം നിർവ്വഹിച്ചു. കോട്ടയം പ്രിൻസിപ്പൽ കൃഷിഓഫീസർ ശ്രീമതി ബീനാ ജോർജ് ആമുഖസന്ദേശവും ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ മുഖ്യപ്രഭാഷണവും നടത്തി. വിപണിയുടെ ആദ്യവില്പന ചാസ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീ. ജോസ് സെബാസ്റ്റ്യൻ അഭിവന്ദ്യ പിതാവിൽ നിന്ന് ഏറ്റുവാങ്ങി. ആത്മ പ്രോജക്ട് ഡയറക്ടർ ശ്രീ. ഉമ്മൻ തോമസ്, വികാരി ജനറാൾ ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ, കോട്ടയം ജില്ലാ അസി. കൃഷി ഡയറക്ടർ മാർക്കറ്റിംഗ് ശ്രീമതി റീനാ കുര്യൻ, മുനിസപ്പൽ കൗൺസിലർ ശ്രീമതി ബീനാ ജിജൻ, മാടപ്പള്ളി ബ്ലോക്ക് കൃഷി അസി. ഡയറക്ടർ ശ്രീമതി അനിത സൂസൻ സ്കറിയ, ചങ്ങനാശേരി കൃഷി ഓഫീസർ ശ്രീ. ജേക്കബ് തോമസ്, ചാസ് അസി. ഡയറക്ടർ ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ, പ്രോഗ്രാം ഡയറക്ടർ, ശ്രീ. ജോസ് പുതുപ്പള്ളി, പ്രോജക്ട് ഡയറക്ടർ, ശ്രീ. ജോബി മാത്യു എന്നിവർ പ്രസംഗിച്ചു. സോഷ്യൽ സയന്റിസ്റ്റ് ഡോ. ജോസഫ് എബ്രഹാം, കോ-ഓർഡിനേറ്റർ ശ്രീ. ഇറാനിമോസ് എന്നിവർ നേതൃത്വം നൽകി.

## കരിയർ ഗൈഡൻസ് ക്ലാസ്

ചാസ് കോട്ടയം 'ദർശന' അക്കാഡമിയുടെ സഹകരണത്തോടെ ജൂലൈ 17-ാം തീയതി കരിയർ ഗൈഡൻസ് ക്ലാസ് വെബിനാറിലൂടെ സംഘടിപ്പിച്ചു. SSLC +2 കഴിഞ്ഞവർക്ക് തുടർപഠനസാധ്യതകൾ വിവിധ പ്രവേശന പരീക്ഷകൾ, സ്കോളർഷിപ്പുകൾ, ഇൻഡ്യയിലും വിദേശത്തുമുള്ള വിവിധ കോഴ്സുകൾ, പ്രമുഖ കോളേജുകളുടെ ഫീസ് ഘടന തുടങ്ങിയ വിഷയങ്ങളിൽ ഫാ. എമിൽ പുല്ലുകാട്ടിൽ CMI, ദർശന അക്കാഡമി ഫാക്കൽറ്റി മെമ്പർമാരായ ശ്രീ. ഷാജി തോമസ്, ശ്രീ. റോബിൻ തോമസ് എന്നിവർ ക്ലാസ് നയിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ എന്നിവർ പ്രസംഗിച്ചു.

## ചാസ് ഓണം ഖാദി ഫെസ്റ്റിന് തുടക്കമായി

കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഖാദി ഗ്രാമവ്യവസായ കമ്മീഷന്റെയും കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന്റെയും സഹകരണത്തോടെ, ചാസിന്റെ നേതൃത്വത്തിൽ ഓണം, ബക്രീദ് ഖാദി വസ്ത്ര-കരകൗശല-ഫർണിച്ചർ ഫെസ്റ്റ് ആരംഭിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടേഴ്സ് ഫാ. ജോർജ്ജ് മാന്തുരുത്തിൽ, ഫാ. ജോർജ്ജ് പനക്കേഴം, ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ എന്നിവർ പ്രസംഗിച്ചു. ചാസ് ഖാദി ജനറൽ മാനേജർ ജോൺ സക്കറിയാസ്, അസി. മാനേജർ പീറ്റർ ചാക്കോ, ഖാദിഭവൻ മാനേജർ ഫിൽസൺ ജോസഫ് എന്നിവർ നേതൃത്വം നൽകിവരുന്നു.

**കോട്ടയം :** ഖാദി ഫെസ്റ്റിന്റെ ഉദ്ഘാടനം ചാസ് പ്രസിഡന്റും വികാരി ജനറാളുമായ മോൺ. ജോസഫ് വാണിയപ്പുരയ്ക്കലിന്റെ അദ്ധ്യക്ഷതയിൽ ജൂലൈ 12 ന് ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം നിർവ്വഹിച്ചു. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം എൽ. എ ആദ്യവിൽപ്പന നടത്തി.

**ചങ്ങനാശേരി :** ഖാദി ഫെസ്റ്റിന്റെ ഉദ്ഘാടനം ജൂലൈ 15 ന് അരമനപ്പടിയിലെ

ഖാദി ഭവനിൽ അതിരൂപത സഹായമെത്രാൻ മാർ തോമസ് തറയിലിന്റെ അദ്ധ്യക്ഷതയിൽ അഡ്വ. ജോബ് മൈക്കിൾ എം.എൽ.എ നിർവഹിച്ചു. ആദ്യവിൽപ്പന ചങ്ങനാശേരി നഗരസഭ ചെയർപേഴ്സൺ സന്ധ്യ മനോജ് നിർവ്വഹിച്ചു.

**മല്ലപ്പള്ളി :** ഖാദി ഫെസ്റ്റിന്റെ ഉദ്ഘാടനം ജൂലൈ 16 ന് ശ്രീ. മാത്യു റ്റി. തോമസ് എം.എൽ.എ നിർവ്വഹിച്ചു. വികാരി ജനറാൾ മോൺ. ജോസഫ് വാണിയപ്പുരയ്ക്കൽ അദ്ധ്യക്ഷത വഹിച്ചു. ആദ്യവിൽപ്പന മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഗീതാ കുര്യാക്കോസ് നിർവ്വഹിച്ചു.

**പള്ളിക്കൂട്ടുമ്മ :** ഖാദി ഫെസറ്റ് ഉദ്ഘാടനം ജൂലൈ 16 ന് കുട്ടനാട് എം.എൽ.എ ശ്രീ. തോമസ് കെ തോമസ് നിർവ്വഹിച്ചു. ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്ക വികാരി വെരി. റവ. ഫാ. ഗ്രിഗറി ഓണംകുളം അദ്ധ്യക്ഷത വഹിച്ചു. ആദ്യവിൽപ്പന ചമ്പക്കുളം ഗ്രാമപഞ്ചായത്ത് ചെയർപേഴ്സൺ റ്റി.ജി. ജലജാകുമാരി നിർവ്വഹിച്ചു.

## ചാസ് സഹായ പദ്ധതികൾ

### (1) SHG മരണാനന്തര സഹായം (Rs. 1,30,000/-)

| *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 521. രാജു സേവ്യർ പ്രക്കാട്ട്പീടികയിൽ | ശാലോം | പായിപ്പാട് | തൃക്കൊടിത്താനം |
| 522. ചാക്കോ ആന്റണി കിങ്ങണംചിറ | ശാലോം | പായിപ്പാട് | തൃക്കൊടിത്താനം |
| 523. ത്രേസ്യാമ്മ വർഗീസ് തുണ്ടിയിൽ | സ്നേഹജ്യോതി | പുതുക്കരി | എടത്വാ |
| 524. പി.എസ്. ജോർജ്ജ്, പുറവടി | ഹെൽപ്പ് ലൈൻ | പാറേക്കടവ് | ചങ്ങനാശേരി |
| 525. ബേബിച്ചൻ സി.റ്റി, കോച്ചേരി | സമൃദ്ധി | ചമ്പക്കുളം | ചമ്പക്കുളം |
| 526. കുര്യാക്കോസ് ജോസഫ് ചിറയിൽ | ഒരുമ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 527. ജോസഫ് തോമസ് മറ്റത്തിൽ | ഒരുമ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 528. പ്രിയ സജി ചെമ്പകശ്ശേരിചിറ | എയ്ഞ്ചൽ | കണ്ണാടി | പുളിംകുന്ന് |
| 529. റ്റി. ജെ. ചാക്കോ, കാരയ്ക്കൽ | അമല | തത്തംപള്ളി | ആലപ്പുഴ |
| 530. ഗ്രേയ്സി ജോർജ്ജ് | ആശ്രയ | വെട്ടിമുകൾ | അതിരമ്പുഴ |
| 531. കെ.എൻ. കൃഷ്ണൻകുട്ടിനായർ | ഹരിത | ഇത്തിത്താനം | തുരുത്തി |
| 532. റോസമ്മ ആന്റണി കാച്ചാംകോട് | വികാസ് | ഇത്തിത്താനം | തുരുത്തി |
| 533. സിൽവി കിഴക്കുംകര | ചൈതന്യ | ഡാൽമുഖം | അമ്പൂരി |

### (2) മ്യൂചൽ ബെനഫിറ്റ് സ്കീം (Rs. 3,10,000)

- **മരണാനന്തരസഹായം**

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 517. അന്നമ്മ ജോബ് വടകര | ചേന്നങ്കരി | ചമ്പക്കുളം |
| 518. റോസമ്മ ദേവസ്യ, കുന്നുംപുറത്ത് | പനയമ്പാല | നെടുകുന്നം |
| 519. ജോസഫ് കെ.ജെ. കാരിക്കൽ | പഴവങ്ങാടി | ആലപ്പുഴ |
| 520. ത്രേസ്യാമ്മ സെബാസ്റ്റ്യൻ ചൂരക്കുളം | നാൽപ്പാത്തിമല | അതിരമ്പുഴ |
| 521. പുഷ്പ്പാംഗതൻ പനയശ്ശേരി | മുട്ടാർ ഓൾഡ് | എടത്വാ |

| | | |
|---|---|---|
| 522. ജോസഫ് ചാക്കോ കുടക്കാട് | മുട്ടാർ ഓൾഡ് | എടത്വാ |
| 523. സാറാമ്മ ചാക്കോ ചൂരക്കാട് | മുട്ടാർ ഓൾഡ് | എടത്വാ |
| 524. പ്രദീപ് മാമ്പള്ളിൽ | ആറുമാനൂർ | അതിരമ്പുഴ |
| 525. സന്തോഷ് ജോസഫ് പുന്നവേലിൽ | ആറുമാനൂർ | അതിരമ്പുഴ |
| 526. ഗോപാലകൃഷ്ണൻ ബിന്ദുഭവനം | ആര്യങ്കാവ് | കൊല്ലം |
| 527. സുബിനാ തേക്കുകൂപ്പിൽ | ആര്യങ്കാവ് | കൊല്ലം |
| 528. ത്രേസ്യാമ്മ വർഗീസ് തുണ്ടിയിൽ | പുതുക്കരി | എടത്വാ |
| 529. തോമസ് സെബാസ്റ്റ്യൻ കൂടത്തിങ്കൽ | ഇരവുചിറ | കുറുമ്പനാടം |
| 530. ഏലിയാമ്മ ജോസഫ് അട്ടിയിൽ | കൊടുപ്പുന്ന | എടത്വാ |
| 531. കുഞ്ഞ് മനയത്തുശ്ശേരി | പായിപ്പാട് | തൃക്കൊടിത്താനം |
| 532. കെ.എൻ. ബാലകൃഷ്ണൻ പുതുപ്പറമ്പിൽ | ചേപ്പുംപാറ | കോട്ടയം |
| 533. ഏലിയാമ്മ തോമസ് ചുണ്ടക്കാട്ടിൽ | വെട്ടിമുകൾ | അതിരമ്പുഴ |
| 534. ഗ്രേയ്സി ജോർജ്ജ് നെടിയകാലായിൽ | വെട്ടിമുകൾ | അതിരമ്പുഴ |
| 535. ജോയി തോമസ് കൊറ്റപ്പുഴയ്ക്കൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 536. കുര്യാക്കോസ് ജോസഫ് ചിറയിൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 537. ബേബിച്ചൻ സി.റ്റി., കോച്ചേരി | ചമ്പക്കുളം | ചമ്പക്കുളം |
| 538. കെ.പി. ജോസഫ് കാട്ടിപ്പറമ്പിൽ | മുഹമ്മ | ആലപ്പുഴ |
| 539. ത്രേസ്യാമ്മ ചാക്കോ കാട്ടിപ്പറമ്പിൽ | മുഹമ്മ | ആലപ്പുഴ |
| 540. സി.വി. ജോസഫ് ചിറയിൽ | പഴവങ്ങാടി | ആലപ്പുഴ |
| 541. ജോർജ്ജ് അഗസ്റ്റിൻ പണ്ടാരപറമ്പിൽ | പഴവങ്ങാടി | ആലപ്പുഴ |
| 542. അന്നമ്മ ജോസഫ് പേഴുനിൽക്കുംകാല | നാൽപ്പാത്തിമല | അതിരമ്പുഴ |
| 543. റോസമ്മ തോമസ് ചെരുവിൽ | നാൽപ്പാത്തിമല | അതിരമ്പുഴ |
| 544. ജേക്കബ് സി. തോമസ് കുന്നുംപുറത്ത് | മുടിയൂർക്കര | അതിരമ്പുഴ |
| 545. അബ്ദുൾ സലിം ബിസ്മില്ലാഭവൻ | ഫിൽഗിരി | കൊല്ലം |
| 546. ചാക്കോ പി. കാട്ടിപ്പറമ്പിൽ | പൂന്തോപ്പ് | ആലപ്പുഴ |
| 547. ജോർജ്ജുകുട്ടി ഞാറയ്ക്കൽ | പൂന്തോപ്പ് | ആലപ്പുഴ |

- **ചികിത്സാസഹായം (Rs. 25,000)**

| ***പേര്*** | ***യൂണിറ്റ്*** | ***മേഖല*** |
|---|---|---|
| 249. റ്റിജോ തോമസ് മഠത്തിക്കുന്നേൽ | ഫിൽഗിരി | കൊല്ലം |
| 250. എ. കബീർ അന്തേക്കുപറമ്പ് | ആറാട്ടുവഴി | ആലപ്പുഴ |
| 251. സഫീന നിജി നിവാസ് | ആറാട്ടുവഴി | ആലപ്പുഴ |
| 252. ജോയ്സ് റെബേറോ, ചെമ്മോത്തുപുരയിടം | ആറാട്ടുവഴി | ആലപ്പുഴ |
| 252. അന്നമ്മ ഫിലിപ്പോസ് പടിഞ്ഞാറേകാട്ടുങ്കൽ | പച്ച-ചെക്കിടിക്കാട് | എടത്വാ |

## (3) ജീവകാരുണ്യനിധി

ജീവകാരുണ്യനിധിയിൽ നിന്നും ചികിത്സ/വിദ്യാഭ്യാസ സഹായമായി 2021 ജൂലൈ മാസം 21,250/- രൂപ അനുവദിച്ചു.

### (4) ആരോഗ്യ ഇൻഷുറൻസ് പദ്ധതി

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ 2021 ജൂലൈ മാസം 2 കുടുംബത്തിന് ചികിത്സാ ചെലവിനത്തിൽ 18,575/- രൂപ അനുവദിച്ചു.

| | *പേര്* | *യൂണിറ്റ്* | *തുക* |
|---|---|---|---|
| 1. | ചാക്കോ ജോർജ്ജ്, വെട്ടുപറമ്പിൽ | മുട്ടർ | 9,500/- |
| 2. | ലിസി ഫ്രാൻസിസ്, പുതുപ്പറമ്പിൽ | കുറുമ്പനാടം | 9,075/- |

### (5) സേവ് എ ഫാമിലി പ്ലാൻ (SAFP)

2021 ജൂലൈ മാസം 111 കുടുബങ്ങൾക്ക് 12,91,285/- രൂപ സഹായധനം അനുവദിച്ചു.

## മേഖലാവാർത്തകൾ

### ഹരിതസമൃദ്ധി കാർഷികമേള

ചാസ് പാറേൽ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ജൂൺ 30 ന് കൃഷി ജീവിതശൈലിയാക്കി സുരക്ഷിത ഭക്ഷണം സ്വന്തമാക്കാനും പ്രതിരോധശേഷി ഉറപ്പിക്കാനും ലക്ഷ്യംവെച്ചുകൊണ്ട് ഹരിതസമൃദ്ധി കാർഷികമേള സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ അദ്ധ്യക്ഷതവഹിച്ച സമ്മേളനത്തിൽ ചങ്ങനാശേരി എംഎൽഎ അഡ്വ. ജോബ് മൈക്കിൾ മേള ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജേക്കബ് വാരിക്കാട്ട് മുഖ്യപ്രഭാഷണം നടത്തി. മുനിസിപ്പൽ ചെയർ പേഴ്സൺ ശ്രീമതി സന്ധ്യാ മനോജ്, കൗൺസിലർ ശ്രീ. മാത്യൂസ് ജോർജ്ജ് എന്നിവർ പ്രസംഗിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

### കോവിഡ് സഹായം

ഫിൽഗിരി ഗ്രാമവികസന ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 2 ന് ഡയറക്ടർ റവ. ഫാ. ജോൺ മുള്ളൻപാറയുടെ അദ്ധ്യക്ഷതയിൽ കോവിഡ്, കാൻസർ ചികിത്സാസഹായമായി 22,500/- രൂപ നൽകി.

വള്ളംചിറ യൂണിറ്റിൽ പ്രവർത്തിക്കുന്ന 'ജനനി' സ്വാശ്രയസംഘത്തിന്റെ നേതൃത്വത്തിൽ കോവിഡ് സഹായമായി (ചികിത്സാ, ഭക്ഷണം)19,500/- രൂപ നൽകി. പഠനസഹായമായി ഒരു കുട്ടിക്ക് സ്മാർട്ട് ഫോൺ നൽകി.

### തയ്യൽ പരിശീലനം ആരംഭിച്ചു

കൊടുപ്പുന്ന യൂണിറ്റിൽ ഒരുമാസം നീണ്ടുനിൽക്കുന്ന തയ്യൽ പരിശീലനം ജൂലൈ 8 ന് ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. സുനിൽ വേങ്ങാശ്ശേരിയുടെ അദ്ധ്യക്ഷതയിൽ ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവഹിച്ചു. അസി. ഡയറക്ടർ ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ സന്ദേശം നൽകി. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി. 19 വനിതകൾ പരിശീലനത്തിൽ പങ്കെടുത്തുവരുന്നു.

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

നെറ്റിയിലെ വിയർപ്പിന് ഫലം നല്കുന്നവനാണ് ദൈവം. ഉഴുതുമറിയപ്പെട്ട നല്ല നിലത്തിൽ നിന്ന് നൂറും അറുപതും മുപ്പതും മേനി ഫലം നമുക്ക് പ്രതീക്ഷിക്കാം. നമ്മുടെ കഠിനമായ അധ്വാനത്തിന്റെ പ്രതിഫലത്തിൽ നിന്നും നാം പടുത്തുയർത്തുന്ന നമ്മുടെ കൊച്ചുകൊച്ചു സ്വപ്നങ്ങൾ പാഴായി പോവാൻ അവിടുന്ന് അനുവദിക്കുകയില്ല. നമ്മുടെ ഈ കൂട്ടായ്മ ജീവിതത്തിന്റെ കർമ്മരംഗങ്ങളിൽ പുത്തൻ ഉണർവോടെ വ്യാപരിക്കുവാൻ കരുത്തു പകരട്ടെ.

**ഫാ. ജോൺ വടക്കേക്കളം**
അസി. ഡയറക്ടർ

**ഫാ. ജോസ് പുത്തൻചിറ**
ഡയറക്ടർ

### ആദരാജ്ഞലികൾ

ചങ്ങനാശേരി യൂണിറ്റിൽ സാന്തോം സംഘത്തിലെ അംഗമായ ലാലൻ ആന്റണി (08.05.2021), മാമ്മൂട്‌യൂണിറ്റ് ചെറുപുഷ്പം സംഘത്തിലെ തോമസ് പുത്തൻപുരയ്ക്കൽ (09.07.2021) എന്നിവർ നിര്യാതരായി പരേതരുടെ ആത്മശാന്തിക്കായി പ്രർത്ഥിക്കാം. കെ.എൽ.എം. കുടുംബത്തിന്റെ അനുശോചനവും പ്രാർത്ഥനയും നേരുന്നു.

### മരണാനന്തര സഹായനിധി

ചങ്ങനാശേരി ഇമ്മാനുവേൽ സംഘത്തിലെ അംഗമായിരുന്ന ജിന്റോ ജോസിന്റെ കുടുംബത്തിന് 25.06.2021 ലും, കൂത്രപ്പള്ളി മരിയൻ സംഘത്തിലെ പരേതനായ എം.ടി. ദേവസ്യായുടെ കുടുംബത്തിന് 28/06/2021 –ലും മരണാനന്തര സഹായനിധി കൈമാറി.

### ഗ്രാന്റ് പേരന്റ്സ് ദിനാചരണം

27.07.2021 ഞായറാഴ്ച കൈനടി സെന്റ് മേരീസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ട് ഗ്രാന്റ്പേരന്റ്സ് ഡേ ആചരിച്ചു. യൂണിറ്റ് കോഡിനേറ്ററും സംഘഭാരവാഹികളും സന്നിഹിതരായിരുന്നു.

### വിജയികൾക്ക് ആദരവ്

തോട്ടയ്ക്കാട് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പത്താം ക്ലാസ്സിൽ എല്ലാ വിഷയങ്ങൾക്കും A+ നേടിയ തോട്ടയ്ക്കാട് ഇടവകയിലെ വിദ്യാർത്ഥികളെ പ്രത്യേകം ആദരിച്ചു. വികാരി ഫാ. ജോസഫ് ചൂളപ്പറമ്പിൽ യൂണിറ്റ് കോഡിനേറ്റർ, ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു.

**ചങ്ങനാശേരി അതിരൂപതാചരിത്ര കമ്മീഷൻ**
**അതിരൂപതാചരിത്രം വാല്യം III**
**രണ്ടുവർഷത്തിനുള്ളിൽ അഞ്ച് ഭാഗങ്ങളായി പ്രസിദ്ധീകരിക്കുന്നു**

**✶ഒന്നാംഭാഗം 2021 സെപ്റ്റംബറിൽ പ്രകാശനം ചെയ്യപ്പെടുന്നു✶**

# കേരളവികസനത്തിനു സഭയുടെ സംഭാവനകൾ

രചന

**ഡോ. കുര്യാസ് കുമ്പളക്കുഴി**

**കേരളത്തിന്റെ സമഗ്രവികസനത്തിൽ ക്രൈസ്തവസഭകൾ നല്കിയ വിലപ്പെട്ട സംഭാവനകൾ തമസ്ക്കരിക്കപ്പെടുന്ന പശ്ചാത്തലത്തിൽ ചങ്ങനാശേരി അതിരൂപതയും സഭാസമൂഹങ്ങളും വിദ്യാഭ്യാസ, സാമൂഹ്യ, സാംസ്കാരിക, ആതുരശുശ്രൂഷ, കാർഷിക, മാധ്യമരംഗങ്ങളിൽ നാടിനു നല്കിയ ശ്രദ്ധേയമായ സംഭാവനകളെ ആധികാരികമായി അവതരിപ്പിക്കുന്ന വിശിഷ്ടഗ്രന്ഥം. ചരിത്രസരണികളിൽ വികസനത്തിന്റെ വെളിച്ചം വിതറിയ ക്രൈസ്തവശുശ്രൂഷയുടെ വാങ്മയരൂപം ഉറവിടങ്ങളെ ആസ്പദമാക്കി ഗ്രന്ഥകാരൻ മനോഹരമായി അവതരിപ്പിക്കുന്നു.**

**ക്രൗൺ 1/4 സൈസ്, മൾട്ടികളർ, കേസ് ബയന്റിംഗ്, നാനൂറോളം പേജുകൾ, ഐ.റ്റി.സി. മാപ്ലിതോ 80gsm പേപ്പർ**

**മുഖവില ₹800 | സൗജന്യവില ₹500**

## സൗജന്യം 2021 സെപ്റ്റംബർ 11 വരെ മാത്രം

താഴെക്കൊടുത്തിരിക്കുന്ന കേന്ദ്രങ്ങളിൽ സെപ്റ്റംബർ 11 വരെ സൗജന്യനിരക്കിൽ പണം സ്വീകരിക്കുന്നതാണ്.

1. ലൂർദ്ദ് ഫൊറോനാപള്ളി, തിരുവനന്തപുരം
2. ക്രൈസ്റ്റ് ദ കിംഗ് ഫൊറോനാപള്ളി, ആയൂർ
3. മാർ സ്ലീവാ ഫൊറോനാപള്ളി, ആലപ്പുഴ
4. സെന്റ് മേരീസ് ബസിലിക്കാ, ചമ്പക്കുളം
5. സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ഫൊറോനാപള്ളി, നെടുംകുന്നം
6. സെന്റ് മേരീസ് ഫൊറോനാപള്ളി, അതിരമ്പുഴ
7. ലൂർദ്ദ് ഫൊറോനാപള്ളി, കോട്ടയം
8. സെന്റ് ജോസഫ്സ് ഓർഫനേജ് ബുക്സ്റ്റാൾ, ചങ്ങനാശേരി

NB: *പണം അടയ്ക്കുന്നവർ ഒക്ടോബർ 15നുശേഷം പണം അടച്ച കേന്ദ്രത്തിൽ നിന്ന് രസീത് കാണിച്ച് പുസ്തകം കൈപ്പറ്റേണ്ടതാണ്.*

***അതിരൂപതാചരിത്ര കമ്മീഷനുവേണ്ടി***
**ഫാ. ജോസഫ് പനക്കേഴം** (കോ-ഓർഡിനേറ്റർ) 9495686825

## ആശുപത്രി ദിനാചരണവും അലൈഡ് ഹെൽത്ത് കോളേജിന്റേയും റിസർച്ച് സെന്ററിന്റേയും ഉദ്ഘാടനവും

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രി ദിനാചരണവും അലൈഡ് ഹെൽത്ത് കോളേജിന്റെയും റിസർച്ച് സെന്ററിന്റെയും ഉദ്ഘാടനവും ജൂലൈ 3 വൈകുന്നേരം 3 ന് ഓൺലൈനായി സംഘടിപ്പിച്ചു. ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം അധ്യക്ഷത വഹിച്ചു. സെന്റ് തോമസ് അലൈഡ് ഹെൽത്ത് കേളേജിന്റെ ഉദ്ഘാടനം സംസ്ഥാന സഹകരണ വകുപ്പ് മന്ത്രി വി. എൻ. വാസവനും സെന്റ് തോമസ് സെന്റർ ഫോർ സ്പോർട്സ് ഇൻജുരീസ് ആന്റ് റിസർച്ച് (SCSIR) ഉദ്ഘാടനം അതിരൂപതാ സഹായ മെത്രാൻ മാർ തോമസ് തറയിലും നിർവ്വഹിച്ചു. കൊടിക്കുന്നിൽ സുരേഷ് എം. പി., ജോബ് മൈക്കിൽ എം.എൽ.എ., ഗ്രാമപഞ്ചയത്ത് പ്രസിഡന്റ് സോഫി ലാലിച്ചൻ എന്നിവർ പങ്കെടുത്തു. ഫാ. തോമസ് മംഗലത്ത് സ്വാഗതവും സി. ലിൻസി എസ്.ഡി. കൃതജ്ഞതയും രേഖപ്പടുത്തി.

## സെന്റ് തോമസ് ഹെൽത്ത് സെന്റർ

ഹോളിമാഗി ഫൊറോനദൈവാലയത്തിന്റെ സഹകരണത്തോടെ ചങ്ങനാശേരി അതിരൂപതയുടെ ഏറ്റവും വലിയ ആതുരാലയ സംരഭമായ ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയുടെ സബ് സെന്റർ മണിമലയിൽ ജൂലൈ 3 ന് ഔപചാരികമായി ആരംഭിച്ചു. സെന്റ് തോമസ് ദിനമായ ജൂലൈ 3 രാവിലെ 10 ന് ഹെൽത്ത് സബ് സെന്റർ സംസ്ഥാന ആരോഗ്യവകുപ്പ് മന്ത്രി വീണ ജോർജ് ഓൺലൈനായി ഉദ്ഘാടനം ചെയ്തു. ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം അധ്യക്ഷത വഹിച്ചു. ഗവൺമെന്റ് ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. മാർ തോമസ് തറയിൽ ആമുഖപ്രഭാഷണവും, ഫാ. ജോർജ്ജ് കൊച്ചുപറമ്പിൽ സ്വാഗതവും ആശംസിച്ചു.

## സൗജന്യ ഗൈനക്കോളജി മെഡിക്കൽ ക്യാമ്പ്

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ മണിമല സെന്റ് തോമസ് ഹെൽത്ത് സെന്ററിൽ സൗജന്യ ഗൈനക്കോളജി മെഡിക്കൽ ക്യാമ്പ് ജൂലൈ 18ന് രാവിലെ 10 മുതൽ ഒരു മണിവരെ സംഘടിപ്പിച്ചു. ഡോ. റോസമ്മ ജോൺ കാട്ടൂർ MBBS, DGO ഡോ. ദിവ്യാ ലൂയിസ് MBBS, DGO, DNB എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി. ക്യാമ്പിന്റെ തുടർച്ചയായി ജൂലൈ 20 ചൊവ്വ ഉച്ചകഴിഞ്ഞ് മൂന്നു മുതൽ 5 വരെ മണിമല സെന്റ് തോമസ് ഹെൽത്ത് സെന്ററിൽ ഗൈനക്കോളജി വിഭാഗത്തിലെ സീനിയർ കൺസൾട്ടന്റ് ഡോ. മരിയ ജോർജ് MBBS, MD, DNBയുടെ സൗജന്യ കൺസൾട്ടേഷൻ സൗകര്യമുണ്ടായിരുന്നു.

## കർക്കിടക ചികിത്സാ

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ കർക്കിടക ചികിത്സ തുടങ്ങി. പ്രകൃതി ചികിത്സാ വിഭാഗത്തിന്റെ നേതൃത്വത്തിൽ ജൂലൈ 19 മുതൽ ആഗസ്റ്റ് 19 വരെ സംഘടിപ്പിക്കുന്ന കർക്കിടക ചികിത്സക്ക് സ്പെഷ്യൽ പാക്കേജുകൾ ലഭ്യമാണ്. മസാജ് തെറാപ്പി, മഡ് തെറാപ്പി, സ്റ്റിം, കിഴി എന്നിവ പക്കേജിന്റെ ഭാഗമാണ്. പ്രസ്തുത വിഭാഗത്തിൽ ഡോ. അഭിരാമി പ്രകാശിന്റെ നേതൃത്വത്തിൽ അക്യുപ്പഞ്ചർ, ഹൈഡ്രോതെറാപ്പി, ഡയറ്റ് തെറാപ്പി, യോഗപരിശീലനം, കൗൺസലിംഗ്, സുഖചികിത്സ എന്നിവയ്ക്കുള്ള സൗകര്യമുണ്ട്. അമിത വണ്ണം, പ്രമേഹം, ഹൈപ്പർടെൻഷൻ, സോറിയാസിസ്, വാതരോഗങ്ങൾ, നടുവേദന, മുട്ടുവേദന, സ്പോണ്ടിലൈറ്റിസ് എന്നിവയ്ക്കുള്ള ചികിത്സയും ക്രമീകരിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും 0481–2747766, 8547367754 എന്ന നമ്പറിൽ ബന്ധപ്പെടണം.

## പുതുതലമുറ വൈറസുകളെക്കുറിച്ച് വെബിനാർ

പുതുതലമുറ വൈറസുകളെക്കുറിച്ചും അവയുടെ ആവിർഭാവവും രൂപമാറ്റവും സംബന്ധിച്ചും ചെത്തിപ്പുഴ സെന്റ് തോമസ് അലൈഡ് ഹെൽത്ത് സയൻസ് കോളേജിലെ ബി.എസ്.സി. മെഡിക്കൽ ലാബ് ടെക്നോളജി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച വെബിനാർ കേരള ആരോഗ്യ സർവ്വകലാശാല പ്രോ–വൈസ് ചാൻസലർ ഡോ. സി.പി. വിജയൻ ജൂൺ 29 ന് രാവിലെ പതിനൊന്ന് മണിക്ക് ഓൺലൈനിൽ ഉദ്ഘാടനം നിർവഹിച്ചു. തിരുവനന്തപുരം രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയിലെ ശാസ്ത്രജ്ഞൻ ഡോ. ഇ. ശ്രീകുമാർ വിഷയം അവതരിപ്പിച്ചു.

**ഫാ. ജെയിംസ് പി. കുന്നത്ത്**
അസി. ഡയറക്ടർ

**ഫാ. തോമസ് മംഗലത്ത്**
ഡയറക്ടർ

# പ്രവാസി അപ്പോസ്തലേറ്റ്
## PRAVASI APOSTOLATE

ഈശോയിൽ സ്നേഹം നിറഞ്ഞ പ്രവാസി സഹോദരങ്ങളെ,

പരിശുദ്ധ കന്യകാമറിയത്തിന്റെ സമാഗതമാകുന്ന സ്വർഗ്ഗാരോപണതിരുനാളിന്റെ പ്രാർത്ഥനാശംസകൾ ഏവർക്കും നേർന്നുകൊള്ളുന്നു.

ദുക്റാന തിരുനാളിനോടനുബന്ധിച്ച് അഭിവന്ദ്യ തോമസ് തറയിൽ പിതാവിന് നാമഹേതുക തിരുനാളിന്റെ ആശംസകളും പ്രാർത്ഥനകളും പ്രവാസി അപ്പോസ്തലേറ്റിൽനിന്നും അറിയിച്ചു. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ ജന്മദിനത്തിന്റെ ആശംസകളും പ്രാർത്ഥനകളും അറിയിച്ചു.

'സേവ് കുട്ടനാട്' എന്ന വെബിനാറിന്റേയും ചർച്ചകളുടെയും പഠനങ്ങളുടെയും വെളിച്ചത്തിൽ അതിജീവനത്തിനായി കേഴുന്ന കുട്ടനാട്ടിലെ ജനങ്ങളുടെ പ്രശ്നപരിഹാരത്തിനായി തയാറാക്കിയ നിവേദനം ബഹു. കേരള മുഖ്യമന്ത്രിക്കും ബന്ധപ്പെട്ട വകുപ്പു മന്ത്രിമാർക്കും ജനപ്രതിനിധികൾക്കും സമർപ്പിച്ചു. പ്രവാസി അപ്പോസ്തലേറ്റിന്റെ പ്രവർത്തനങ്ങൾ പാലാ രൂപതയിൽ ആരംഭിക്കുന്നതിനുവേണ്ടി ബഹു. കുര്യാക്കോസ് വെള്ളച്ചാലിൽ അച്ചന്റെ നേതൃത്വത്തിൽ മൂന്നംഗ കമ്മറ്റി അതിരൂപതാകേന്ദ്രത്തിലെ ഓഫീസ് സന്ദർശിക്കുകയും പ്രവർത്തനങ്ങൾ മനസ്സിലാക്കുകയും ചെയ്തു. തുടർപ്രവർത്തനങ്ങൾക്കായി പ്രവാസി അപ്പോസ്തലേറ്റിന്റെ പ്രവർത്തനങ്ങടങ്ങിയ ലഘുലേഖ അവർക്കു നൽകുകയുണ്ടായി.

വി. അൽഫോൻസാമ്മയുടെ തിരുനാളിനൊരുക്കമായി 19-ാം തീയതി മുതൽ 28-ാം തീയതിവരെ പ്രവാസികൾക്കുവേണ്ടി ഓൺലൈനിൽ മദ്ധ്യസ്ഥപ്രാർത്ഥന നടത്തി. പ്രവാസി അപ്പോസ്തലേറ്റിന്റെ യു.എ.ഇ. ചാപ്റ്ററിന്റെ വാർഷികാഘോഷം 'സമാഗമം 2021' 23-ാം തീയതി വൈകുന്നേരം 7.30 ന് അഭിവന്ദ്യ ജോസഫ് പെരുന്തോട്ടം പിതാവ് ഉദ്ഘാടനം ചെയ്തു. സാഗർ രൂപതാ മെത്രാൻ അഭിവന്ദ്യ മാർ ജയിംസ് അത്തിക്കളം മുഖ്യപ്രഭാഷണവും അഭിവന്ദ്യ തോമസ് തറയിൽ പിതാവ് അനുഗ്രഹപ്രഭാഷണവും നടത്തി. പ്രസ്തുത പ്രോഗ്രാമിൽ വിവിധ കലാപരിപാടികൾ അവതരിപ്പിക്കപ്പെടുകയുണ്ടായി.

ദുക്റാനാ തിരുനാളിനോടനുബന്ധിച്ച് ഒമാൻ ചാപ്റ്ററിന്റെ മീറ്റിംഗും കലാപരിപാടികളും ഒമാനിലെ എക്സിക്യൂട്ടീവ് അംഗങ്ങളും സൺഡേസ്കൂൾ അദ്ധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് നടത്തി.

വിശുദ്ധ അൽഫോൻസാമ്മയുടെ സ്വർഗ്ഗപ്രവേശനത്തിന്റെ 75-ാം വാർഷികം, 75 രാജ്യങ്ങളിൽനിന്നും 75 പ്രതിനിധികൾ പങ്കെടുത്ത് ആഗോളതലത്തിൽ ആഘോഷിച്ചു. മേജർ ആർച്ചുബിഷപ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് ഈ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ പിതാക്കന്മാരായ മാർ ജോസഫ് പെരുന്തോട്ടം, മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജോസ് പുളിക്കൽ, മാർ ഡോ. വർഗീസ്

*ശേഷം പേജ് 58 ൽ.....*»

# ആത്മതാകേന്ദ്രം
# ATMATAKENDRAM

ഈശോയിൽ സ്നേഹം നിറഞ്ഞവരെ,

പിച്ചവെച്ചുതുടങ്ങിയ നമ്മുടെ കാലുകൾക്ക് ഇന്ന് നാം കാണുന്ന കരുത്ത് എന്നത് ദൈവദാനമാണ്. ലഹരിക്കടിമപ്പെടുന്നയാൾ ദൈവദാനമായ ആരോഗ്യത്തെ അനാരോഗ്യമാക്കുന്നു. അവന്റെ ചിന്തയും പ്രവർത്തികളും പാവക്കളിയിലെ കാണാമറയത്തുള്ള ചരടുപോലെ ആർക്കൊക്കെയോ അടിമവച്ചിരിക്കുന്നു. ഇപ്രകാരം ഈ വലിയ വിപത്തിന് അടിമകളായ നമ്മുടെ സഹോദരങ്ങളെ വീണ്ടെടുക്കുവാനുള്ള പരിശ്രമങ്ങളിൽ നമുക്കേവർക്കും പങ്കുകാരാകാം.

ആത്മതാകേന്ദ്രത്തോട് ബന്ധപ്പെട്ടു നല്കി വരുന്ന കൗൺസിലിംഗ്, ഹോമിയോപ്പതിക് ചികിത്സ, അവബോധക്ലാസ്സുകൾ എന്നിവ പകർന്നു നല്കി ഇവരെ വീണ്ടെടുക്കാം.

**ഫാ. ജോൺ വടക്കേക്കളം**
അസി. ഡയറക്ടർ

**ഫാ. ജോസ് പുത്തൻചിറ**
ഡയറക്ടർ

## അന്താരാഷ്ട്ര ലഹരിവിരുദ്ധദിനാചരണം

അന്താരാഷ്ട്ര ലഹരിവിരുദ്ധദിനാചരണം ചങ്ങനാശേരി ആർച്ചുബിഷപ് ഹൗസ് കവാടത്തിൽ തിരികൾ തെളിച്ച് ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾ മോൺ. ജോസഫ് വാണിയപുരയ്ക്കൽ ലഹരി വിരുദ്ധ പ്രതിജ്ഞ ചെല്ലിക്കൊടുത്തു. ഡയറക്ടർ ഫാ. ജോസ് പുത്തൻചിറ ആമുഖ സന്ദേശവും അസ്സിസ്റ്റന്റ് ഡയറക്ടർ ഫാ. ജോൺ വടക്കേക്കളം ലഹരിവിരുദ്ധദിന സന്ദേശവും നല്കി. കെ.സി.ബി.സി മദ്യവിരുദ്ധ ഭാരവാഹികളായ ശ്രീ. തോമസുകുട്ടി മണക്കുന്നേൽ, കെ.പി. മാത്യു, ബേബിച്ചൻ പുത്തൻപറമ്പിൽ, ഷാജി വാഴേപ്പറമ്പിൽ, പാപ്പച്ചൻ നേര്യംപറമ്പിൽ, റ്റി.എം. മാത്യു, ട്രീസാ എന്നിവർ നേതൃത്വം നല്കി.

## സപ്പോർട്ട് എ ചൈൽഡ് പദ്ധതി

ആത്മതാ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്ന നിത്യരോഗികളായവരുടെ മക്കളുടെ പഠനത്തിനും പോഷകആഹാരത്തിനുമായി നടന്നു വരുന്ന 'സപ്പോർട്ട് എ ചൈൽഡ്' പദ്ധതിയുടെ ഭാഗമായി പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിലെ 13 കുട്ടികൾക്കായി 88,000 രൂപയുടെ പഠനോപകരണങ്ങളും, 1,97,000 രൂപയുടെ ധനസഹായവും നല്കി

## ഹോമിയോ ചികിത്സാ പദ്ധതി

ഓരോ ആഴ്ചയിലും വിവിധ ദിവസങ്ങളിലായി വിവിധ സ്ഥലങ്ങളിൽ ലഹരി വസ്തു ദുരുപയോഗത്തിനെതിരായ ഹോമിയോ ചികിത്സ നിർവ്വഹിച്ചു വരുന്നു ചൊവ്വാഴ്ച തത്തംപള്ളിയിലും, ബുധനാഴ്ച ഇരവുചിറയിലും, വ്യാഴാഴ്ച അതിരമ്പുഴയിലും, വെള്ളയാഴ്ച ചങ്ങനാശേരി പാസ്റ്ററൽ സെന്ററിലും ആണ് ചികിത്സ നല്കി വരുന്നത്. വിദഗ്ധരായ ഡോക്ടേഴ്സിന്റെ നേതൃത്വത്തിലാണ് ചികിത്സ മിതമായ നിരക്കിൽ നടത്തുന്നത്. പരമാവധി പ്രയോജനം എടുക്കുവാൻ ഏവർക്കും അവസരം.

## കത്തോലിക്ക കോൺഗ്രസ് നിർവാഹക സമിതി യോഗങ്ങൾ

ഈ കാലയളവിൽ 6 നിർവാഹക സമിതി യോഗങ്ങൾ നടന്നു. 5 ഓൺലൈൻ യോഗങ്ങളും ഒരു സാധാരണയോഗവും ഇതിൽ ഉൾപ്പെടുന്നു. ജൂലൈ 2ന് സന്ദേശനിലയത്തിൽ കൂടിയ യോഗം അഭിവന്ദ്യ മെത്രാപ്പോലീത്താ മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ സമിതി നൽകിയ പൾസ് ഓക്സിമീറ്ററുകളുടെ വിതരണോദ്ഘാടനം അഭിവന്ദ്യ പിതാവ് നിർവഹിച്ചു. പ്രസിഡന്റ് അഡ്വ. പി. പി. ജോസഫ് അധ്യക്ഷത വഹിച്ചു. വികാരി ജനറാൾ റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ മുഖ്യപ്രഭാഷണം നടത്തി. ജനറൽ സെക്രട്ടറി ബിജു സെബാസ്റ്റ്യൻ, ട്രഷറർ ബാബു വള്ളപ്പുര, ഗ്ലോബൽ വൈസ് പ്രസിഡന്റ് രാജേഷ് ജോൺ, എന്നിവർ പ്രസംഗിച്ചു. യോഗത്തിൽ വച്ച് അതിരൂപത നടത്തുന്ന കോവിഡ്പ്രതിരോധസഹായനിധിയിലേക്ക് സംഘടനയുടെ വിഹിതമായി 50,000 രൂപ നൽകുവാൻ തീരുമാനിച്ചു. യോഗത്തിനുശേഷം ഭാരവാഹികൾ അഭിവന്ദ്യ മാർ. തോമസ് തറയിൽ പിതാവിനെ സന്ദർശിച്ച് സെന്റ് തോമസ് ദിനത്തിന്റെ ആശംസകൾ അറിയിച്ചു.

## ചമ്പക്കുളം ഫൊറോന കൗൺസിൽ തെരഞ്ഞെടുപ്പ്

ചമ്പക്കുളം ഫൊറോന കൗൺസിൽ തെരഞ്ഞെടുപ്പ് ജൂലൈ 9 ഉച്ചകഴിഞ്ഞ് 2 ന് വരണാധികാരി ബസിലിക്കാ ഡയറക്ടർ റവ. ഫാ. ഗ്രിഗറി ഓണംകുളം അച്ചന്റെ നേതൃത്വത്തിൽ സംഘടന ഡയറക്ടർ റവ. ഫാ. തോമസ് പുത്തൻപുരയ്ക്കൽ അതിരൂപത ഭാരവാഹികൾ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ചമ്പക്കുളം ബസിലിക്ക അങ്കണത്തിൽ നടന്നു. പ്രസിഡന്റായി ശ്രീ. ജോസി കുര്യൻ പുതുമന (സെന്റ് ആൻറണീസ് വൈശ്യംഭാഗം), ജനറൽ സെക്രട്ടറിയായി ശ്രീ. തോമസ് വർക്കി വടുതല (എസ്. എച്ച്. തോട്ടുവാത്തല), ട്രഷറർ ആയി ജോസഫ് തോമസ് പൂമിച്ചിറ (ബസിലിക്ക ചമ്പക്കുളം) എന്നിവരെയും 15 അംഗ ഭരണസമിതിയെയും ഏകകണ്ഠമായി തെരഞ്ഞെടുത്തു. ഫൊറോനയുടെ കീഴിൽ 15 യൂണിറ്റുകൾക്ക് രജിസ്ട്രേഷൻ ഉണ്ട്. എല്ലാ യൂണിറ്റിൽ നിന്നുമുള്ള പ്രതിനിധികൾ തെരഞ്ഞെടുപ്പിൽ പങ്കെടുത്തു. യോഗത്തിൽ വച്ച് ചമ്പക്കുളം ഫൊറോന സമിതി ചങ്ങനാശേരി അതിരൂപത നടത്തുന്ന കോവിഡ് പ്രതിരോധ നിധിയിലേക്ക് 5000 രൂപ പ്രസിഡന്റ് പി. പി. ജോസഫിന് കൈമാറി.

## കത്തോലിക്കാ കോൺഗ്രസ് കാരുണ്യ സഹായ നിധി രൂപീകരണവും വിതരണവും

കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശേരി അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ രൂപം നൽകുന്ന കാരുണ്യസഹായനിധിയുടെ ശേഖരണവും ആദ്യഘട്ട വിതരണവും ജൂലൈ 9 ഉച്ചകഴിഞ്ഞ് 3 ന് ചമ്പക്കുളം ബസിലിക്കയിൽ വച്ച് നൽകുകയുണ്ടായി. പ്രസിഡന്റ് അഡ്വ. പി. പി. ജോസഫിന്റെ അധ്യക്ഷതയിൽ കൂടിയ യോഗം അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ മാർ. തോമസ് തറയിൽ ഉദ്ഘാടനം ചെയ്തു. ബസിലിക്ക ഡയറക്ടർ റവ. ഫാ. ഗ്രിഗറി ഓണംകുളം മുഖ്യസന്ദേശം നല്കി. ഫൊറോന ഡയറക്ടർ റവ. ഫാ. തോമസ് പുത്തൻപുരയ്ക്കൽ,

അതിരൂപത ജനറൽ സെക്രട്ടറി ബിജു സെബാസ്റ്റ്യൻ, ട്രഷറർ ബാബു വള്ളപ്പുര, വൈസ് പ്രസിഡന്റ് സി. റ്റി. തോമസ് കാച്ചാംകോട്, ഗ്ലോബൽ വൈസ് പ്രസിഡന്റ് രാജേഷ് ജോൺ, സെക്രട്ടറി വർഗ്ഗീസ് ആന്റണി എന്നിവർ പ്രസംഗിച്ചു. ആദ്യഘട്ടമായി ആയി ചമ്പക്കുളം സെന്റ് ആന്റണീസ് സാധുജന സഹായസംഘം നൽകിയ ഒന്നരലക്ഷം രൂപ ഫൊറോനയിലെ 15 പള്ളികൾക്കായി നൽകിയാണ് പ്രവർത്തനം ഉദ്ഘാടനം ചെയ്തത്.

## കരിദിനാചരണം (ജൂലൈ 13)

ഉത്തരേന്ത്യൻ ദളിത് ആദിവാസി മേഖലകളിൽ മനുഷ്യാവകാശ വിഷയങ്ങൾ ഉൾപ്പെടെ ഏറ്റെടുത്ത് പൊതു സമൂഹത്തിനു വേണ്ടി നിലകൊണ്ട ആത്മീയ നേതാവ് ഫാ. സ്റ്റാൻസ്വാമിയെ അകാരണമായി ജയിലിലടച്ച് കൊലപ്പെടുത്തിയ ഭരണകൂട ഭീകരതയ്ക്കെതിരെ കോട്ടയം ഗാന്ധി സ്ക്വയറിൽ പ്രതിഷേധയോഗം നടത്തി. അഡ്വ. പി. പി. ജോസഫ് അധ്യക്ഷതവഹിച്ചു. ഫാ. ജോസഫ് നവാസ് ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി ബിജു സെബാസ്റ്റ്യൻ, ഗ്ലോബൽ വൈസ് പ്രസിഡന്റ് രാജേഷ് ജോൺ, സെക്രട്ടറി വർഗ്ഗീസ് ആന്റണി, ഭാരവാഹികളായ ഷെയിൻ ജോസഫ്, ജോയി പാറപ്പുറം, കുഞ്ഞ് കളപ്പുര എന്നിവർ പ്രസംഗിച്ചു.

## ന്യൂനപക്ഷ അവകാശം കോടതിവിധിപത്രസമ്മേളനം

ന്യൂനപക്ഷ സ്കോളർഷിപ്പ് വിഷയവുമായി ബന്ധപ്പെട്ടുള്ള കോടതിവിധിക്കെതിരെ ചില മേഖലകളിൽ നിന്നുണ്ടാകുന്ന യഥാർത്ഥ്യ രഹിതമായ വിമർശനങ്ങളുടെ നിജസ്ഥിതി പൊതുസമൂഹത്തിന് മുൻപാകെ എത്തിക്കുന്നതിനായി ജൂലൈ 20 രാവിലെ 11 ന് കോട്ടയം പ്രസ് ക്ലബ്ബിൽ ഒരു പത്രസമ്മേളനം നടത്തുകയുണ്ടായി. പ്രസിഡൻറ് അഡ്വ. പി. പി. ജോസഫ്, ജനറൽ സെക്രട്ടറി ബിജു സെബാസ്റ്റ്യൻ, ഗ്ലോബൽ വൈസ് പ്രസിഡന്റ് രാജേഷ് ജോൺ, വൈസ് പ്രസിഡന്റ് ഷെയിൻ ജോസഫ് സെക്രട്ടറി ജോയി പാറപ്പുറം എന്നിവർ പങ്കെടുത്തു.

സ്നേഹത്തോടെ അതിരുപതസമിതിക്കു വേണ്ടി

| | | |
|---|---|---|
| **പി. പി. ജോസഫ്** | **ഫാ. ജോസ് മുകളേൽ** | **ബിജു സെബാസ്റ്റ്യൻ** |
| (പ്രസിഡന്റ്) | (ഡയറക്ടർ) | (ജനറൽ സെക്രട്ടറി) |

---

» ***പ്രവാസി അപ്പോസ്തലേറ്റ് തുടർച്ച...***

ചക്കാലയ്ക്കൽ, ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്, മാർ ജോസഫ് പാംപ്ലാനി, മാർ ജേക്കബ് മുരിക്കൻ എന്നിവർ സന്ദേശങ്ങൾ നൽകി. വിവിധ സന്യാസ സഭാശ്രേഷ്ഠർ, അൽമായ പ്രതിനിധികൾ തുടങ്ങിയവർ ഈ മീറ്റിംഗിൽ പങ്കെടുത്തു.

**അനുശോചനം :** സൗദി അറേബ്യയിൽ നിര്യാതനായ എഴുമറ്റൂർ ഇടവകാംഗം ഷിബിന്റെ ഭവനം സന്ദർശിച്ച് ഒപ്പീസുചൊല്ലി പ്രാർത്ഥിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു.

| | |
|---|---|
| **ഫാ. ജിജോ മാറാട്ടുകളം** | **ഫാ. റ്റെജി പുതുവീട്ടിൽക്കളം** |
| അസി. ഡയറക്ടർ | ഡയറക്ടർ |

NB: **ഓഫീസ് സമയം രാവിലെ 10 മുതൽ വൈകിട്ട് 5 മണിവരെ. വിളിക്കേണ്ട നമ്പർ 9207470117**

# ഫ്രാൻസിസ്കൻ അല്മായസഭ
## FRANCISCAN ALMAYA SABHA

*(Secular Franciscan Order - SFO)*
''സമാധാനം - സൗഭാഗ്യം''

പ്രിയ സഹോദരങ്ങളെ,

നമ്മുടെ ഫ്രാൻസിസ്ക്കൻ സഭാകുടുംബത്തിലെ സ്വർഗ്ഗീയ കുസുമങ്ങളിൽ ഒന്നും ഭാരതസഭയിലെ ആദ്യത്തെ വിശുദ്ധയുമായ വി. അൽഫോൻസാമ്മയുടെ തിരുനാളിന്റെ മംഗളങ്ങളും ആശംസകളും അൽഫോൻസാമ്മ വഴിയായുള്ള അനുഗ്രഹങ്ങളും എല്ലാവർക്കും നേരുന്നു. 'മാമ്മോദീസായിലൂടെ ലഭിച്ച വരപ്രസാദം ഇതുവരെയും നഷ്ടപ്പെടുത്താതെ കാത്തുസൂക്ഷിക്കാനുള്ള അനുഗ്രഹം ദൈവം എനിക്കു പ്രദാനം ചെയ്തു' വിശുദ്ധയുടെ അവസാനനാളുകളിലെ ഈ വാക്കുകൾ നമുക്കും പ്രചോദനമാകട്ടെ.

ഈ മഹാമാരിയിലൂടെ നമ്മൾ ഭയത്തോടും നിരാശയോടും കൂടെ കടന്നുപോകാൻ തുടങ്ങിയിട്ട് വളരെ നാളുകൾ ആയല്ലോ. പ്രിയ സഹോദരരെ കൊറോണയെ നാം ഭയപ്പെട്ടതിനേക്കാൾ ഉപരിയായി നമ്മുടെ ആത്മാവിനെ ശിക്ഷിക്കാനും നശിപ്പിക്കാനും കഴിയുന്ന ദൈവത്തെ എത്രമാത്രം ഭയപ്പെടണം എന്നു ചിന്തിച്ചിട്ടുണ്ടോ? നമ്മൾ ഈ ലോകത്തു നേടിയതെല്ലാം! അന്തസ്സും അഭിമാനവും സമ്പത്തും സ്ഥാനമാനങ്ങളും അധികാരവും സൗന്ദര്യവും ആരോഗ്യവും എല്ലാം നഷ്ടപ്പെടുന്നതിനെ ഓർത്ത് നാം എത്രമാത്രം വേദനിച്ചിട്ടുണ്ടാവും. എന്നാൽ മത്തായി 16:26-ൽ പറയുന്നു 'ഒരുവൻ ലോകം മുഴുവൻ നേടിയാലും തന്റെ ആത്മാവിനെ നഷ്ടമാക്കിയാൽ അവനു എന്തു പ്രയോജനം'. ഈ ആത്മാവിന്റെ നിത്യരക്ഷക്കായി എന്തു ചെയ്യണമെന്നു കൂടി കർത്താവ് നമ്മെ പഠിപ്പിക്കുന്നു. മത്തായി 18:4 പറയുന്നു: 'സത്യമായി ഞാൻ നിങ്ങളോട് പറയുന്നു. നിങ്ങൾ മാനസാന്തരപ്പെട്ട് ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തു പ്രവേശിക്കുകയില്ല. ലോകത്തിലെ ഏറ്റവും വലിയ പുണ്യമായ മാനസാന്തരവരം ലഭിക്കാൻ ദൈവത്തോട് നമുക്ക് തീക്ഷ്ണമായി പ്രാർത്ഥിക്കാം. അനുതാപത്തിന്റെ ചൈതന്യം ആഴത്തിൽ അനുഭവിച്ച് ജീവിച്ച് നമുക്ക് മാതൃക കാട്ടിത്തന്ന നമ്മുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥൻ വി. ഫ്രാൻസിസ് അസ്സീസിയെയും അതു പ്രവർത്തിപഥത്തിൽ നടപ്പാക്കിയ വി. ക്ലാരയെയും അനുകരിച്ച് സ്വർഗ്ഗരാജ്യത്തിൽ നിക്ഷേപങ്ങൾ കരുതിവയ്ക്കാൻ നമുക്കും സാധിക്കട്ടെ. 'മനുഷ്യദൃഷ്ടിയിൽ വിശിഷ്ടമായത് ദൈവതിരുമുൻപിൽ നികൃഷ്ടമാകുന്നു' (ലൂക്കാ 16:15) എന്ന തിരുവചനം അനുസ്മരിച്ച് ലൗകികതൃഷ്ണയിൽ അഭിമാനം കൊള്ളുന്നത് വിഢിത്തമായി കരുതിക്കൊണ്ട് നമ്മളും പരിഹാസത്തിൽ സന്തോഷിക്കുകയും ബഹുമാനത്തിൽ പരിഭ്രമിക്കുകയും ചെയ്ത് മാതൃകാജീവിതം നയിക്കാം. വന്ദനവും സ്തുതിയും ബഹുമാനവും അഹങ്കാരത്തിനും ഇതരപാപങ്ങൾക്കും ഉത്തേജനം നൽകുമ്പോൾ നിന്ദനവും കുറ്റാരോപണവും ഉപദ്രവങ്ങളും ജീവിതപരിവർത്തനത്തിനു കാരണമാകുമെന്ന് അറിഞ്ഞുകൊണ്ട് വി. ഫ്രാൻസിസ്

അസ്സീസി തന്നെ സ്തുതിക്കുന്ന ആളുകളിൽനിന്നും ഓടിയകലുകയും തന്നെ കുറ്റപ്പെടുത്തുന്നവർക്കു നന്ദി പറയുകയും തന്നെ നിന്ദിക്കുവാൻ തന്റെ പ്രിയപ്പെട്ട ശിഷ്യന്മാർക്കു നിർദ്ദേശം കൊടുക്കുകയും ചെയ്തിരുന്നു. മരണംവരെയും ഞാൻ മഹാപാപിയാണ് എന്നു നിരന്തരം ഏറ്റുപറയുകയും തന്റെ ആത്മാവിനെ ശിക്ഷിക്കുവാൻ അധികാരമുള്ള ദൈവത്തെ ഭയപ്പെടുകയും സ്നേഹിക്കുകയും ആരാധിക്കുകയും ചെയ്തു. മാനസാന്തരപ്പെട്ട് തന്റെ ആത്മാവിനെ സ്നേഹിച്ച് ശരീരത്തെ വെറുത്ത് ദൈവതിരുവിഷ്ടം നിറവേറ്റി സ്വർഗ്ഗത്തിൽ നിക്ഷേപം കൂട്ടിവച്ചു! നമുക്കും വി. ഫ്രാൻസിസിന്റെ മാതൃക പിൻതുടർന്ന് ശരീരത്തിനും മനസിനുംവേണ്ടി നിക്ഷേപം കൂട്ടിവയ്ക്കാതെ ആത്മാവിനുവേണ്ടി സ്വർഗ്ഗരാജ്യത്തു നിക്ഷേപം കരുതിവയ്ക്കാൻ പരിശ്രമിക്കാം. ഫ്രാൻസിസ്ക്കൻ കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കുവേണ്ടിയും ലോകം മുഴുവനുംവേണ്ടിയും പ്രാർത്ഥിക്കാം. ദൈവം എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ഓണത്തിന്റെ സന്ദേശം: സമത്വവും സാഹോദര്യവും ശാന്തിയും സമൃദ്ധിയും മലയാളിമക്കൾക്കെല്ലാം നേരുന്നു! ഈശോയിൽ ഏവർക്കും സമാധാനവും സൗഭാഗ്യവും.

## സ്വർഗ്ഗപ്രവേശനം

കുറുമ്പനാടം റീജൺ തൃക്കൊടിത്താനം ഭ്രാതൃത്വാംഗം സഹോദരി ഏലിയാമ്മ കുര്യാക്കോസ് മണിമുറിയിൽ. പരേതയുടെ ആത്മശാന്തിക്കായി നമുക്കു പ്രാർത്ഥിക്കാം.

**ബ്ര. വി.സി. അലക്സ് വലിയപറമ്പിൽ**
അതിരൂപത പ്രസിഡന്റ്

**ഫാ. മൈക്കിൾ പറൂശ്ശേരിൽ** OFM Cap.
SFO അതിരൂപത സ്പിരിച്വൽ അസിസ്റ്റന്റ്

*''ദരിദ്രർക്കു ദാനം ചെയ്യുന്നവൻ ക്ഷാമം അനുഭവിക്കുകയില്ല, അവരുടെ നേരെ കണ്ണടക്കുന്നവനു ശാപത്തിൽമേൽ ശാപം ഉണ്ടാകും'' (സുഭാ. 28:27).*

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളെ,

നമ്മുടെ മാതൃരാജ്യത്തിന്റെ സ്വാതന്ത്ര്യദിനവും പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണത്തിരുനാളും ആഘോഷിക്കുന്ന ദിവസമാണല്ലോ ആഗസ്റ്റ് 15. വിദേശാധിപത്യത്തിൽനിന്നും നമ്മുടെ നാടിനെ സ്വതന്ത്രമാക്കാൻ ജീവൻ ത്യജിച്ചവരും പരിശ്രമിച്ചവരുമായ എല്ലാ ദേശസ്നേഹികളെയും നമുക്ക് നന്ദിയോടെ അനുസ്മരിക്കാം. 'സമാധാനത്തിന് ഒരു പാതയില്ല, സമാധാനമാണ് പാത' എന്നു പ്രഖ്യാപിച്ചുകൊണ്ട് അക്രമരഹിതസമരത്തിലൂടെ അർദ്ധനഗ്നനായ ഫക്കീർ ലോകത്തെ വിസ്മയിപ്പിച്ചു. 'ഒരേ ഒരിന്ത്യ, ഒരൊറ്റ ജനത' എന്ന മുദ്രാവാക്യത്തിന്റെയും, 'ഇന്ത്യ എന്റെ രാജ്യമാണ് എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീസഹോദരന്മാരാണ്' എന്നു ചെറുപ്പം മുതൽ നാം ആവർത്തിച്ചു ചൊല്ലിയ പ്രതിജ്ഞയുടെയുമൊക്കെ സാരാംശങ്ങൾ നഷ്ടപ്പെടുന്നോ എന്നു സന്ദേശിക്കേണ്ട അവസ്ഥയിലൂടെയാണല്ലോ നമ്മുടെ രാജ്യം ഇന്നു കടന്നുപോകുന്നത്. സമാധാനവും സഹിഷ്ണുതയുമൊക്കെ പ്രസംഗത്തിനുള്ള വിഷയങ്ങളായി ചുരുങ്ങിപ്പോകുന്നു. വ്യക്തിസ്വാതന്ത്ര്യവും അഭിപ്രായസ്വാതന്ത്ര്യവും മാധ്യമസ്വാതന്ത്ര്യവുമൊക്കെ കൂച്ചുവിലങ്ങിടപ്പെടുന്നതും ജനാധിപത്യഭരണാധികാരികൾ ഏകാധിപത്യപ്രവണതകൾ കാണിക്കുന്നതും അപകടകരമാണ്. ജാതിയുടെയും മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും പേരിലുള്ള വിവേചനങ്ങൾ ഭരണഘടന ഉറപ്പുനല്കുന്ന മൗലികാവകാശങ്ങൾ നിഷേധിക്കുന്നതിനു കാരണമാകുന്നു. സാമ്പത്തിക പുരോഗതിയുടെ നേട്ടങ്ങൾ ഏതാനും പേരിലേക്കു ചുരുങ്ങുന്നു. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം വർദ്ധിക്കുകയും സാധാരണക്കാരും ദരിദ്രരും കൂടുതലായി ചൂഷണത്തിനു വിധേയരാക്കപ്പെടുകയും രാഷ്ട്രീയം അഴിമതിക്കുള്ള മറയാവുകയും ചെയ്യുമ്പോൾ നമ്മുടെ നേതാക്കൾ സ്വപ്നം കണ്ട ഇന്ത്യയിലെത്താൻ നാം ഏറെ ദൂരം പോകേണ്ടിയിരിക്കുന്നു. നമ്മെ ഭരിക്കാൻ ചുമതലപ്പെട്ടവർ പലരും അഴിമതിക്കേസുകളിലും ക്രിമിനൽ കേസുകളിലും ഉൾപ്പെട്ടവരും കോടീശ്വരന്മാരുമാണെന്നതുമൊക്കെ സാധാരണക്കാർക്കുവേണ്ടി ആരുണ്ട് എന്ന ചോദ്യം ഉയർത്തുന്നു. 250-ാം ദിവസത്തിലേക്കു നീളുന്ന കർഷകസമരവും, തലചായ്ക്കാൻ ഒരു തുണ്ടുഭൂമിക്കും അടിസ്ഥാനസൗകര്യങ്ങൾക്കുമായുള്ള ദരിദ്രരുടെ നിലവിളികളുമൊക്കെ നടപ്പാകാത്ത പ്രഖ്യാപനങ്ങളും പദ്ധതികളും കൊണ്ടു മൂടപ്പെടുന്ന അവസ്ഥ ദയനീയമാണ്. നമ്മുടെ യുവജനങ്ങൾ നിരാശരും അസ്വസ്ഥരുമാണെന്നതിന്റെ വ്യക്തമായ തെളിവാണല്ലോ വിദേശരാജ്യങ്ങളിലേക്കു കുടിയേറുന്ന യുവജനങ്ങളിൽ ഭൂരിഭാഗവും ഇന്ത്യക്കാരാണെന്ന അവസ്ഥ ഉണ്ടാക്കിയത്. ഒട്ടേറെ മേഖലകൾക്ക് തിരുത്തലുകളും ആവശ്യമുണ്ട് എന്നത് വസ്തുതയാണ്. എങ്കിലും ലോകത്തെ പ്രധാനശക്തികളിലൊന്നായി നമ്മുടെ രാജ്യം വളരുന്നു എന്നതിൽ നമുക്കഭിമാനിക്കാം. ശാസ്ത്ര, സാങ്കേതിക, സാമ്പത്തിക മേഖലകളിൽ നാം കൈവരിച്ച നേട്ടങ്ങൾ അസൂയാവഹമാണ്. അടുത്ത നൂറ്റാണ്ട് ഇന്ത്യയുടേതാണ്. അങ്ങനെയാക്കാൻ നമുക്കു പരിശ്രമിക്കാം. 'ഭാരതമെന്നുപേർ കേട്ടാൽ അഭിമാനപൂരിതമാവണം അന്തരംഗം' എന്ന മഹാകവി വള്ളത്തോളിന്റെ വരികൾ നമുക്കു ഹൃദയത്തിൽ ഏറ്റെടുക്കാം.

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണം 1950 നവംബർ ഒന്നിന് പരിശുദ്ധപിതാവ് പന്ത്രണ്ടാംപീയൂസ് പാപ്പാ വിശ്വാസസത്യമായി പ്രഖ്യാപിച്ചു. ഈ സത്യത്തെ എതിർക്കുന്നവർ സഭയുടെ വിശ്വാസത്തിനെതിരെ പ്രവർത്തിക്കുന്നവരാണെന്ന് തദവസരത്തിൽ പാപ്പ പ്രസ്താവിക്കുകയുണ്ടായി. പരിശുദ്ധ അമ്മ ആത്മശരീരങ്ങളോടെ, മാലാഖമാരുടെ സ്തുതിഗീതങ്ങളുടെ അകമ്പടിയോടെ സ്വർഗ്ഗത്തിലേക്കു കരേറ്റപ്പെട്ടു എന്ന സത്യം മഹിമയുടെ നാലാം രഹസ്യത്തിൽ നാം അനുസ്മരിച്ചു പ്രാർത്ഥിക്കുന്നുണ്ട്. പരിശുദ്ധ അമ്മയുടെ ശരീരദാനങ്ങളുടെ തിരുശേഷിപ്പുകൾ ലഭ്യമല്ല എന്നതും, തിരുവെഴുത്തുകളിലെ പരാമർശങ്ങളും അപ്പസ്തോലന്മാരുടെ പാരമ്പര്യങ്ങളും ആദിമകാലം മുതൽ ഈ തിരുനാൾ വിവിധ സഭകളിൽ ആചരിക്കപ്പെടുന്നതുമൊക്കെ ഈ സത്യത്തെ വെളിപ്പെടുത്തുന്ന ഘടകങ്ങളാണ്. 'കന്യാമറിയം സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്നതിൽ സംശയമില്ല, എങ്ങനെയാണെന്ന് അറിയില്ല' എന്നു മാർട്ടിൻ ലൂഥർകിംഗ് പ്രസ്താവിക്കുന്നുണ്ട്. ദൈവത്തെ വഹിച്ച ശരീരം ഭൂമിയിൽ അഴുകാൻ പാടില്ല എന്നതായിരുന്നു ദൈവനിശ്ചയം. മനുഷ്യത്വത്തിന് ദൈവത്തോട് എത്രമാത്രം അടുക്കാം എന്നു അമ്മ നമ്മെ പഠിപ്പിക്കുന്നു. തന്റെ മകന്റെ മരണത്തിന്മേലുള്ള വിജയത്തിലും ഉത്ഥാനത്തിലുമുള്ള പങ്കുപറ്റലിൽ നമ്മെയും ഭാഗഭാക്കാക്കുവാൻ അമ്മയുടെ മധ്യസ്ഥം നമുക്കു പ്രാർത്ഥിക്കാം.

2020-21 ലെ വാർഷിക കണക്കു പരിശോധിക്കുമ്പോൾ ഏകദേശം 3.86 കോടി രൂപയോളം വരവും 3.10 കോടി രൂപയോളം ചെലവും ഉണ്ടായതായി മനസ്സിലാക്കുന്നു. കഴിഞ്ഞവർഷത്തെക്കാൾ 25% അടുത്ത് കുറവുണ്ടെങ്കിലും ഈ മഹാമാരിയുടെ കാലത്ത് ഇത്രയും നമുക്കു സാധിച്ചു എന്നത് സന്തോഷകരമാണ്. തീഷ്ണതയോടെ പ്രവർത്തിച്ചിരുന്ന കോൺഫറൻസുകളും ഏരിയാ കൗൺസിലുകളും പ്രതിസന്ധിയിലും സജീവമായി പ്രവർത്തിക്കുന്നു എന്നതുകൊണ്ടാണ് ഇതു സാധിച്ചത്. ചില മേഖലകളിൽ പ്രവർത്തനങ്ങൾ മന്ദീഭവിച്ചിരിക്കുന്നു. വിളിയോടുള്ള വിശ്വസ്തത നമുക്കു പുലർത്തേണ്ടതുണ്ട്. സാഹചര്യങ്ങളെ പഴിച്ചുകൊണ്ട് നിസംഗതപുലർത്തുന്നത് ഉചിതമല്ല. ജാഗ്രതയോടെ, കൂടുതൽ തീഷ്ണമായി പ്രവർത്തിക്കുവാൻ നമുക്കു പരിശ്രമിക്കാം.

നമ്മുടെ എടത്വാ, മീൻകുളം, രാമങ്കരി ഏരിയാ കൗൺസിലുകളുടെ പുതിയ പ്രസിഡന്റുമാരായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ബ്ര. സെബാസ്റ്റ്യൻ ഫ്രാൻസിസ് കട്ടപ്പുറത്ത്, എടത്വാ; ബ്ര. ബേബി ജോസഫ് വട്ടപ്പറമ്പിൽ, തടികാട്ട്; ബ്ര. വി.സി. ജോസഫ് പെരുമ്പ്രാപുത്തൻപറമ്പിൽ, മാമ്പുഴക്കരി എന്നിവർക്ക് ആശംസകളും സി സി യിലേക്ക് സ്വാഗതവും ഇത്രയുംകാലം സ്തുത്യർഹമായി ഏരിയാകൗൺസിലുകളെ നയിച്ച ബ്ര. ടി.വി. ആന്റണി തെക്കേടത്ത്, ബ്ര. എം. മാത്യു ആർപ്പൂക്കര, ബ്ര. പി.ജെ. ജോസഫ് ചേന്നാട്ടുശേരി എന്നിവർക്ക് സ്നേഹത്തോടെ നന്ദി.

നമ്മുടെ സ്കോളർഷിപ്പുകൾക്കുള്ള അപേക്ഷകൾ സെപ്റ്റംബർമാസം നൽകേണ്ടതാണ്. വിശദവിവരങ്ങൾ എ.സി. പ്രസിഡന്റുമാർവഴി അറിയിക്കുന്നതാണ്. എല്ലാവർക്കും സ്വാതന്ത്ര്യദിനത്തിന്റെയും സ്വർഗ്ഗാരോപണതിരുനാളിന്റെയും മംഗളങ്ങൾ നേർന്നുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവം,

**ബ്ര. തോമസ് ടി. മൂലയിൽ**
സി.സി. പ്രസിഡന്റ്

പ്രതികൂലങ്ങളുടെ നടുവിലും വഴിനടത്തുന്ന ദൈവം ചങ്ങനാശേരിയിലെ നവീകരണ മുന്നേറ്റത്തെ സഭാ അധികാരികളോട് ചേർന്ന് ശക്തമായി മുന്നോട്ടും നയിച്ചുകൊണ്ടിരിക്കുന്നു.

K.C.C.R.S.T. നേതൃത്വം നൽകിയ സ്കൂൾ ഓഫ് ലീഡർഷിപ്പ് കോഴ്സ് വിജയകരമായി പൂർത്തീകരിക്കാൻ പങ്കെടുത്ത എല്ലാവർക്കും സാധിച്ചു. ശിഷ്യത്വ പരിശീലനകോഴ്സ് (Disciples Course) കേരളത്തിലെ എല്ലാ സോണുകളോടും ചേർന്ന് ചങ്ങനാശേരി സോണിലും വളരെ ഭംഗിയായി നടന്നുകൊണ്ടിരിക്കുന്നു. ലൈഫ് ഇൻ ദി സ്പിരിറ്റ് ക്ലാസുകൾ വലിയ അഭിഷേകത്തോടെ പരി. ആത്മാവ് നയിച്ചുകൊണ്ടിരിക്കുന്നു. ആദ്യം തെരഞ്ഞെടുത്ത 12 മെന്റേഴ്സ് പൂർത്തീകരിച്ച ക്ലാസുകൾ ഇപ്പോൾ എഴുപതിലധികം Resource Person ന് നൽകികൊണ്ടിരിക്കുന്നു. അതിനായി Resource Person നെ ആറുഗ്രൂപ്പുകളായി തിരിച്ച് ഈ രണ്ടു മെന്റേഴ്സിന്റെ നേതൃത്വത്തിൽ വിജയകരമായി നടന്നുകൊണ്ടിരിക്കുന്നു. ഓരോ ആഴ്ചയിലും നൽകപ്പെടുന്ന ഹോംവർക്കുകളിൽ വചനവായനയും ധ്യാനവും സുകൃതജപങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. ഓരോരുത്തർക്കും ലഭിച്ച ബോധ്യങ്ങൾ ആഴ്ചയിൽ ഒരിക്കൽ ചേരുന്ന ഗ്രൂപ്പ് മീറ്റിംഗുകളിൽ പങ്കെടുക്കുന്നവർ പങ്കുവയ്ക്കുന്നു. ഇതിലൂടെ എല്ലാവരും പരി. ആത്മാവിന്റെ വലിയ അഭിഷേകം അനുഭവിക്കുന്നു. ഇതിനെല്ലാം സോണൽ ഡയറക്ടർ ബഹു. മാത്യു താന്നിയത്ത് അച്ചൻ ശക്തമായ ആത്മീയ നേതൃത്വം നൽകുന്നു. സോണൽ സർവീസ് ടീമും മെന്റേഴ്സും ചേർന്ന് ആത്മാവിന്റെ അഭിഷേകത്തിൽ നയിച്ചുകൊണ്ടിരിക്കുന്നു.

**മോൻ ചെത്തിമറ്റം**
(കോ-ഓർഡിനേറ്റർ)

**ഫാ. മാത്യു താന്നിയത്ത്**
(ഡയറക്ടർ)

ഈശോയിൽ പ്രിയ ദീപിക ഫ്രണ്ട്സ് ക്ലബ് സുഹൃത്തുക്കളേ,

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോഹണ തിരുനാളിന്റെയും മാതൃരാജ്യത്തിന്റെ 75-ാം സ്വാതന്ത്ര്യദിനാഘോഷത്തിന്റെയും ആശംസകൾ. പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥത്തിന് നമ്മുടെ രാജ്യത്തെ പ്രത്യേകമായി സമർപ്പിച്ചുകൊണ്ട് ഈ മാസം നമുക്ക് പ്രാർത്ഥിക്കാം.

1. **സിനഡിന്റെ വിജയത്തിനായി പ്രാർത്ഥിക്കാം** (ജൂലൈ 27 – ഓഗസ്റ്റ് 27 വരെ)

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പാ 2021 ജൂലൈ 3 ന് പുറപ്പെടുവിച്ച തിരുവെഴുത്തിലൂടെ സീറോമലബാർ സഭയിലെ എല്ലാ രൂപതകളിലും സമർപ്പിത ഭവനങ്ങളിലും ഒരേ രീതിയിൽ വിശുദ്ധ കുർബാന അർപ്പിക്കപ്പെടണമെന്ന് ആഹ്വാനം ചെയ്തിരിക്കുകയാണല്ലോ. 2021 ഓഗസ്റ്റ് 16 മുതൽ 27 വരെ ഓൺലൈനായി നടത്തുന്ന സിനഡിലൂടെയാണ് അതു നടപ്പിലാക്കുന്നതിന്റെ തീരുമാനം ഉണ്ടാകുന്നത്. സഭാതലവൻ മേജർ ആർച്ചുബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി പിതാവിന്റെ ആഹ്വാനത്തെ ഉത്സാഹത്തോടെ സ്വീകരിച്ച് നമുക്കെല്ലാം സിനഡിന്റെ വിജയത്തിനായി ഈ മാസം പ്രത്യേകം പ്രാർത്ഥിക്കാം. സാധിക്കുന്നവരെല്ലാം വെള്ളിയാഴ്ചകളിൽ ഉപവാസമെടുത്ത് സിനഡിന്റെ വിജയത്തിനായി കാഴ്ചവയ്ക്കുക.

2. **DFC പ്രൊമോട്ടേഴ്സ് RAC കമ്മറ്റി റീജിയണൽ കൺവൻഷനുകൾ (ഓഗസ്റ്റ് മാസം)**

ഓരോ ഇടവകകളിലും റിപ്പോർട്ടിംങ്ങ് - അഡ്വർട്ടൈസ്മെന്റ് - സർക്കുലേഷൻ എന്നീ മേഖലകളിൽ ദീപികയെ ശക്തിപ്പെടുത്താനുള്ള സംവിധാനമായ RAC കമ്മറ്റികൾ എല്ലാ ഇടവകകളിലും രൂപീകൃതമായി എന്നു കരുതുന്നു. ഇനിയും രൂപീകരിക്കാത്ത ഇടവകകളിൽ അടിയന്തിരമായി രൂപീകരിക്കേണമേ. ഓഗസ്റ്റ് മാസം ഓരോ ഞായറാഴ്ചകളിലും റീജിയണൽ കൺവൻഷനുകൾ ക്രമീകരിച്ചിരിക്കുന്നു. അതിന്റെ വിജയം ഓരോ ഫൊറോനകളിലേയും എല്ലാ ഇടവകകളിൽ നിന്നും പൂർണ്ണമായ പങ്കാളിത്തം ഉണ്ടാകുമ്പോഴാണല്ലോ? അതിന് ബഹു. വികാരിയച്ചന്മാരുടേയും വൈദീകരുടേയും DFC ഫൊറോന ഡയറക്ടറച്ചന്മാരുടേയും DFC ഭാരവാഹികളുടെയും വലിയ പിന്തുണ അഭ്യർത്ഥിക്കുന്നു.

| റീജിയനുകൾ | ഫൊറോനകൾ | തീയതി ഞായർ | സമയം |
|---|---|---|---|
| തെക്കൻമേഖല | അമ്പൂരി – കൊല്ലം – തിരുവനന്തപുരം | ഓഗസ്റ്റ് 1 | വൈകിട്ട് 6:00 – 7:30 |
| ചങ്ങനാശ്ശേരി മേഖല | ചങ്ങനാശേരി – തുരുത്തി – തൃക്കൊടിത്താനം | ഓഗസ്റ്റ് 8 | വൈകിട്ട് 6:00 – 7:30 |

| | | | |
|---|---|---|---|
| കോട്ടയം മേഖല | കോട്ടയം - കുടമാളൂർ - അതിരമ്പുഴ | ഓഗസ്റ്റ് 15 | വൈകിട്ട് 6:00 - 7:30 |
| നെടുങ്കുന്നം മേഖല | കുറുമ്പനാടം - നെടുങ്കുന്നം - മണിമല | ഓഗസ്റ്റ് 22 | വൈകിട്ട് 6:00 - 7:30 |
| കുട്ടനാട് മേഖല | ആലപ്പുഴ - ചമ്പക്കുളം - പുളിംങ്കുന്ന് - എടത്വാ | ഓഗസ്റ്റ് 29 | വൈകിട്ട് 6:00 - 7:30 |

ബഹു. വൈദികർ, ഇടവകകളിലെ DFC ഭാരവാഹികൾ, RAC കമ്മറ്റി അംഗങ്ങൾ, പ്രൊമോട്ടേഴ്സ് എന്നിവരാണ് പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കേണ്ടത്. ഫൊറോന സമിതികൾ നേതൃത്വമെടുക്കുമല്ലോ.

### 3. RAC × 10+ ചലഞ്ച്

നമ്മുടെ എല്ലാ ഇടവകകളിലും ഓഗസ്റ്റ് മാസം കൂടുതൽ പ്രാദേശിക വാർത്തകൾ റിപ്പോർട്ട് ചെയ്യാനും, 10 പരസ്യങ്ങളും മിനിമം 10 പുതിയ വാർഷിക വരിക്കാരെയും കണ്ടെത്തുക എന്ന ചലഞ്ച് നമുക്കെല്ലാവർക്കും ഏറ്റെടുക്കാം.

### 4. പത്രത്തിന്റെ വരിസംഖ്യാ പുതുക്കൽ പൂർത്തീകരിക്കുക

കോവിഡ്മൂലം നമ്മുടെ പല ഇടവകളിലും പത്രത്തിന്റെ പുതുക്കലും വരിസംഖ്യാ സമാഹരണവും മുടങ്ങിയിട്ടുണ്ട്. അടിയന്തിരമായി അതു സമാഹരിച്ചു നൽകാൻ കഴിഞ്ഞാൽ കോവിഡ് പ്രതിസന്ധിമൂലം ക്ലേശിക്കുന്ന പത്രസ്ഥാപനത്തിന് വലിയ ആശ്വാസമായിരിക്കും.

### സമാപനം

ദീപികയെ ശക്തിപ്പെടുത്താനുള്ള വളരെ ഫലപ്രദമായ സംവിധാനമായ RAC കമ്മറ്റികൾ ഓരോ ഇടവകകളിലും രൂപികരിക്കാനുള്ള ഓഗസ്റ്റ് മാസത്തെ കർമ്മപദ്ധതിയെ നമുക്ക് ഏറ്റെടുക്കാം. വിജയിപ്പിക്കാം. റീജിയണൽ കൺവൻഷനുകൾ വലിയ വിജയമാക്കി മാറ്റാൻ എല്ലാവരുടേയും പിന്തുണയും സഹകരണവും ഉണ്ടാകണമെന്ന് ഒരിക്കൽ കൂടി അഭ്യർത്ഥിച്ചുകൊണ്ട്,

പ്രാർത്ഥനയോടെ,

**ആന്റണി തോമസ് മലയിൽ**
*ഫോൺ: 9446342561*
**ആൻസി മാത്യു ചേന്നോത്ത്**
*ഫോൺ: 9447390669*
*(പ്രസിഡന്റുമാർ)*

**സണ്ണി പുളിങ്കാലായിൽ**
*ഫോൺ: 9539125164*
**പരിമൾ ആന്റണി അറയ്ക്കത്തറ**
*ഫോൺ: 9495393890*
*(ജന:സെക്രട്ടറിമാർ)*

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
*(അതിരൂപത ഡയറക്ടർ)*
*ഫോൺ: 9447432531*

---

ഇടവകകളിൽ ദീപിക ഡ്രീംലൈൻ വർക്ക് നടത്താൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക. **വർഗീസ് ഡൊമിനിക് - 9400390539**
**കോര സി. - 9495445827, വർക്കി ഇ.വി. - 9349599028**

# പൗരോഹിത്യ ആദ്ധ്യാത്മികത: വചനവിചിന്തനങ്ങൾ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ



167

## വിശ്വാസവും സ്നേഹവും ദൈവൈക്യവും

(തിരുവചനഭാഗം: 1 യോഹ 2,1-29))

ദൈവവുമായുള്ള നമ്മുടെ ഐക്യം പ്രകടമാകേണ്ടത് ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും പ്രമാണാനുഷ്ഠാനങ്ങളിലൂടെയാണെന്ന് യോഹന്നാൻശ്ലീഹാ ഈ വചനഭാഗത്ത് വ്യക്തമാക്കുന്നു. ഈ ഭാഗം ഇപ്രകാരം വിഭജിക്കാം:

1. ദൈവൈക്യവും പ്രമാണാനുസരണവും (2,1-6)
2. സഹോദരസ്നേഹവും പ്രകാശത്തിൽ സഞ്ചരിക്കലും (2,7-14)
3. ലോകത്തിന്റെ സ്നേഹവും ദൈവസ്നേഹവും (2,15-17)
4. വിശ്വാസത്തിൽ നിലനിൽക്കുക (2,18-25)
5. അഭിഷേകത്താൽ പഠിപ്പിക്കപ്പെടുക (2,26-29)

ഈ വചനഭാഗം അജപാലകരായ വൈദികർക്കു നൽകുന്ന സന്ദേശങ്ങളാണ് ഇപ്രാവശ്യം നാം ധ്യാനവിഷയമാക്കുന്നത്.

### 1. ദൈവൈക്യവും പ്രമാണാനുസരണവും

*''നാം അവന്റെ കല്പനകൾ പാലിച്ചാൽ അതിൽനിന്നു നാം അവനെ അറിയുന്നുവെന്നു തീർച്ചയാക്കാം. ഞാൻ അവനെ അറിയുന്നു എന്നു പറയുകയും അവന്റെ കല്പനകൾ പാലിക്കാതിരിക്കുകയും ചെയ്യുന്നവൻ കള്ളംപറയുന്നു; അവനിൽ സത്യമില്ല''* (2,3-5).

ദൈവൈക്യം ഒരു ആന്തരികയാഥാർത്ഥ്യമാണ്. എന്നാൽ അതുണ്ടെന്ന് ഉറപ്പാക്കുവാൻ ചില ബാഹ്യമായ അടയാളങ്ങളുണ്ട്. അതിൽ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് പ്രമാണാനുഷ്ഠാനം. ജീവിതത്തിൽ പ്രാവർത്തികമാക്കേണ്ട പ്രമാണാനുഷ്ഠാനമില്ലാതെ ദൈവൈക്യത്തിലാണെന്ന് ആർക്കും അവകാശപ്പെടാനാവില്ല. ദൈവൈക്യത്തെ സൂചിപ്പിക്കുവാൻ മൂന്നു പ്രയോഗങ്ങൾ ഇവിടെ കാണുന്നുണ്ട്: 'അവനെ അറിയുക' (2,3-4), 'അവനിലായിരിക്കുക' (2,5), 'അവനിൽ വസിക്കുക' (2,6). ബാഹ്യമായ അടയാളത്തെ സൂചിപ്പിക്കുവാനും മൂന്നു പ്രയോഗങ്ങൾ ഇവിടെ ഉപയോഗിക്കുന്നുണ്ട്. 'അവന്റെ കല്പനകൾ പാലിക്കുക' (2,3-4),

'അവന്റെ വചനം പാലിക്കുക' (2,5), 'അവൻ നടന്ന വഴിയിലൂടെ നടക്കുക' (2,6). ഇപ്രകാരം പ്രമാണങ്ങൾ പാലിക്കുന്ന ജീവിതമാണ് നാം ദൈവൈക്യത്തിലാണ് എന്നതിനുള്ള തെളിവ്. കല്പനകൾ യാന്ത്രികമായി അനുഷ്ഠിച്ചാൽപോരാ എന്ന സൂചനയാണ് അതിന് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കു വാക്ക് (തേരെയിൻ) നല്കുന്നത്. സ്നേഹബന്ധത്തിൽനിന്നും ഉരുത്തിരിയുന്ന ഒരു കല്പനാനുസരണമാണത്. അതുകൊണ്ട് സ്നേഹത്താൽ പ്രചോദിതരായി കല്പനകൾ പാലിച്ച് ദൈവൈക്യത്തിൽ ജീവിക്കുവാൻ നാം ശ്രമിക്കണം.

പാപബദ്ധനായ മനുഷ്യന് സ്നേഹബന്ധത്തിൽ നിന്നുമുയരുന്ന കല്പനാനുസരണത്തിൽ വീഴ്ചകളുണ്ടാകുമെന്നതിന് സംശയമില്ല. അതുകൊണ്ട് അപ്രകാരമുള്ള വീഴ്ചകളുണ്ടാകരുതെന്ന് ഓർമ്മിപ്പിച്ചുകൊണ്ടാണ് ഈ വചനഭാഗം ആരംഭിക്കുന്നത്. അങ്ങനെയുണ്ടായാൽത്തന്നെ അതിൽനിന്നും മോചനം നേടി നിരന്തരം പ്രമാണാനുസരണത്തിൽ കർമ്മനിരതരാകണമെന്ന് യോഹന്നാൻശ്ലീഹാ നമ്മെ അനുസ്മരിപ്പിക്കുന്നു. അതിന് നമുക്കു സഹായകനായി ഉത്ഥിതനായ ഈശോതന്നെ നമ്മോടൊപ്പമുണ്ടെന്ന് ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട് (2,1-2). ഈശോ നമുക്കു സഹായകനാകുന്നത് രണ്ടുവിധത്തിലാണ്: ഒന്ന്, നമ്മുടെ പാപങ്ങൾക്ക് പരിഹാരബലിയായിത്തീർന്നവൻ എന്ന നിലയിൽ; മറ്റൊന്ന് നമുക്കുവേണ്ടി ദൈവത്തിന്റെ സന്നിധിയിലായിരിക്കുന്ന പുരോഹിതൻ എന്ന നിലയിൽ. അതുകൊണ്ട് വീഴ്ചകളിൽ നിരാശപ്പെടാതെ നിരന്തരം നവീകരിക്കപ്പെട്ടുകൊണ്ട് ദൈവൈക്യത്തിലും പ്രമാണാനുസരണത്തിലും നാം ജീവിക്കണം. ഇത് എല്ലാ ക്രൈസ്തവരെ സംബന്ധിച്ചും പ്രസക്തമാണെങ്കിൽ അതിനു മാതൃകയായും അതിനെ പ്രോത്സാഹിപ്പിച്ചും അജപാലകർ അവരുടെ ശുശ്രൂഷ നിർവ്വഹിക്കണം.

## 2. സഹോദരസ്നേഹവും പ്രകാശത്തിൽ സഞ്ചരിക്കലും

*''താൻ പ്രകാശത്തിലാണെന്നു പറയുകയും, അതേസമയം തന്റെ സഹോദരനെ ദ്വേഷിക്കുകയും ചെയ്യുന്നവൻ ഇപ്പോഴും അന്ധകാരത്തിലാണ്. സഹോദരനെ സ്നേഹിക്കുന്നവൻ പ്രകാശത്തിൽ വസിക്കുന്നു; അവന് ഇടർച്ച ഉണ്ടാകുന്നില്ല. എന്നാൽ തന്റെ സഹോദരനെ വെറുക്കുന്നവൻ ഇരുട്ടിലാണ്. അവൻ ഇരുട്ടിൽ നടക്കുന്നു. ഇരുട്ട് അവന്റെ കണ്ണുകളെ അന്ധമാക്കിയതിനാൽ എവിടേക്കാണു പോകുന്നതെന്ന് അവൻ അറിയുന്നില്ല''* (2,9-11).

ദൈവൈക്യത്തിന്റെ മാനദണ്ഡമായി 'കല്പനകൾ പാലിക്കുക' എന്നു പറഞ്ഞത് പരസ്പരസ്നേഹത്തിന്റെ കല്പനയായി ഈ ഭാഗത്ത് അവതരിപ്പിക്കുന്നു. പരസ്പരസ്നേഹത്തിന്റെ കല്പനയെ പഴയകല്പനയായിട്ടും പുതിയ കല്പനയായിട്ടും ഇവിടെ വിശേഷിപ്പിക്കുന്നു. പഴയകല്പന (2,7-8) എന്നു പറയുന്നത് പഴയനിയമത്തിലെ കല്പന എന്ന അർത്ഥത്തിലല്ല. പ്രത്യുത, ഈശോമിശിഹായിലുള്ള വിശ്വാസത്തിന്റെ ആരംഭംമുതൽ എന്ന അർത്ഥത്തിലാണ്. അതായത്, ഈശോ നല്കിയ പരസ്പരസ്നേഹത്തിന്റെ കല്പന (യോഹ 13,34-35). ഈ കല്പന അവർ ശ്രവിച്ച വചനം തന്നെയാണെന്ന് ഇവിടെ കൂട്ടിച്ചേർക്കുന്നു. ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ഈശോ നല്കിയ പരസ്പരസ്നേഹത്തിന്റെ കല്പന ഈശോയുടെ സുവിശേഷം തന്നെയാണ്. എങ്കിലും ഈ

കല്പനയെ പുതിയ കല്പനയായും വിശേഷിപ്പിക്കുന്നു (2,8). പുതിയ കല്പന എന്നതിന്റെ അർത്ഥം സവിശേഷതയിൽ പുതിയത് എന്നു മനസ്സിലാക്കണം. നാം എങ്ങനെയെങ്കിലും മറ്റുള്ളവരെ സ്നേഹിച്ചാൽ പോരാ; ഈശോ നമ്മെ സ്നേഹിച്ചതുപോലെ നാം പരസ്പരം സ്നേഹിക്കണം. മാത്രമല്ല, ക്രിസ്തീയസ്നേഹം ഈശോയിലൂടെ നമുക്കു നല്കപ്പെട്ട പിതാവായ ദൈവത്തിന്റെ സ്നേഹത്തിലുള്ള പങ്കുചേരലുമാണ് (1 യോഹ 4,16).

സഹോദരനെ സ്നേഹിക്കുന്നവൻ പ്രകാശത്തിൽ വസിക്കുന്നവനും സഹോദരനെ വെറുക്കുന്നവൻ ഇരുട്ടിൽ നടക്കുന്നവനുമാണെന്ന് തുടർന്നു പറയുന്നു. സഹോദരനെ സ്നേഹിക്കുമ്പോൾ നാം ദൈവത്തിന്റെ സ്നേഹത്തിലും സഹവാസത്തിലും വളരുകയും ദൈവൈക്യത്തിലേക്കു നടന്നടുക്കുകയും ചെയ്യുന്നു. സഹോദരനെ വെറുക്കുന്നവൻ ദൈവൈക്യത്തിലേക്കുള്ള വഴി തിരിച്ചറിയാതെ ജീവിക്കുന്നതുകൊണ്ട് ലക്ഷ്യബോധമില്ലാതെ യാത്ര ചെയ്യുന്നവനാണ്. ഇവിടെ 'സഹോദരർ' എന്നു വിശേഷിപ്പിക്കുന്നത് സഭയുടെ കൂട്ടായ്മയിലുള്ള വിശ്വാസികളെയാണ്. പുതിയനിയമത്തിൽ എല്ലാ ഗ്രന്ഥങ്ങളിലുംതന്നെ വിശ്വാസകൂട്ടായ്മയിലുള്ള സഭാംഗങ്ങളെ 'സഹോദരർ' എന്നു വിശേഷിപ്പിക്കുന്നതായി കാണുന്നുണ്ട്. ഈശോ തന്റെ പിതാവിന്റെ ഹിതം നിർവ്വഹിക്കുന്നവരെ സ്വന്തം സഹോദരരായി കണ്ടിരുന്നുവല്ലോ (മർക്കോ 3,35). യോഹന്നാന്റെ കാഴ്ചപ്പാടിൽ വിശ്വാസികൾ ദൈവത്തിൽനിന്നും ജനിച്ച ദൈവമക്കളായതുകൊണ്ട് (യോഹ 1,12-13) പരസ്പരം സഹോദരരായി കാണുകയും സ്നേഹിക്കുകയും ചെയ്യണം. അതുകൊണ്ട് സഭാശുശ്രൂഷയുടെ ലക്ഷ്യമായി അജപാലകർ ശ്രദ്ധിക്കേണ്ടത് പരസ്പരസ്നേഹം ജീവിക്കുന്ന ഒരു കുടുംബമായി ഇടവകയെ കെട്ടിപ്പടുക്കുവാനാണ്.

## 3. ലോകത്തിന്റെ സ്നേഹവും ദൈവസ്നേഹവും

*''ലോകത്തെയോ ലോകത്തിലുള്ള വസ്തുക്കളെയോ നിങ്ങൾ സ്നേഹിക്കരുത്. ആരെങ്കിലും ലോകത്തെ സ്നേഹിച്ചാൽ പിതാവിന്റെ സ്നേഹം അവനിൽ ഉണ്ടായിരിക്കുകയില്ല. എന്തെന്നാൽ, ജഡത്തിന്റെ ദുരാശ, കണ്ണുകളുടെ ദുരാശ, ജീവിതത്തിന്റെ അഹന്ത ഇങ്ങനെ ലോകത്തിലുള്ളതൊന്നും പിതാവിന്റേതല്ല; പ്രത്യുത, ലോകത്തിന്റേതാണ്. ലോകവും അതിന്റെ മോഹങ്ങളും കടന്നുപോകുന്നു. ദൈവഹിതം പ്രവർത്തിക്കുന്നവനാകട്ടെ എന്നേക്കും നിലനിൽക്കുന്നു''* (2,15-17).

ദൈവസ്നേഹവും ലോകത്തിന്റെ സ്നേഹവും ഒന്നിച്ചുപോവുകയില്ല എന്ന് ഇവിടെ യോഹന്നാൻ ശ്ലീഹാ ഓർമ്മിപ്പിക്കുകയും അതുകൊണ്ട് ലോകത്തെ സ്നേഹിക്കാതിരിക്കാൻ ഉപദേശിക്കുകയും ചെയ്യുന്നു. ഇവിടെ ലോകം എന്നു പറയുന്നത് പാപകരമായ ലോകത്തെയാണ്; അതായത് വിശ്വാസവിരുദ്ധമായ നിലപാടെടുക്കുന്ന ലോകത്തെ. ''ലോകത്തിലുള്ള വസ്തുക്കളെയും സ്നേഹിക്കരുത്'' എന്നു പറയുന്നു. ലോകത്തിലുള്ള വസ്തുക്കൾ ഏതാണെന്ന് അടുത്ത വാചകത്തിൽ വിശദീകരിക്കുന്നുണ്ട്. ജഡത്തിന്റെ ദുരാശ, കണ്ണുകളുടെ ദുരാശ, ജീവിതത്തിന്റെ അഹന്ത. ഈശോയ്ക്കനുഭവപ്പെട്ടതും മനുഷ്യർക്കെല്ലാം അനുഭവപ്പെടുന്നതുമായ പ്രലോഭനങ്ങളുടെ മൂന്നു തലങ്ങളാണിവ. ജഡത്തിന്റെ ദുരാശ

ജഡികാസക്തികളെ സൂചിപ്പിക്കുന്നു. വിശപ്പ് അനുഭവപ്പെട്ടപ്പോൾ കല്ലുകളെ അപ്പമാക്കുവാൻ ഈശോയ്ക്കനുഭവപ്പെട്ട പ്രലോഭനം ഇതിനുദാഹരണമാണ് (മത്താ 4,3). കണ്ണുകളുടെ ദുരാശ കാണുന്നതെല്ലാം സ്വന്തമാക്കാനുള്ള ദ്രവ്യാ ഗ്രഹത്തെ സൂചിപ്പിക്കുന്നു. 'നീ സാഷ്ടാംഗം വീണ് എന്നെ ആരാധിച്ചാൽ ഇവ യെല്ലാം നിനക്കു ഞാൻ നൽകും' എന്നു പറഞ്ഞ് സാത്താൻ ഈശോയെ പ്ര ലോഭിപ്പിച്ചത് ഇതിനുദാഹരമാണ് (മത്താ 4,8-9). ജീവിതത്തിന്റെ അഹന്ത മനു ഷ്യമഹത്ത്വം തേടാനുള്ള പ്രലോഭനത്തെ സൂചിപ്പിക്കുന്നു. ദൈവാലയത്തിന്റെ അഗ്രത്തിൽ നിന്നു താഴേക്കുചാടുവാൻ ഈശോയ്ക്കുണ്ടായ പ്രലോഭനം ഇതി നുദാഹരണമാണ് (മത്താ 4,6). ലോകത്തോടും ലോകവസ്തുക്കളോടുമുള്ള സ്നേഹം ദൈവസ്നേഹവുമായി പൊരുത്തപ്പെടുകയില്ല.

ലോകത്തെ സ്നേഹിക്കാതിരിക്കാനുള്ള മറ്റൊരു കാരണം ലോകവും അതിന്റെ മോഹങ്ങളും കടന്നുപോകുന്നു എന്നതാണ്. നിത്യമായി നിലനിൽക്കു ന്നതിൽ മാത്രമേ യഥാർത്ഥ സന്തോഷവും സംതൃപ്തിയും മനുഷ്യനു ലഭി ക്കുകയുള്ളൂ. ദൈവം മാത്രമാണ് നിത്യനായവൻ. അതുകൊണ്ട് ദൈവത്തെ സ്നേഹിക്കുകയും ദൈവഹിതം പ്രാവർത്തികമാക്കുകയും ചെയ്തുകൊണ്ട്, ദൈവൈക്യത്തിൽ ജീവിക്കുന്നവർ ദൈവത്തോടുകൂടെ എന്നും നിലനിൽക്കും. അതുവഴി യഥാർത്ഥ സന്തോഷവും സംതൃപ്തിയും അനുഭവിക്കുകയും ചെയ്യും. അതുകൊണ്ട് ദൈവസ്നേഹത്തിനു ജീവിതത്തിൽ പ്രഥമസ്ഥാനം നൽകണം. ദൈവസ്നേഹം മാത്രം മതി എന്ന നിലപാടിൽ നിലനിൽക്കുകയും വളരുകയും വേണം. 'ഹൃദയത്തിന്റെ സന്ന്യാസം' എന്ന് അതിനെ വിശേഷിപ്പിക്കാം. അതാണ് എല്ലാ ക്രൈസ്തവരും അഭ്യസിക്കേണ്ടതും ജീവിക്കേണ്ടതും. അതുകൊണ്ട് ഈ സന്ന്യാസം ജീവിക്കുവാൻ അജപാലകർ പ്രത്യേകം ശ്രദ്ധിക്കണം. അപ്രകാരം ജീവിക്കുവാൻ ജനങ്ങളെ പരിശീലിപ്പിക്കുകയും വേണം.

## 4. വിശ്വാസത്തിൽ നിലനിൽക്കുക

*"ഈശോയാണ് മിശിഹാ എന്നത് നിഷേധിക്കുന്നവനല്ലാതെ മറ്റാരാണ് കള്ളം പറയുന്നവൻ? പിതാവിനെയും പുത്രനെയും നിഷേധിക്കുന്നവനാരോ അവ നാണ് അന്തിക്രിസ്തു. പുത്രനെ നിഷേധിക്കുന്നവനു പിതാവുമില്ല. പുത്രനെ ഏറ്റുപറയുന്നവനു പിതാവും ഉണ്ടായിരിക്കും. ആരംഭം മുതൽ നിങ്ങൾ ശ്രവി ച്ചതു നിങ്ങളിൽ നിലനിൽക്കട്ടെ. അതു നിങ്ങളിൽ നിലനിൽക്കുമെങ്കിൽ നിങ്ങൾ പുത്രനിലും പിതാവിലും നിലനിൽക്കും. അവൻ നമുക്കു നൽകിയിരിക്കുന്ന വാഗ്ദാനം ഇതാണ്-നിത്യജീവൻ"* (2,22-25).

ഈ ലേഖനഭാഗത്ത് വിശ്വാസികളും വ്യാജപ്രവാചന്മാരും തമ്മിലുള്ള വ്യത്യാ സവും വ്യാജപ്രവാചകന്മാരെ തിരിച്ചറിയാനുള്ള മാനദണ്ഡങ്ങളും അവതരി പ്പിച്ച്, വിശ്വാസത്തിൽ നിലനിൽക്കാനുള്ള ആഹ്വാനമാണ് യോഹന്നാൻശ്ലീഹാ നല്കുന്നത്. വ്യാജപ്രവാചകന്മാരെ 'അന്തിക്രിസ്തു' എന്നാണ് യോഹന്നാൻ വിശേഷിപ്പിക്കുന്നത്. 'അന്തിക്രിസ്തു' യുഗാന്ത്യത്തിൽ വരാനിരിക്കുന്നവനും ക്രിസ്തുവിന് എതിരായി പ്രവർത്തിക്കുന്നവനുമായിട്ടാണ് ക്രൈസ്തവസമൂഹം വിശ്വസിച്ചിരുന്നത്. യോഹന്നാന്റെ കാഴ്ചപ്പാടിൽ യുഗാന്ത്യം സഭയുടെ കാലഘ ട്ടത്തോടുകൂടി ആരംഭിച്ചുകഴിഞ്ഞു. അതുകൊണ്ട് മിശിഹായിലുള്ള സഭയുടെ വിശ്വാസത്തിനു വിരുദ്ധമായി പഠിപ്പിക്കുന്നവരെല്ലാം 'അന്തിക്രിസ്തുമാർ'

എന്നാണ് അറിയപ്പെട്ടിരുന്നത്. ആ അർത്ഥത്തിൽതന്നെയാണ് ഈ വചനഭാഗത്തും ഇവരെപ്പറ്റി പറയുന്നത്. അവരെ 'നമ്മുടെ കൂട്ടത്തിൽനിന്നു പുറത്തുപോയവർ' (2,19–20), 'പിതാവിനെയും പുത്രനെയും നിഷേധിക്കുന്നവർ' (2,21–25), 'വിശ്വാസികളെ വഴിതെറ്റിക്കുന്നവർ' (2,26–27) എന്നിങ്ങനെ മൂന്നു വിധത്തിൽ വിശേഷിപ്പിക്കുന്നു.

ഇവരുടെ സാന്നിധ്യം വിശ്വാസികൾക്കു ഭീഷണിയാണ്. തെറ്റായ പഠനങ്ങൾ നല്കി സഭാംഗങ്ങളെ സഭയുടെ വിശ്വാസത്തിൽനിന്നും വ്യതിചലിപ്പിക്കുവാൻ ഇടയാക്കുന്ന ഒരു സാഹചര്യമാണ് ഇവരുടെ സാന്നിധ്യം സൃഷ്ടിച്ചത്. അതിനെതിരെ ജാഗ്രത പുലർത്തണമെന്നാണ് ഇവിടെ യോഹന്നാൻശ്ലീഹാ ഉദ്ബോധിപ്പിക്കുന്നത്. വ്യാജപ്രവാചകന്മാരുടെ സാന്നിധ്യം സഭയിൽ എന്നുമുണ്ടാകും. അവരെ തിരിച്ചറിയുവാനും അവരുടെ തെറ്റായ പ്രബോധനങ്ങൾക്കടിമപ്പെടാതെ സഭയുടെ വിശ്വാസത്തിൽ ഉറച്ചുനില്ക്കുവാനും നിതാന്തജാഗ്രത ആവശ്യമാണ്. അജപാലകരായ പുരോഹിതർ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. സഭയുടെ വിശ്വാസം പഠിപ്പിക്കുവാനും ജനങ്ങളെ പഠിപ്പിക്കുവാനും പുരോഹിതർ നിതാന്തജാഗ്രത പുലർത്തണം.

## 5. അഭിഷേകത്താൽ പഠിപ്പിക്കപ്പെടുക

*''മിശിഹായിൽനിന്നു നിങ്ങൾ സ്വീകരിച്ച അഭിഷേകം നിങ്ങളിൽ നിലനിൽക്കുന്നു. അതിനാൽ മറ്റാരും നിങ്ങളെ പഠിപ്പിക്കേണ്ടതില്ല. അവന്റെ അഭിഷേകം എല്ലാ കാര്യങ്ങളെയുംകുറിച്ചു നിങ്ങളെ പഠിപ്പിക്കും. അതു സത്യമാണ്,വ്യാജമല്ല. അവൻ നിങ്ങളെ പഠിപ്പിച്ചതനുസരിച്ച് നിങ്ങൾ അവനിൽ വസിക്കുവിൻ''* (2,27).

''മിശിഹായിൽനിന്നു നിങ്ങൾ സ്വീകരിച്ച അഭിഷേകം നിങ്ങളിൽ നിലനിൽക്കുന്നു. അതിനാൽ മറ്റാരും നിങ്ങളെ പഠിപ്പിക്കേണ്ടതില്ല. അവന്റെ അഭിഷേകം എല്ലാക്കാര്യങ്ങളെയുംകുറിച്ച് നിങ്ങളെ പഠിപ്പിക്കും'' എന്ന പ്രസ്താവന പലവിധത്തിൽ വ്യാഖ്യാനിക്കപ്പെടുകയും തെറ്റായ പഠനങ്ങൾക്കു ഇടയാവുകയും ചെയ്യുന്ന ഒരു പ്രസ്താവനയാണ്. ഉദാഹരണത്തിന് ഇത് നമുക്കു ലഭിച്ച അരൂപിയെക്കുറിച്ചാണെന്നും, അതുകൊണ്ട് മറ്റാരും നമ്മെ പഠിപ്പിക്കേണ്ടെന്നും വ്യാഖ്യാനിക്കുന്നവരുണ്ട്. വെറും വ്യക്തിഗതമായി, അരൂപിയാൽ നയിക്കപ്പെടുന്ന ഒരു ജീവിതമായി ഇതിനെ വ്യാഖ്യാനിക്കുന്നത് ശരിയല്ല. ഇത് സഭയുടെ വിശ്വാസത്തോടും പ്രബോധനത്തോടും ബന്ധപ്പെട്ട ഒരു അഭിഷേകമാണ്; നിരന്തരമായ വിശ്വാസസ്വീകരണത്തോടു ബന്ധപ്പെട്ട ഒരഭിഷേകമാണ്. ഈ അഭിഷേകം ആദ്യമായി നടക്കുന്നത് മാമ്മോദീസായിലാണ്. മാമ്മോദീസായിലാണല്ലോ സഭയുടെ വിശ്വാസത്തിലേക്കു നാം പ്രവേശിപ്പിക്കപ്പെടുന്നത്. സഭയുടെ കൂദാശാജീവിതത്തിലൂടെ ഈ അഭിഷേകം തുടർന്നുകൊണ്ടിരിക്കുന്നു. അതുകൊണ്ടാണ് സഭയുടെ കൂട്ടായ്മയിൽനിന്നും വിട്ടുപോയവരെ വ്യാജമിശിഹാമാരെന്നും സഭാംഗങ്ങളെ അഭിഷേകമുള്ളവരെന്നും ലേഖനത്തിൽ വിശേഷിപ്പിക്കുന്നത്.

അഭിഷേകം എന്നത് സഭയിൽ സ്വീകരിക്കപ്പെട്ടതും അരൂപിയുടെ സഹായത്തോടെ ആന്തരികീകരിക്കപ്പെടുന്നതുമായ ദൈവവചനമാണ്. ആകയാൽ ഈ

അഭിഷേകം സഭയുടെ പ്രബോധനം ഉൾക്കൊള്ളുന്നതും ആന്തരികീകരണം ആവശ്യമായിട്ടുള്ളതുമാണ്. സഭയുടെ വിശ്വാസവും പ്രബോധനവും എത്രമാത്രം നാം ആന്തരികീകരിക്കുന്നുവോ, അത്രമാത്രം മറ്റു ബാഹ്യമായ പ്രബോധനത്തിന്റെ ആവശ്യകത കുറഞ്ഞുവരും. ഈ പ്രസ്താവന ബാഹ്യമായ പ്രബോധനത്തിന്റെ ആവശ്യകതയ്ക്ക് വിരുദ്ധമല്ല. ബാഹ്യമായ പ്രബോധനങ്ങളെല്ലാം സഭയുടെ ആധികാരികമായ പ്രബോധനത്തോടു ചേർന്നുപോകുന്നതാണെന്നും വിശ്വാസത്തെ സ്വാംശീകരിക്കാൻ സഹായകമാണെന്നും ഉറപ്പുവരുത്തണം. മിശിഹായുടെ രണ്ടാം ആഗമനത്തെ പ്രതീക്ഷിക്കുന്ന ജീവിതമാണല്ലോ ക്രൈസ്തവജീവിതം. അതുകൊണ്ട് ഈ അന്ത്യാത്മകലക്ഷ്യത്തിലേക്ക് നടന്നടുക്കുവാൻ മിശിഹായിൽ വസിക്കുവാൻ ഉപദേശിച്ചുകൊണ്ടാണ് ഈ വചനഭാഗം അവസാനിപ്പിക്കുന്നത്. മിശിഹായിൽ വസിക്കുക എന്നതിന്റെ അർത്ഥം സഭയുടെ കൂട്ടായ്മയിൽ നിലനിൽക്കുക എന്നതാണ്. അതുകൊണ്ട് സഭയുടെ കൂട്ടായ്മയിൽ നിലനിന്നുകൊണ്ട് വിശ്വാസാഭിഷേകത്താൽ നിരന്തരം പഠിപ്പിക്കപ്പെട്ടുകൊണ്ട് വിശ്വാസജീവിതം നയിക്കുവാൻ അജപാലകർ തങ്ങളുടെ വിശ്വാസികളെ പരിശീലിപ്പിക്കണം.

## ജീവിതസൂചിക

1. അനുസരണാജീവിതത്തിലൂടെ ദൈവൈക്യത്തിൽ നിരന്തരം ജീവിക്കുവാൻ ഞാൻ പരിശ്രമിക്കുന്നുണ്ടോ?
2. പരസ്പരസാഹോദര്യം ജീവിക്കുന്ന കുടുംബാരൂപിയിൽ ഇടവകയെ കെട്ടിപ്പടുക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
3. ദൈവസ്നേഹത്താൽ ഭരിക്കപ്പെടുന്ന ഹൃദയത്തിന്റെ സന്ന്യാസം ജീവിക്കുവാൻ എനിക്കു കഴിയുന്നുണ്ടോ?
4. സഭയുടെ വിശ്വാസത്തിൽനിന്നും വ്യതിചലിപ്പിക്കുന്ന പ്രബോധനങ്ങളെ വിവേചിച്ചറിഞ്ഞ് സത്യവിശ്വാസം ജീവിക്കുവാൻ ഞാൻ ജനങ്ങളെ പരിശീലിപ്പിക്കുന്നുണ്ടോ?
5. സഭയുടെ കൂട്ടായ്മയിൽ നിലനിന്നുകൊണ്ട് വിശ്വാസാഭിഷേകത്താൽ പഠിപ്പിക്കപ്പെടാൻ വിശ്വാസികളെ ഞാൻ എങ്ങനെ പരിശീലിപ്പിക്കുന്നു?



# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**ജൂൺ 2021**

25 യുവദീപ്തി എസ്.എം.വൈ.എം. ന്റെ നേതൃത്വത്തിൽ നിർധനരായ കുട്ടികൾക്ക് പഠനോപകരണങ്ങൾ സമ്മാനിക്കുന്ന *കൈത്തിരി* എന്ന പ്രോഗ്രാം ഉദ്ഘാടനം ചെയ്യുകയും എസ്.എം.വൈ.എം. ന്റെ ഈ വർഷത്തെ പ്രവർത്തന മാർഗ്ഗരേഖ പ്രകാശനം ചെയ്തു സംസാരിക്കുകയും ചെയ്തു. അതിനുശേഷം സീറോ മലബാർ ലിറ്റർജി കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. ചങ്ങനാശേരി അതിരൂപത കെ.എൽ.എം. ന്റെ ആഭിമുഖ്യത്തിൽ നടന്ന ലഹരിവിരുദ്ധ ദിനാചരണം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയും അതിനെ തുടർന്ന് ദീപം തെളിച്ച് അതിൽ പങ്കെടുക്കുകയും ചെയ്തു.

27 രാവിലെ വെരൂർ എഫ്.സി.സി സന്യാസഭവനം സന്ദർശിച്ച് പരിശുദ്ധ കുർബാന അർപ്പിച്ചു വചനസന്ദേശം നൽകി.

28 രാവിലെ പാലാ രൂപത വിളക്കുമാടം സെന്റ് ഫ്രാൻസിസ് സേവ്യേഴ്സ് ഇടവകാംഗമായ കള്ളിവയലിൽ മൈക്കിളിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. അതിനുശേഷം അതിരൂപതാകേന്ദ്രത്തിൽ പി.പി.എഫ്.എ. യുടെ മീറ്റിംഗിൽ പങ്കെടുത്തു സംസാരിക്കുകയും വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഉച്ചകഴിഞ്ഞ് ദീപികയുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു സംസാരിച്ചു.

29 കായൽപ്പുറം സെന്റ് ജോസഫ് ഇടവകാംഗമായ പരേതനായ കൊടിയന്തറ ബഹുമാനപ്പെട്ട ഫിലിപ്പ് അച്ചന്റെ മാതാവ് ത്രേസ്യാമ്മ വർഗീസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

30 രാവിലെ അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം മെത്രാന്മാരുടെ ഓൺലൈൻ മാസധ്യാനത്തിൽ പങ്കെടുത്തു.

**ജൂലൈ 2021**

1 രാവിലെ ചങ്ങനാശേരി അതിരൂപത ഫൊറോന വികാരിമാരുടെ ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു സംസാരിക്കുകയും വേണ്ട മാർഗനിർദേശങ്ങൾ നൽകുകയും ചെയ്തു. അതിനുശേഷം ചങ്ങനാശേരി അതിരൂപത ഫൊറോന കൗൺസിൽ സെക്രട്ടറിമാരുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്ത് അധ്യക്ഷ പ്രസംഗം നടത്തുകയും മാർഗനിർദേശങ്ങൾ നൽകുകയും ചെയ്തു.

2 ചങ്ങനാശേരി അതിരൂപത എ.കെ.സി.സി. യുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട മീറ്റിംഗിൽ പൾസ് ഓക്സിമീറ്ററുകളുടെ വിതരണോത്ഘാടനം നടത്തി സംസാരിച്ചു. വൈകുന്നേരം ദുക്റാന തിരുനാളിനോടനുബന്ധിച്ച് എം.ഓ.

സി. യിൽ ആഘോഷമായ റംശാ പ്രാർത്ഥനയ്ക്കു കാർമ്മികത്വം വഹിച്ചു. അതിനെ തുടർന്ന് എം.ഒ.സി. യുടെ പുതിയ അക്കാദമിക് വർഷത്തിന്റെ ഉദ്ഘാടനസമ്മേളനത്തിൽ സംസാരിക്കുകയും ദുക്റാന തിരുനാളിന്റെ ആഘോഷങ്ങളിൽ പങ്കുചേരുകയും ചെയ്തു. അതിനുശേഷം സവീന സഭാംഗ മായ സിസ്റ്റർ അന്നയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

3 രാവിലെ ദുക്റാന തിരുനാളിനോടനുബന്ധിച്ച് നിരണം മാർത്തോമാ ശ്ലീഹാ ദൈവാലയത്തിൽ ആഘോഷമായ പരിശുദ്ധ കുർബാനയർപ്പണം നടത്തു കയും വചനസന്ദേശം നൽകുകയും ചെയ്തു. അതിനുശേഷം അതിരൂപതാ കേന്ദ്രത്തിൽ നടന്ന ചെത്തിപ്പുഴ ആശുപത്രിയുടെ പുതിയ ബ്രാഞ്ചായ മണി മല സെന്റ് തോമസ് ഹെൽത്ത് സെന്ററിന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചു. ഉച്ചകഴിഞ്ഞ് ചെത്തിപ്പുഴ കോളേജിലെ പുതിയ അക്കാദമിക് വർഷത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയും, ചങ്ങനാശേരി അതിരൂപതയിലെ വൈദികരായ തുമ്പേച്ചിറയിൽ ബഹുമാനപ്പെട്ട ഷാജി അച്ചനും കോട്ടയിൽ ബഹുമാനപ്പെട്ട സിറിയക് അച്ചനും ചേർന്ന് രചിച്ച *'കോവിഡ് കാല കഥകളും കവിതകളും'* എന്ന പുസ്തകം പ്രകാശനം ചെയ്യുകയും ചെയ്തു. അതിനു ശേഷം ഭാരത ക്രൈസ്തവദിനത്തോടനുബന്ധിച്ച് കോട്ടയം സെന്റ് മേ രീസ് ഓർത്തഡോക്സ് ദൈവാലയത്തിൽ നടന്ന എക്യുമെനിക്കൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. വൈകുന്നേരം കേരള കോൺഗ്രസിന്റെ നേതൃത്വനിരയിലുള്ള വ്യക്തികളെ അതിരൂപതാ കേന്ദ്രത്തിൽ സ്വാഗതം ചെയ്ത് അവരുമായി ചർച്ചകൾ നടത്തി. അതിനുശേഷം അതിരൂപതാ കേന്ദ്രത്തിൽ ദുക്റാന തിരുനാൾ ആഘോഷത്തിന്റെയും, മാർ തോമസ് തറയിൽ പിതാവിന്റെ നാമഹേതുകതിരുനാളിന്റെയും ആഘോഷത്തിൽ പങ്കുചേരുകയും ആശംസകൾ അറിയിച്ചു സംസാരിക്കുകയും ചെയ്തു. അതിനുശേഷം *'ഓർസലേം മുതൽ ഓർത്തൊണാവരെ'* എന്ന പുതിയ പുസ്തകത്തിന്റെ പ്രകാശനകർമ്മത്തോടൊപ്പം അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവിന്റെ പുതിയ പുസ്തകമായ *'പൊട്ടിച്ചിരികളുടെ കുടുംബം'* പ്രകാശനം ചെയ്യുകയും ചെയ്തു.

4 രാവിലെ സെന്റ് തോമസ് മൈനർ സെമിനാരിയിൽ പരിശുദ്ധ കുർബാന അർപ്പിച്ചു വചന സന്ദേശം നൽകുകയും തുടർന്ന് അവിടെ പരിശീലനത്തി ലായിരിക്കുന്ന വൈദിക വിദ്യാർത്ഥികളെ കണ്ട് അവർക്കുവേണ്ട മാർഗ്ഗ നിർദേശങ്ങൾ നൽകുകയും ചെയ്തു. അതിനുശേഷം *'സേവ് ഫാമിലി സേവ് ഇറെർണൽ ലൈഫ്'* എന്ന പ്രാർത്ഥനകൂട്ടായ്മയുടെ ഒന്നാം വാർഷി കാഘോഷത്തിൽ പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തി. ഉച്ചകഴിഞ്ഞ് ചങ്ങനാശേരി അതിരൂപതാ കെ.സി.എസ്.എൽ. ന്റെ ആനിമേറ്റേഴ്സ് മീറ്റിൽ ഓൺലൈനായി സംബന്ധിച്ച് അവർക്കുവേണ്ട മാർഗ്ഗനിർദേശങ്ങൾ നൽകി.

5 രാവിലെ സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോമിൽ പരിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. തുടർന്ന് ജന്മദിനത്തോടനുബന്ധിച്ച് കേക്ക് മുറിക്കുകയും ചെയ്തു. തുടർന്ന് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് ഏഷ്യാനെറ്റ് ടി വി യിൽ സ്റ്റാൻ സ്വാമിയുടെ

മരണത്തെ സംബന്ധിച്ചുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് അഭിമുഖം നൽകി. വൈകുന്നേരം കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരിയിലെ വൈദികവിദ്യാർഥികളുമായി ഓൺലൈൻ മീറ്റിംഗിൽ പങ്കെടുക്കുകയും ആശംസകൾക്ക് നന്ദി അറിയിക്കുകയും ചെയ്തു. വൈകുന്നേരം അതിരൂപ താ കേന്ദ്രത്തിൽ നടന്ന അഭിവന്ദ്യ പിതാവിന്റെ ജന്മദിന ആഘോഷങ്ങൾക്ക് ഒടുവിൽ ആശംസകൾക്കും പ്രാർത്ഥനകൾക്കും നന്ദി അറിയിച്ചുകൊണ്ട് സംസാരിച്ചു.

6 രാവിലെ ആറുമാനൂരിൽ പുതുതായി ആരംഭിച്ച ആകാശപറവകളുടെ ഭവനം ആശീർവദിച്ചു. ഉച്ചകഴിഞ്ഞ് കോട്ടയം നല്ലിടയൻ ദേവാലയത്തിൽ കെ.സി.ബി.സി കമ്മീഷന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട സ്റ്റാൻ സ്വാമി അനുസ്മരണത്തിൽ പങ്കെടുത്തു സംസാരിച്ചു. അതിനെത്തുടർന്ന് ചങ്ങനാശേരി അതിരൂപതാ പാസ്റ്ററൽ കൗൺസിലിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട സ്റ്റാൻ സ്വാമി അനുസ്മരണത്തിൽ പങ്കെടുത്തു സംസാരിക്കുകയും തിരികൾ തെളിച്ചു പ്രതിഷേധം അറിയിക്കുകയും ചെയ്തു.

7 രാവിലെ പൊടിപ്പാറ തിരുഹൃദയ ഇടവകാംഗമായ പതാരംചിറ റോസമ്മ ജോയിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചകഴിഞ്ഞ് സെന്റ് സേവ്യേഴ്സ് ഫൊറോന പള്ളി ഇടവകാംഗമായ കടംതോട് കെ.എസ് ജോസഫിന്റെ മൃതസംസ്കാര ശുശ്രൂഷയിലെ ദൈവാലയ കർമ്മങ്ങൾക്ക് കാർമികത്വം വഹിച്ചു.

8 രാവിലെ ദനഹാലയയുടെ മാനേജിങ്ങ് ബോർഡ് മീറ്റിങ്ങിൽ ഓൺലൈനായി സംബന്ധിച്ച് അവർക്കു വേണ്ട മാർഗനിർദേശങ്ങൾ നൽകി.

9 രാവിലെ ഏറ്റുമാനൂർ ക്രിസ്തുരാജ ഇടവകാംഗമായ പരേതനായ പുതുപ്പറമ്പിൽ ബഹുമാനപ്പെട്ട സോജൻ അച്ചന്റെ പിതാവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചകഴിഞ്ഞ് സൗത്ത് ഇന്ത്യൻ ബാങ്കിന്റെ എം.ഡി. യെ അതിരൂപതാ കേന്ദ്രത്തിൽ സ്വീകരിക്കുകയും അദ്ദേഹത്തെ കണ്ടു സംസാരിക്കുകയും ചെയ്തു. വൈകുന്നേരം കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിലെ വൈദികരുടെ മീറ്റിംഗിൽ പങ്കെടുത്ത് അവരുമായി സംസാരിച്ചു.

10 രാവിലെ തെള്ളകം സെന്റ് ജോസഫ് പള്ളി പുഷ്പഗിരി ഇടവകാഗവും കുന്നത്ത് ചാരിറ്റബിൾ ട്രസ്റ്റിന്റെ ഡയറക്ടറുമായ കുന്നത്ത് ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ അച്ചനെ സന്ദർശിക്കുകയും അതിരൂപതാദിനത്തോടനുബന്ധിച്ചു നൽകുന്ന എക്സലെൻസ് അവാർഡ് നൽകി സംസാരിക്കുകയും ചെയ്തു. അതിനുശേഷം അതിരൂപതാകേന്ദ്രത്തിൽ അതിരൂപതാ ദിനത്തോടനുബന്ധിച്ചുള്ള എക്സലൻസ് അവാർഡിന് അർഹരായവർക്ക് അവാർഡ് നൽകി സംസാരിച്ചു. ഉച്ചകഴിഞ്ഞ് ചങ്ങനാശേരി അതിരൂപത ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ആഭിമുഖ്യത്തിൽ യൂണിറ്റുകളിൽ വിതരണത്തിനായി സമാഹരിച്ച പൾസ് ഓക്സിമീറ്ററുകളുടെ വിതരണോദ്ഘാടനം നടത്തി. വൈകുന്നേരം കോട്ടയം ഫൊറോന കൗൺസിൽ മീറ്റിങ്ങിൽ ഓൺലൈനായി പങ്കെടുത്തു മാർഗ്ഗനിർദേശങ്ങൾ നൽകി.

11 രാവിലെ അതിരൂപതാകേന്ദ്രത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. കുറുമ്പനാടം അസംപ്ഷൻ ഇടവകയിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ എപ്പിസ്കോപ്പൽ സുവർണ്ണജൂബിലിയോടനുബന്ധിച്ചു പണിത ഭവനം ആശീർവദിച്ച് സംസാരിക്കുകയും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന അസംപ്ഷൻ ഇടവകാംഗമായ സോജിയെ ആദരിക്കുകയും ചെയ്തു. അതിനുശേഷം കുറുമ്പനാടം ജീവോദയ എഫ്.സി.സി. സന്യാസഭവനം സന്ദർശിക്കുകയും അവരുമായി സംസാരിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് മാർത്തോമ വിദ്യാനികേതന്റെ പുതിയ അക്കാദമിക് ഇയർ ഓൺലൈനായി ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. വൈകുന്നേരം തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത ആർച്ചുബിഷപ് മാർ ജോർജ് ഞരളക്കാട്ട് പിതാവിനെ അതിരൂപതാകേന്ദ്രത്തിൽ സ്വീകരിക്കുകയും അദ്ദേഹത്തെ കണ്ടു സംസാരിക്കുകയും ചെയ്തു. അതിനുശേഷം കുറിച്ചി സെന്റ് മേരീസ് ഇടവകയിൽ മനസമ്മതത്തിനു കാർമ്മികത്വം വഹിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

12 രാവിലെ അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് കോട്ടയത്തുവെച്ച് ചങ്ങനാശേരി അതിരൂപത ചാസിന്റെ ഖാദി മേളയുടെ ഉദ്ഘാടനകർമ്മം നിർവഹിക്കുകയും ആശംസകൾ അറിയിച്ചു സംസാരിക്കുകയും ചെയ്തു. വൈകുന്നേരം അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവിനെ ആദരിച്ചുകൊണ്ടുള്ള വെബിനാർ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയും അതിൽ പങ്കെടുക്കുകയും ചെയ്തു.

13 ഉച്ചകഴിഞ്ഞ് നിർമ്മാണത്തിൽ ആയിരിക്കുന്ന പന്തളം ദനഹാ ദൈവാലയം സന്ദർശിച്ചു. അതിനെതുടർന്നു അടൂർ മാർ സ്ലീവാ ദൈവാലയം സന്ദർശിച്ചു. വൈകുന്നേരം നിർമ്മാണത്തിലിരിക്കുന്ന ചെങ്ങന്നൂർ മേരി മാതാ ദൈവാലയം സന്ദർശിച്ചു. അതിനുശേഷം ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ഇടവകാഗം മുളയ്ക്കൽ സാലിമ്മ ഡൊമിനിക്കിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വൈകുന്നേരം അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ ബഹുമാനാർത്ഥം നടത്തപ്പെടുന്ന വെബിനാറിൽ പങ്കെടുത്തു.

14 രാവിലെ ബാംഗ്ലൂർ സെന്റ് തോമസ് ദൈവാലയത്തിൽ വച്ചു വിവാഹം ആശീർവദിച്ചു സന്ദേശം നൽകി. വൈകുന്നേരം അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ ബഹുമാനാർത്ഥം നടത്തപ്പെടുന്ന വെബിനാറിൽ പങ്കെടുത്തു.

15 രാവിലെ ഇരവുചിറ ഇടവകയിൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ, നിർമ്മിച്ച വീട് ആശീർവദിച്ചു സംസാരിച്ചു. അതിനുശേഷം നിർമ്മിക്കാനൊരുങ്ങുന്ന പുതിയ ഭവനത്തിന് കല്ലിടീൽ കർമ്മം നടത്തി. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ ബഹുമാനാർത്ഥം നടത്തപ്പെടുന്ന വെബിനാറിൽ പങ്കെടുത്തു.

16 രാവിലെ ചങ്ങനാശേരി അതിരൂപത ചാസിന്റെ നേതൃത്വത്തിൽ നഗരവഴി യോര കാർഷികവിപണിയുടെ ഉദ്ഘാടന ചടങ്ങിൽ അധ്യക്ഷപ്രസംഗം നടത്തി. ചങ്ങനാശേരി എസ്.ബി. കോളേജിലെ പുതിയ ബ്ലോക്കുകളുടെ നിർമ്മാണവുമായി ബന്ധപ്പെടുത്തികൊണ്ടുള്ള മീറ്റിംഗിൽ പങ്കെടുത്തു മാർഗ്ഗനിർദേശങ്ങൾ നൽകി. വൈകുന്നേരം അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ ബഹുമാനാർത്ഥം നടത്തപ്പെടുന്ന വെബിനാറിൽ പങ്കെടുത്തു.

17 രാവിലെ എഡിറ്റേഴ്സ് ലൈവ് എന്ന ഓൺലൈൻ ചാനൽ കുട്ടനാടിന്റെ പ്രതി സന്ധിയെക്കുറിച്ചു നടത്തിയ അഭിമുഖത്തിൽ പങ്കെടുത്ത് സംസാരിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാംഗങ്ങളായ അൽമായ വചനപ്രഘോഷകരുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്ത് മാർഗ്ഗനിർദേശങ്ങൾ നൽകി സംസാരിച്ചു. വൈകുന്നേരം അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ ബഹുമാനാ ർത്ഥം നടത്തപ്പെടുന്ന വെബിനാറിൽ പങ്കെടുത്തു.

18 രാവിലെ ചങ്ങനാശേരി എഫ്.സി.സി. ദേവമാതാ പ്രൊവിൻഷ്യൽ ഹൗസിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. അതിനുശേഷം പഠനത്തിലായിരിക്കുന്ന സിസ്റ്റേഴ്സിനെ കണ്ടു അവർക്ക് വേണ്ട മാർഗനിർദേശങ്ങൾ നൽകി. അതിനുശേഷം കൂത്രപ്പള്ളി എസ്.എ.ബി. എസ്. സഭാംഗമായ സിസ്റ്റർ ലില്ലിസാമ്മയുടെ മൃതസംസ്കാര ശുശ്രൂഷയിലെ ഒന്നാം ഭാഗത്തെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് ചങ്ങനാ ശേരി അതിരൂപത ഗായകസംഘത്തിന്റെ മീറ്റിംഗിൽ (Liturgical Music) ഓൺലൈനായി സംബന്ധിച്ച് അധ്യക്ഷ പ്രസംഗം നടത്തുകയും അവർക്കു വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. വൈകുന്നേരം അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ ബഹുമാനാർത്ഥം നടത്തപ്പെടുന്ന വെബിനാറിൽ പങ്കെടുത്തു.

19 രാവിലെ ഗുഡ്നെസ്സ് ടിവിയിൽ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാ ളിനോടനുബന്ധിച്ചുള്ള വിശുദ്ധ അൽഫോൻസാമ്മയുടെ ജീവിതവുമായി ബന്ധപ്പെടുത്തി സന്ദേശവും വചനവിചിന്തനവും നൽകി. അതിനുശേഷം പങ്ങട തിരുഹൃദയ ഇടവകാംഗമായ കമ്പിയിൽ ബഹുമാനപ്പെട്ട തോമസ് അച്ചന്റെ മാതാവ് അന്നമ്മ തോമസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചകഴിഞ്ഞ് സീറോമലബാർ ലിറ്റർജി കമ്മീഷൻ മീറ്റിംഗിൽ ഓൺലൈനായി പങ്കെടുത്തു സംസാരിച്ചു. വൈകുന്നേരം അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ ബഹുമാനാർത്ഥം നടത്തപ്പെടുന്ന വെബിനാറിൽ പങ്കെടുത്തു.

20 രാവിലെ ചങ്ങനാശേരി അതിരൂപത പ്രസ്ബിറ്ററൽ കൗൺസിലിൽ സംബന്ധിച്ചു മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. ഉച്ചകഴിഞ്ഞ് സി.എം.ഐ. സമൂഹാംഗവും ദീർഘനാൾ ഇരവിനെല്ലൂർ ഇടവക വികാരിയുമായിരുന്ന കടുകുന്നേൽ ബഹു മാനപ്പെട്ട ജോസഫ് അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് കാർമികത്വം വഹിച്ചു. വൈകുന്നേരം അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ ബഹുമാനാർത്ഥം നടത്തപ്പെടുന്ന വെബിനറിൽ പങ്കെടുത്തു.

21 ഉച്ചയ്ക്ക് കാഞ്ഞിരപ്പള്ളി രൂപതാംഗമായ നിരപ്പേൽ ബഹുമാനപ്പെട്ട തോമസച്ചന്റെ മൃതസംസ്കാരശുശ്രൂഷയിലെ ഭവനത്തിലെ തിരുകർമ്മങ്ങൾക്കു കാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് ഭാരത കത്തോലിക്കാ എക്യൂമെനിക്കൽ കമ്മീഷന്റെ നേതൃത്വത്തിലുള്ള എക്യുമെനിക്കൽ മീറ്റിംഗിൽ ഓൺലൈനായി പങ്കെടുത്തു അധ്യക്ഷത വഹിക്കുകയും വിഷയാവതരണം നടത്തുകയും ചെയ്തു.

22 രാവിലെ ചങ്ങനാശേരി അതിരൂപത സെന്റ് ജോസഫ് പ്രസ്സിന്റെ പുതിയ ലേസർ പ്രിന്റിംഗ് മെഷീൻ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു സംസാരിച്ചു. അതിരൂപതകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. അതിനുശേഷം രാമങ്കരി ഇടവകാംഗമായ കൊച്ചുവീട് തോമസിന്റെ മൃതദ്ദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചയ്ക്ക് ലൂർദ്ദ് മാതാ എൻജിനീയറിങ് കോളജ് എക്സിക്യൂട്ടീവ് മീറ്റിങ്ങിൽ പങ്കെടുത്ത് അദ്ധ്യക്ഷപദവി അലങ്കരിച്ചു.. വൈകുന്നേരം പഞ്ചവത്സര അജപാലനപദ്ധതി നാലാം വർഷത്തെ പഠനവിഷയമായ ദൈവാരാധനയുടെ പ്രായോഗിക പരിശീലനത്തിന്റെ ഭാഗമായി ആലപ്പുഴ, അതിരമ്പുഴ ഫൊറോനകളിലെ ബഹുമാനപ്പെട്ട വൈദികർ, സമർപ്പിതർ, സംഘടനാ ഭാരവാഹികൾ, ഗായകസംഘം, ദൈവാലയ ശുശ്രൂഷി, മദ്ബഹാ ശുശ്രൂഷികൾ എന്നിവരുടെ സംയുക്ത ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു ആമുഖ പ്രസംഗം നടത്തി മാർഗ്ഗനിർദ്ദേശങ്ങൾ നൽകി.

23 രാവിലെ ചങ്ങനാശേരി അതിരൂപത ഫിനാൻസ് കൗൺസിലിൽ സംബന്ധിച്ചു. ഉച്ചകഴിഞ്ഞ് എസ്.ബി. കോളേജിൽ പുതുതായി നിയമിതരായിരിക്കുന്ന അധ്യാപകരെ അതിരൂപതാകേന്ദ്രത്തിൽ സ്വീകരിച്ച് അവരുമായി സംസാരിച്ചു. അതിനെത്തുടർന്ന് ചങ്ങനാശേരി അതിരൂപതാ ചാസിന്റെ എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു സംസാരിക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. വൈകുന്നേരം പഞ്ചവത്സര അജപാലനപദ്ധതി നാലാം വർഷത്തെ പഠനവിഷയമായ ദൈവാരാധനയുടെ പ്രായോഗിക പരിശീലനത്തിന്റെ ഭാഗമായി ചമ്പക്കുളം, പുളിങ്കുന്ന്, എടത്വാ ഫൊറോനകളുടെ സംയുക്ത ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു അധ്യക്ഷ പ്രസംഗം നടത്തി മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. അതിനെത്തുടർന്ന് ചങ്ങനാശേരി അതിരൂപതാ പ്രവാസി അപ്പോസ്തലേറ്റിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് നടത്തപ്പെട്ട *സമാഗമം 2021* എന്ന ഓൺലൈൻ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

## മാർ തോമസ് തറയിൽ

**ജൂൺ 2021**

28 ഫാത്തിമാപുരം ഫാത്തിമാമാതാ ഇടവകാംഗം കളപ്പുരയ്ക്കൽ മാത്യു ജോണിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. അതിരൂപ താകേന്ദ്രത്തിൽവച്ച് നടത്തിയ പ്രീസ്റ്റ് പ്രൊവിഡന്റ് ഫണ്ട് എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു. കുറ്റിച്ചൽ ലൂർദ്ദ് മാതാ കോളേജ് ഓഫ് സയൻസ് ആന്റ് ടെക്നോളജിയുടെ ഓൺലൈൻ എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംബ ന്ധിച്ചു. ബിജ്നോർ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ *To Hear, To Hold and To Heal: A Webinar to Equip Mentors to Proclaim the Gospel of Love Through Counseling* എന്ന വിഷയത്തെ അടിസ്ഥാനമാക്കി നടത്തിയ ഓൺലൈൻ മീറ്റിംഗിൽ സംസാരിച്ചു. സീറോമലബാർ സഭ മത ബോധന കമ്മീഷന്റെ ആഭിമുഖ്യത്തിൽ മതാദ്ധ്യാപകർക്കായി ഓൺലൈനി ലൂടെ സംഘടിപ്പിച്ച Basic Course for Catechists ട്രെയിനിംഗ് പ്രോഗ്രാമിൽ ക്ലാസെടുത്തു.

29 പുതുക്കരി സെന്റ് സേവ്യേഴ്സ് ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരി കർമ്മം ചെയ്തു. കായൽപ്പുറം സെന്റ് ജോസഫ് ഇടവകാംഗം പരേതനായ കൊടിയന്തറ ബഹുമാനപ്പെട്ട ഫിലിപ്പ് അച്ചന്റെ മാതാവ് ത്രേസ്യാമ്മ വർഗീ സിന്റെ മൃതസംസ്കാരശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. TAASC- ന്റെ ഓൺലൈൻ എക്സിക്യൂട്ടീവ് മീറ്റിം ഗിൽ പങ്കെടുത്തു. സീറോമലബാർ സഭ പബ്ലിക് അഫയേഴ്സ് കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

30 കാഞ്ഞിരപ്പള്ളി രൂപത ആനിക്കാട് സെന്റ് മേരീസ് ഇടവകാംഗമായ മുണ്ടി യാനിക്കൽ റോസമ്മ തോമസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. സീറോമലബാർ സഭയിലെ മെത്രാന്മാരുടെ ഓൺലൈൻ മാസധ്യാനത്തിൽ സംബന്ധിച്ചു. ഫാത്തിമാപുരം എസ്.എച്ച്. സ്കൂളിലെ കൗൺസിലിംഗ് സെന്ററിന്റെ ഉദ്ഘാടനം ഓൺലൈനായി നിർവ്വഹിച്ചു.

**ജൂലൈ 2021**

01 ചങ്ങനാശേരി ഒബ്ലേറ്റ് മിഷനറീസ് ഓഫ് മേരി ഇമ്മാക്കുലേറ്റ് സന്യാസിനി സമൂഹത്തിന്റെ കോൺവെന്റിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ജസ്റ്റീസ് ജെ.ബി. കോശി കമ്മീഷനിലേക്ക് നിവേദനം അയയ്ക്കുന്നതിനായുള്ള പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തുന്നതിനും ആശയങ്ങൾ പങ്കുവയ് ക്കുന്നതിനുമായി ചങ്ങനാശേരി അതിരൂപത ഫൊറോനാ വികാരിമാർക്കായി നടത്തിയ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

02 ഇത്തിത്താനം സെന്റ് ജോസഫ് പ്രീസ്റ്റ് ഹോമിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ചങ്ങനാശേരി അതിരൂപത പ്രവാസി അപ്പോസ്തലേറ്റിന്റെ ആഭി മുഖ്യത്തിൽ ഒമാനിലെ വിശ്വാസികൾക്കായി ഓൺലൈനിലൂടെ നടത്തിയ ദുക്റാന തിരുനാളാഘോഷം ഉദ്ഘാടനം ചെയ്തു. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ പുതിയതായി ആരംഭിച്ച അലൈഡ് നേഴ്സിങ്

കോളേജിന്റെ ബി.എസ്.സി. ലാബ് വെഞ്ചരിച്ചു. നിരണം മാർ തോമാശ്ലീഹ തീർത്ഥാടനകേന്ദ്രത്തിൽ ദുക്റാന തിരുനാളിനോടനുബന്ധിച്ച് ആഘോഷമായ റംശാ പ്രാർത്ഥനയ്ക്കു കാർമ്മികത്വംവഹിച്ചു.

03 കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ ദുക്റാന തിരുനാൾ ദിവസം ആഘോഷമായ റാസ കുർബാന അർപ്പിച്ചു വചനസന്ദേശം നൽകി. അതിരൂപതാകേന്ദ്രത്തിൽ നടത്തിയ ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിന്റെ സബ് സെന്റർ, മണിമല സെന്റ് തോമസ് ഹെൽത്ത് സെന്ററിന്റെ ഓൺലൈൻ ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുത്തു. തിരുവനന്തപുരം ഫൊറോന മാതൃ-പിതൃവേദിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ഓൺലൈൻ സഭാദിനാഘോഷത്തിൽ മുഖ്യപ്രഭാഷണം നടത്തി. അതിരൂപതാകേന്ദ്രത്തിൽ നടത്തിയ നാമഹേതുക തിരുനാളാഘോഷങ്ങളിൽ പങ്കുചേർന്നു. അഭിവന്ദ്യ തോമസ് തറയിൽ പിതാവിന്റെ രചനാസമാഹരങ്ങളുടെ ഏറ്റവും നവീനസൃഷ്ടിയായ *'പൊട്ടിച്ചിരികളുടെ കുടുംബം'* എന്ന പുസ്തകത്തിന്റെ പ്രകാശനകർമ്മത്തിൽ പങ്കെടുത്തു.

04 പാലമറ്റം ബേസ് തോമ ദയറയിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. അതിരൂപതാകേന്ദ്രത്തിൽ നടത്തിയ ഐ.സി. ചാക്കോ അവാർഡ് കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തു. സീറോമലബാർസഭ പബ്ലിക് അഫയേഴ്സ് കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

05 മുണ്ടുപാലം സെന്റ് മേരീസ് ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരികർമ്മം ചെയ്തു. തുരുത്തി മർത്ത് മറിയം ഫൊറോന ഇടവകാംഗമായ നേര്യംപറമ്പിൽ തോമസ് ജോണിന്റെ മൃതസംസ്കാരശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വംവഹിച്ചു.

07 പൊടിപ്പാറ തിരുക്കുടുംബ ഇടവകാംഗവും പരേതനായ എരുമച്ചാടത്ത് ബഹുമാനപ്പെട്ട ജോസഫ് അച്ചന്റെ സഹോദരിയുമായ പതാരംചിറയിൽ റോസമ്മ ജോയിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്കാ ദൈവാലയത്തിൽ ചങ്ങനാശേരി അതിരൂപത എ.കെ.സി.സി. യുടെ ആഭിമുഖ്യത്തിൽ നടത്തിയ കാരുണ്യ സഹായനിധി ഏറ്റുവാങ്ങലും അതിരൂപതാതല വിതരണോദ്ഘാടനവും നിർവ്വഹിച്ചു.

08 ചങ്ങനാശേരി എസ്.എച്ച്. സ്റ്റഡി ഹൗസിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. അതിരൂപതാകേന്ദ്രത്തിൽ നടത്തിയ പുന്നപ്ര ദനഹാലയ ഫോർമേഷൻ ആൻഡ് കൗൺസിലിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബോർഡ് മീറ്റിംഗിൽ സംബന്ധിച്ചു. ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ ഓൺലൈനായി നടത്തിയ Monthly Meet 'Kairos' ൽ പങ്കെടുത്ത് സന്ദേശം നൽകി.

09 നെടുംകുന്നം അഡോറേഷൻ ക്ലോയിസ്റ്റർ കോൺവെന്റിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. കുറുമ്പനാടം സെന്റ് പീറ്റേഴ്സ് ഫൊറോന ഇടവകാംഗം പടിയത്ത് ത്രേസ്യാക്കുട്ടി ചാക്കോയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. നീലൂർ സെന്റ് സേവ്യേഴ്സ് ഇടവകാംഗവും എം.എസ്.റ്റി. സഭാംഗവുമായ കരിമ്പനയ്ക്കൽ ബഹുമാനപ്പെട്ട മാനുവൽ അച്ചന്റെ

മാതാവ് മോനിക്കുട്ടിയുടെ മൃതസംസ്കാരശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വംവഹിച്ചു. താമരശ്ശേരി എസ്.എച്ച്. സാന്തോം പ്രോവിൻസിലെ സന്യാസിനീസമൂഹാംഗങ്ങൾക്ക് ഓൺലൈനായി ക്ലാസെടുത്തു.

10 ചങ്ങനാശേരി അതിരൂപത കെ.സി.എസ്.എൽ. ന്റെ പ്രവർത്തനവർഷ ഉദ്ഘാടനം ഓൺലൈനിലൂടെ നിർവ്വഹിച്ചു. അതിരൂപതാകേന്ദ്രത്തിൽവച്ച് അതിരൂപതാദിനത്തിൽ ആദരിച്ചവർക്കുള്ള മെമന്റോകൾ വിതരണം ചെയ്യുന്ന മീറ്റിംഗിൽ പങ്കെടുത്തു.

11. ചേന്നംകരി ലൂർദ്ദ് മാതാ ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. ചെത്തിപ്പുഴ തിരുഹൃദയ ഇടവകാംഗം ആലുംമൂട്ടിൽ ജോഷിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. കാഞ്ഞിരപ്പള്ളി രൂപത മേരികുളം ഇടവക എസ്.എം.വൈ.എം. ന്റെ ആഭിമുഖ്യത്തിൽ നടത്തിയ *'നേരറിവ്'* എന്ന വെബിനാറിൽ ആത്മീയതയുടെ മന:ശാസ്ത്രം എന്ന വിഷയത്തെപ്പറ്റി സംസാരിച്ചു. ഒ.ഐ.സി. പ്രൊവിൻഷ്യൽ സിനാക്സിസിൽ പങ്കെടുത്തു.

12 വെരൂർ സെന്റ് ജോസഫ് ദൈവാലയത്തിൽ മാമ്മോദീസാ-സ്ഥൈര്യലേപനം എന്നീ കൂദാശകൾ പരികർമ്മം ചെയ്തു. ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോമിൽ പൗരോഹിത്യസ്വീകരണത്തിന്റെ അമ്പതാം വാർഷികം ആഘോഷിക്കുന്ന ബഹുമാനപ്പെട്ട വൈദികരുടെയും സന്യാസജീവിതത്തിന്റെ ഇരുപത്തിയഞ്ചും അമ്പതും വാർഷികം ആഘോഷിക്കുന്ന എഫ്.സി.സി. സന്യാസിനിസമൂഹത്തിലെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെയും ജൂബിലി ആഘോഷത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു വചനസന്ദേശം നൽകി. ചങ്ങനാശേരി എഫ്.സി.സി. സന്യാസിനിസമൂഹത്തിന്റെ അസ്സീസി ഭവൻ കോൺവെന്റ് ചാപ്പൽ വെഞ്ചരിച്ചു. ചങ്ങനാശേരി അതിരൂപത അഭിവന്ദ്യ ജോസഫ് പവ്വത്തിൽ പിതാവിന്റെ മെത്രാഭിഷേകസുവർണജൂബിലിയോടനുബന്ധിച്ച് നടത്തിയ International Webinar ൽ പങ്കെടുത്തു.

13 കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമനയിൽ മലങ്കര ഓർത്തഡോക്സ് സിറിയൻ സഭയുടെ പരമാധ്യക്ഷൻ കാലം ചെയ്ത പരിശുദ്ധ ബസേലിയൂസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവായുടെ മൃതദേഹത്തിങ്കൽ പ്രാർത്ഥിച്ചു. പാറേൽ സെന്റ് മേരീസ് ഇടവകാംഗമായ കുളപ്പുറമ്പിൽ തോമസ് ജോർജ്ജിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

14 ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ഇടവകാംഗമായ മറ്റം കറുകക്കളത്തിലായ മുളയ്ക്കൽ സാലിമ്മ ഡൊമിനിക്കിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. പുന്നപ്ര ദനഹാലയയിൽ ക്ലാസെടുത്തു.

15 കൂത്രപ്പള്ളി എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ പരേതനായ തേവാരിൽ ബഹുമാനപ്പെട്ട ജോസഫ് അച്ചന്റെ സഹോദരി ബഹുമാനപ്പെട്ട സിസ്റ്റർ വെർജിൻ മേരി എസ്.എ.ബി.എസ്. ന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ ദൈവാലയത്തിലെ ഒന്നാംഭാഗ കർമ്മങ്ങൾക്ക് കാർമ്മികത്വംവഹിച്ചു. പുന്നപ്ര ദനഹാലയയിൽ ക്ലാസെടുത്തു. ചങ്ങനാശേരിയിലെ ചാസ് ഷോറൂ

മിൽ ഓണം-ബക്രീദ് ഖാദി ഫെസ്റ്റ് 2021 ഉദ്ഘാടന മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ രൂപതാംഗങ്ങളായ വൈദികരെ സന്ദർശിച്ചു.

16 ചങ്ങനാശേരി സി.എം.സി. കോൺവെന്റിൽ കർമ്മലമാതാവിന്റെ തിരുനാൾ ദിവസം പരിശുദ്ധ കുർബാന അർപ്പിച്ചു. ഷംഷാബാദ് രൂപതയിലെ ഇറ്റാവാ-ജയ്പൂർ റീജിയണിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ഓൺലൈൻ ബൈബിൾ കൺവെൻഷൻ 'വചന മന്നാ' യിൽ വചനം പങ്കുവയ്ച്ചു.

17 തിരുവനന്തപുരം എസ്.എ.ബി.എസ്. സന്യാസിനിസമൂഹത്തിന്റെ നിർമ്മല ഭവൻ കോൺവെന്റ് ചാപ്പൽ വെഞ്ചെരിച്ച് പരിശുദ്ധ കുർബാന അർപ്പിച്ചു. മാനന്തവാടി രൂപത കെ.സി.വൈ.എം ന്റെ നേതൃത്വത്തിൽ പെൺകുട്ടികൾക്കായി *'കരുത്താർന്ന പെൺജീവിതം; വെല്ലുവിളികളും സാധ്യതകളും'* എന്ന വിഷയത്തെ അടിസ്ഥാനമാക്കി നടത്തിയ വെബിനാറിൽ സംസാരിച്ചു. പാങ്ങോട് കാർമ്മൽ ഹിൽ ആശ്രമത്തിൽ കർമ്മലമാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് ആഘോഷമായ പരിശുദ്ധ കുർബാന അർപ്പിച്ചു വചന സന്ദേശം നൽകി.

18 ആറ്റിങ്ങൽ സെന്റ് ജൂഡ് ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. മാനന്തവാടി രൂപത കെ.സി.വൈ.എം ന്റെ നേതൃത്വത്തിൽ പെൺകുട്ടികൾക്കായി *'കരുത്താർന്ന പെൺജീവിതം; വെല്ലുവിളികളും സാധ്യതകളും'* എന്ന വിഷയത്തെ അടിസ്ഥാനമാക്കി നടത്തിയ വെബിനാറിന്റെ രണ്ടാം ഭാഗത്തു സംസാരിച്ചു. ചങ്ങനാശേരി അതിരൂപത യുവദീപ്തി എസ്.എം.വൈ.എം ന്റെ ആഭിമുഖ്യത്തിൽ നടത്തിയ ഓൺലൈൻ യുവജനദിനാഘോഷം 'KOINOS 2021' ന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

19 കൈനടി എ.ജെ. ജോൺ മെമ്മോറിയൽ സ്കൂളിന്റെ ശതാബ്ദി സ്മാരക മന്ദിരത്തിന് തറക്കല്ലിടീൽ കർമ്മം നിർവ്വഹിക്കുകയും തുടർന്നുള്ള മീറ്റിംഗിൽ ആശംസകൾ അറിയിക്കുകയും ചെയ്തു. കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ ക്ലാസെടുത്തു. പങ്ങട തിരുഹൃദയ ഇടവകാംഗമായ കമ്പിയിൽ ബഹു. തോമസ് അച്ചന്റെ മാതാവ് അന്നമ്മ തോമസിന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ ദൈവാലയത്തിലെയും സിമിത്തേരിയിലെയും കർമ്മങ്ങൾക്ക് കാർമ്മികത്വംവഹിച്ചു. സീറോമലബാർ സഭ പബ്ലിക് അഫയേഴ്സ് കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

20 ചങ്ങനാശേരി അതിരൂപതയുടെ ഓൺലൈൻ പ്രസ്ബിറ്ററൽ കൗൺസിലിൽ പങ്കെടുത്തു. കോതമംഗലം രൂപത ചെറുപുഷ്പ മിഷൻലീഗിന്റെ നേതൃത്വത്തിൽ 'സഭയുടെ ഭാവി കുട്ടികളിൽ' എന്ന വിഷയത്തെ അധികരിച്ചു നടത്തിയ വെബിനാറിൽ സംസാരിച്ചു. പൊങ്ങുംമൂട് വിശുദ്ധ അൽഫോൻസാ ഇടവകാംഗമായ പടയാറ്റിൽ പി.പി. ജോസഫിന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വംവഹിച്ചു. ചങ്ങനാശേരി അതിരൂപത അഭിവന്ദ്യ ജോസഫ് പവ്വത്തിൽ പിതാവിന്റെ മെത്രാഭിഷേക സുവർണജൂബിലിയോടനുബന്ധിച്ച് നടത്തിയ International Webinar on the Theology of Pope Benedict XVI ന്റെ സമാപന മീറ്റിംഗിൽ അദ്ധ്യക്ഷപ്രസംഗം നടത്തി.

21 മുഹമ്മ സെന്റ് ജോർജ്ജ് ദൈവാലയത്തിൽ വിവാഹം ആശീർവ്വദിച്ചു. അതിരൂപതാകേന്ദ്രത്തിൽവച്ച് നടത്തിയ അക്കൗണ്ടിംഗ് സോഫ്റ്റ്വെയറിനെപ്പറ്റിയുള്ള മീറ്റിംഗിൽ പങ്കെടുത്തു. നിരണം മാർത്തോമ്മാശ്ലീഹാ തീർത്ഥാടനകേന്ദ്രത്തിൽ വൈദികവിദ്യാർത്ഥികൾക്ക് ക്ലാസെടുത്തു.

22 ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്കാ ദൈവാലയത്തിൽ പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു. പുന്നപ്ര ദനഹാലയിൽ ക്ലാസെടുത്തു. കുറ്റിച്ചൽ ലൂർദ്ദ് മാതാ കോളേജ് ഓഫ് സയൻസ് ആന്റ് ടെക്നോളജിയുടെ ഓൺലൈൻ എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു.

23 തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരികർമ്മം ചെയ്തു. അതിരൂപതാകേന്ദ്രത്തിൽ നടത്തിയ ഫിനാൻസ് കൗൺസിൽ മീറ്റിംഗിൽ പങ്കെടുത്തു. അതിരൂപതാകേന്ദ്രത്തിൽ നടത്തിയ ചാസിന്റെ ഡയറക്ടേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു. കുവൈറ്റ് ഹോളി ഫാമിലി കത്തീഡ്രൽ ഇടവകയും ഔർ ലേഡി ഓഫ് അറേബ്യ ഇടവകയും ചേർന്ന് *'വിശ്വാസപരിശീലനത്തിൽ മാതാപിതാക്കുള്ള പങ്ക്'* എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ വെബിനാറിൽ ക്ലാസെടുത്തു.

24 പാങ്ങോട് കാർമ്മൽ ഹിൽ ആശ്രമത്തിൽ വിവാഹം ആശീർവ്വദിച്ചു. വടവാതൂർ സെന്റ് തോമസ് ഇടവക എസ്.എം.വൈ.എം. ന്റെ നേതൃത്വത്തിൽ യുവജനങ്ങൾക്കായി നടത്തിയ ഓൺലൈൻ സംവാദം 'എലിസിയൻസ്' എന്ന പ്രോഗ്രാമിൽ *'കൊറോണ കാലഘട്ടവും യുവജനവിശ്വാസവും പ്രതിസന്ധികളും'* എന്ന വിഷയത്തെപ്പറ്റി സംവദിച്ചു.

25 വാവോട് തിരുഹൃദയ ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു വചനസന്ദേശം നൽകി.

26-30 ആലപ്പുഴ രൂപതയിലെ വൈദികർക്ക് വാർഷികധ്യാനം നയിച്ചു.

**VEDAPRACHARA MADHYASTAN VOL.94 No.02 August 2021**
Date of Publication : 31-07-2021
Registered No. RN-3149/1957
Postal Regn No. KL/CHC/74/2021-23
Licence No. KL/CR/CHC/WPP-2/2021-23
Licensed to Post Without Prepayment

Rs 25/-

Posted at Changanacherry sorting on the last day of every month



**എല്ലാവർക്കും പരിശുദ്ധ അമ്മയുടെ**
**സ്വർഗ്ഗാരോപണത്തിരുനാളിന്റെയും**
**ഭാരതാംബയുടെ സ്വാതന്ത്ര്യദിനത്തിന്റെയും**

# ആശംസകൾ....

Estd. 1928 Phone 2410101
Printed & Published by Fr Mathew Padinjarekuttu on behalf of Archbishop's House Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. Kerala - 686 101 from Archbishop's House, P.B. No. 20, Changanacherry, Kottayam Dist. Kerala - 686 101
Editor: Fr Issac Alencherry, Exe. Editor: Fr Jenny Kayamkulathusserry

E-mail: sjopresschry@gmail.com | Website: www.archdiocesechanganacherry.org